**പതിമൂന്നാം കേരള നിയമസഭ**
**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി II
# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

## പീരിയോഡിക്കൽ റിപ്പോർട്ട്
**(2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ളത്)**

# (PERIODICAL REPORT FROM 1ST APRIL 2013 TO 31ST MARCH 2014)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂലൈ 11-ാം തീയതി സമർപ്പിച്ചത്
(Presented on 11th July, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി II

# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

## (LAND REVENUE AND DEVASWOM)

**പീരിയോഡിക്കൽ റിപ്പോർട്ട്**
**(2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2013**
**TO 31ST MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business
in the Kerala Legislative Assembly]

959/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 20 |

## വിഷയനിർണ്ണയ സമിതി II

(ഭൂനികുതിയും ദേവസ്വവും)

(2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. പി. ബി. അബ്ദുൾ റസാക്

ശ്രീ. ബാബു എം. പാലിശ്ശേരി

ശ്രീ. സി. കെ. നാണു

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. പാലോട് രവി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുളള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 20 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 4 യോഗങ്ങൾ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായും 2 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട്, കരട് പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ പരിഗണിക്കുന്നതിനായും ഒരു യോഗം ബില്ലുകളുടെ പരിഗണനയ്ക്കായും 2 യോഗങ്ങൾ സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കിയിരുന്ന കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, എന്നിവയുടെ പരിഗണനയ്ക്കായും 2 യോഗങ്ങൾ 'ഭൂമികേരളം' പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും വേണ്ടിയായിരുന്നു. 'ഭൂമികേരളം' പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച പഠനത്തിന്റെ ഭാഗമായി 2013 ഡിസംബർ 1 മുതൽ 7 വരെ തീയതികളിൽ സമിതി സന്ദർശിച്ച കർണ്ണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഹരിയാന എന്നീ സംസ്ഥാനങ്ങളിലെ വിവിധ സ്ഥലങ്ങളിൽ ചേർന്നതാണ് മറ്റ് 9 യോഗങ്ങൾ. യോഗങ്ങളിലെ ശരാശരി ഹാജർനില 55% ആയിരുന്നു.

ഈ റിപ്പോർട്ട് 5 ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുളളത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെ സംബന്ധിക്കുന്ന വിവരങ്ങളും, രണ്ടാം ഭാഗത്തിൽ ചട്ടം 235(i) (iii) പ്രകാരം സമിതി പഠന വിധേയമാക്കിയ വിഷയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങളും സമിതിയുടെ മറ്റ് പ്രവർത്തനങ്ങളും ഉൾപ്പെടുത്തി യിരിക്കുന്നു. മൂന്നാം ഭാഗത്തിൽ സമിതി പരിഗണിച്ച ബില്ലുകളും, നാലാം ഭാഗത്തിൽ ചട്ടങ്ങളുടെ പരിശോധന സംബന്ധിച്ച വിവരങ്ങളും അഞ്ചാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു കളിലെയും സ്പെഷ്യൽ റിപ്പോർട്ടുകളിലെയും ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2014 ജൂലൈ 7-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

അടൂർ പ്രകാശ്,<br>
*ചെയർമാൻ,*<br>
*വിഷയനിർണ്ണയ സമിതി II.*

തിരുവനന്തപുരം,<br>
2014 ജൂലൈ 7.

# റിപ്പോർട്ട്

## ഭാഗം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2013 ജൂൺ 10-ന് സഭയിൽ സമർപ്പിച്ചു.

2. 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2013 ജൂൺ 19-ന് സഭയിൽ സമർപ്പിച്ചു.

3. 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2013 ജൂൺ 19-ന് സഭയിൽ സമർപ്പിച്ചു.

4. 2013-ലെ മദ്രാസ് ഹിന്ദുമതധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് 2013 ജൂൺ 24-ന് സഭയിൽ സമർപ്പിച്ചു.

5. 2013-ലെ തിരുവിതാംകൂർ കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് 2013 ജൂൺ 24-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം II

## ചട്ടം 235(1)(iii) പ്രകാരമുള്ള വിഷയങ്ങൾ

1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം, കേന്ദ്രാവിഷ്ക്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിൽ (എൻ.എൽ..ആർ.എം.പി.) അധിഷ്ഠിതമായി റീസർവ്വെ നടപടികൾ ത്വരിതഗതിയിലാക്കുന്നതിന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ള 'ഭൂമികേരളം പദ്ധതി' പഠനവിധേയമാക്കുന്നതിന്, സമിതി തീരുമാനിക്കുകയും 7-1-2013-ൽ ചേർന്ന യോഗത്തിൽ വച്ച് ഭൂമികേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, നടത്തിപ്പ്, പ്രവർത്തനപുരോഗതി എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ എൻ.എൽ.ആർ.എം.പി. വിജയകരമായി പൂർത്തിയാക്കിയ ആന്ധ്രാപ്രദേശ്, കർണ്ണാടക, ഗുജറാത്ത്, ഹരിയാന എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2013 ഡിസംബർ 1 മുതൽ 7 വരെ തീയതികളിൽ സമിതി പ്രസ്തുത സംസ്ഥാനങ്ങളിൽ സന്ദർശനം നടത്തുകയും അവിടത്തെ റവന്യൂ മന്ത്രിമാർ, ഉദ്യോഗസ്ഥർ, എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. തുടർന്ന് 11-12-2013-ൽ തിരുവനന്തപുരത്ത് സർവ്വേ ഡയറക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകന യോഗത്തിൽ ഭൂമികേരളം പദ്ധതി സംബന്ധിച്ച് സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. ഭൂമികേരളം പദ്ധതി സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചിട്ടുണ്ട്.

959/2014.

## ഭാഗം III

### ബില്ലുകളുടെ പരിഗണന

1. 2013 ജൂൺ 11-ന് നിയമസഭ, സബ്ജക്ട് കമ്മിറ്റി II (ഭൂനികുതിയും ദേവസ്വവും)-ന്റെ പരിഗണനയ്ക്കയച്ച 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ 20-6-2013-ന് ചേർന്ന യോഗം പരിഗണിക്കുകയും ഖണ്ഡം 4-ൽ ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സമിതി റിപ്പോർട്ട് 24-6-2013-ന് സഭയിൽ സമർപ്പിച്ചു.

2. 2013 ജൂൺ 11-ന് നിയമസഭ, സബ്ജക്ട് കമ്മിറ്റി II (ഭൂനികുതിയും ദേവസ്വും)ന്റെ പരിഗണനക്കയച്ച 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ 20-6-2013-ന് ചേർന്ന യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സമിതി റിപ്പോർട്ട് 24-6-2013-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം IV

### ചട്ടങ്ങളുടെ പരിഗണന

1. 1970-ലെ കേരള ലാന്റ് റിഫോംസ് (ടെനൻസി) ചട്ടങ്ങളിലെ ചട്ടം 137എ ഭേദഗതി ചെയ്യുന്നതിനുള്ള 2012-ലെ Kerala Land Reforms (Tenancy) Amendment Rules-ന്റെ കരട് 2013 ജൂൺ 11-ന് സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത കരട് ചട്ടങ്ങളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് അയച്ചുകൊടുത്തു.

2. കൃഷിയോഗ്യമായ വനഭൂമി പതിച്ചുകിട്ടുന്നതിന് അർഹത നേടുന്നതിനുള്ള കുടുംബ വാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനായി 1970-ലെ Arable Forest Land Assignment Rules-ൽ ഭേദഗതി വരുത്തുന്നതിനുള്ള 2012-ലെ ആരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് (ഭേദഗതി) ചട്ടങ്ങളുടെ കരട് 27-8-2013-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച റിപ്പോർട്ട് മുഖ്യമന്ത്രിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

3. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലും യഥാക്രമം ഭേദഗതി വരുത്തുന്നതിനുള്ള 2010-ലെ കേരള ഭൂമി പതിവ് (ഭേദഗതി) ചട്ടങ്ങൾ, 2011-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് (ഭേദഗതി) ചട്ടങ്ങൾ എന്നിവ 27-8-2013-ലെ സമിതി യോഗത്തിൽ പരിഗണനയ്ക്കെടുത്തു. പാട്ടത്തിന് കൊടുത്തിരിക്കുന്ന ഭൂമി, വിവിധ സ്ഥാപനങ്ങൾ തരേണ്ട കുടിശ്ശിക സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദമായ ലിസ്റ്റ്, 1964-നും 1995-നും ഇടയ്ക്ക് വന്നിട്ടുള്ള കുടിശ്ശിക,

1995-ന് ശേഷം വന്നിട്ടുള്ള കുടിശ്ശിക എന്നിവ സംബന്ധിച്ച വിശദവിവരം, ഈ വിഷയം സംബന്ധിച്ച അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം എന്നിവ ഉൾക്കൊള്ളുന്ന വിശദമായ മറുപടി സമിതിയ്ക്ക് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വിശദമായ റിപ്പോർട്ട് ലഭ്യമായശേഷം പ്രസ്തുത ഭേദഗതി ചട്ടങ്ങൾ പരിഗണനയ്ക്ക് എടുക്കാമെന്ന് തീരുമാനിച്ചു.

4. 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയയിലെ ഭൂമി പതിവ് ചട്ടങ്ങളിലെ 12(1) ചട്ടപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പുതിയ പാട്ടത്തിനായുള്ള 6-ാം നമ്പർ ഫോറം ഭേദഗതി ചെയ്തുകൊണ്ടുള്ള The Assignment of Land within Municipal and Corporation Areas (Amendment) Rules, 2011 (S.R.O. No. 379/2011) 11-6-2013-ലെ സമിതിയോഗം പരിഗണിക്കുകയും 6-ാം നമ്പർ ഫാറം അടിയന്തരമായി ഭേദഗതി വരുത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുന്ന മറുപടി സമിതിക്ക് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടുകൂടി സാധൂകരിക്കുകയും ചെയ്തു. പ്രസ്തുത കുറിപ്പ് വകുപ്പിൽ നിന്ന് ലഭ്യമാക്കുകയും അത് സമിതിയിൽ സമർപ്പിക്കുകയും സമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

5. 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിൽ സൗജന്യഭൂമി പതിവിനുള്ള വരുമാന പരിധി ഉയർത്തുന്നതിനുള്ള ഭേദഗതിയ്ക്കായുള്ള The Assignment of Land within Municipal and Corporation Areas(Amendment) Rules, 2013 (S.R.O. No. 65/2013), 11-6-2013-ലെ സമിതിയോഗം സാധൂകരിച്ചു.

## ഭാഗം V

## വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെയും സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെയും ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി

(സഭയിൽ സമർപ്പിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്തവ)

### 2006-2007 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശുപാർശ

ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ച ഭൂമി ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ചു നൽകുന്നതുവരെയുള്ള സംരക്ഷണ ചെലവ്, സർവ്വെ നടത്തുന്നതിനുള്ള ചെലവ് എന്നിവയ്ക്കാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ സർക്കാർ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ സർവ്വെ ജോലികൾ നടത്തുന്നതിനായി ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 3.50 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

3475-00-201-89—(1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ നിയന്ത്രണ ചെലവ്-നോൺ പ്ലാൻ) ശീർഷകത്തിൽ 1,000 രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതം. ടി ശീർഷകത്തിൽ 3.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തു. ഇതനുസരിച്ച് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ശുപാർശ സമർപ്പിച്ചുവെങ്കിലും പ്രസ്തുത സാമ്പത്തികവർഷം അധിക തുക ലഭിച്ചില്ല എന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

<u>ശുപാർശ</u>

കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 72, 80, 125(3) എന്നിവ അനുസരിച്ച് 26178 കേസ്സുകൾ തീർപ്പാക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി ഒരു സ്പെഷ്യൽ പ്ലീഡറെ നിയമിച്ച് ഈ കേസുകൾ സമയബന്ധിതമായി തീർപ്പാക്കി മിച്ചഭൂമി ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 72 ബി പ്രകാരം ലാന്റ് ട്രൈബ്യൂണിൽ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 12-7-2010-ലെ ജി.ഒ. (എം.എസ്.) നമ്പർ 280/10/ആർ.ഡി പ്രകാരം 31-7-2010 വരെ ആകെ 17 ലാന്റ് ട്രൈബ്യൂണലുകളിലായി 605 അപേക്ഷകളാണ് ലഭിച്ചിരിക്കുന്നത്.

കേരള ഭൂപരിഷ്കരണ നിയമം 72, 80,125(3) വകുപ്പുകൾ പ്രകാരമുള്ള കുടിയായ്മ, കുടികിടപ്പ് ഇവ രണ്ടും സംബന്ധിച്ച് തീരുമാനത്തിനായി കോടതി റഫർ ചെയ്യുന്ന കേസുകൾ എന്നിവ തീരുമാനിക്കുന്നത് ടി നിയമത്തിൽ 99-ാം വകുപ്പ് പ്രകാരം രൂപീകൃതമായിട്ടുള്ള ലാന്റ് ട്രിബ്യൂണൽ തഹസിൽദാരാണ്. ബഹുമാനപ്പെട്ട സമിതിയുടെ ശുപാർശ പ്രകാരം സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറെ നിയമിക്കണമെങ്കിൽ നിയമത്തിൽ ഭേദഗതി ആവശ്യമാണ്.

<u>തുടർ ശുപാർശ</u>

25-1-2011-ൽ മറുപടി പരിഗണിച്ച സമിതിയോഗം ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ എന്നും ഈ വിഷയത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

<u>സ്വീകരിച്ച നടപടി</u>

കേരള ഭൂപരിഷ്കരണ നിയമപ്രകാരം ജന്മിയും കുടിയാനും തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ വേണ്ടിയാണ് ലാന്റ് ട്രിബ്യൂണലുകൾ ഉണ്ടാക്കിയിട്ടുള്ളത്. ജന്മിയും കുടിയാനും തമ്മിലുള്ള കേസുകളാണ് ട്രിബ്യൂണലുകളിൽ കൈകാര്യം ചെയ്യുന്നത്.

അതുകൊണ്ടുതന്നെ ട്രിബ്യൂണലുകളിൽ സർക്കാർ ഭാഗം വാദിക്കേണ്ട ആവശ്യമില്ല. അതിനാൽ ഗവൺമെന്റ് പ്ലീഡർമാരുടെ നിയമനം കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടെന്ന് കാണുന്നില്ല. ഈ സാഹചര്യത്തിൽ ഗവൺമെന്റ് പ്ലീഡർമാരുടെ നിയമനം ആവശ്യമില്ലായെന്ന് അറിയിക്കുന്നു.

### തുടർ ശുപാർശ

11-7-2012-ൽ മറുപടി പരിഗണിച്ച സമിതി യോഗം ലാന്റ് ബോർഡ് മിച്ച ഭൂമിയായി പ്രഖ്യാപിച്ച് ഏറ്റെടുത്ത തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറം വില്ലേജിലെ ഏകദേശം 26 ഏക്കറോളം ഭൂമിയുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നിലവിലുള്ള കേസിന്റെ നിലവിലെ അവസ്ഥ സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിച്ചു.

### സ്വീകരിച്ച നടപടി

പള്ളിപ്പുറം വില്ലേജിലെ പരാമർശിത ഭൂമിയുടെ സർവ്വെ നമ്പരോ, മറ്റ് വിവരങ്ങളോ സൂചന പ്രകാരം ഉള്ള കത്തിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ടി ഭൂമി ഏതാണെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. പള്ളിപ്പുറം വില്ലേജിലെ കമ്പനി ഡിമെന്റിസിന്റെ 30 ഏക്കറോളം വരുന്ന മിച്ചഭൂമി തിരുവനന്തപുരം താലൂക്ക് ലാന്റ് ബോർഡിന്റെ 20-3-1994 178/73/TLB/TVM-ലെ ഉത്തരവ് പ്രകാരം 30-5-1994-ൽ ഏറ്റെടുത്തിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെ കക്ഷികൾ ഹൈക്കോടതിയിൽ പോകുകയും WP(C) 898/07-ാം നമ്പർ കേസിൽ ഉണ്ടായ വിധിയിൽ 4 മാസത്തിനകം തീർപ്പാക്കാൻ ഉത്തരവായിട്ടുള്ളതുമാണ്. ആയതിനാൽ 3-10-2009-ൽ ഇതേ എക്സ്റ്റന്റ് തന്നെ ഏറ്റെടുക്കാൻ തിരുവനന്തപുരം താലൂക്ക് ലാന്റ് ബോർഡിന്റെ 3-10-2009-ലെ A.178/73/TLB/TVM നമ്പർ ഉത്തരവായിട്ടുള്ളതും, ആയതിനെതിരെ കക്ഷികൾ WP(C) 30724/09-ാം നമ്പരായി കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുള്ളതും ആണ്. നിലവിൽ ടി കേസ് പെന്റിംഗ് ആണ്. എന്നാൽ ടി വസ്തു സംബന്ധിച്ച് സുപ്രീംകോടതിയിൽ നിലവിൽ കേസുകൾ ഒന്നും തന്നെയില്ല.

## 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

### ശുപാർശ

സംസ്ഥാനത്തിന്റെ മലയോര മേഖലകളായ പത്തനംതിട്ട, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ വനം വകുപ്പുമായി ചേർന്ന് ഭൂമിയുടെ ജോയിന്റ് വെരിഫിക്കേഷൻ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>
<u>(ഇടക്കാല റിപ്പോർട്ട്)</u>

ഇടുക്കി ജില്ലയിൽ 1-1-1997-ന് മുൻപുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് 5000 ഹെക്ടറിൽ സംയുക്ത പരിശോധന നടത്തുവാൻ കേന്ദ്രാനുമതി ഉണ്ടായിരുന്നതിൽ 3900 ഹെക്ടറിൽ സംയുക്ത പരിശോധന പൂർത്തിയാക്കി, ബാക്കിയുള്ള 1100 ഓളം ഹെക്ടറിലെ സംയുക്ത പരിശോധന നടപടികൾ തുടർന്നു വരുന്നുവെന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ റാന്നി, കോന്നി, ഫോറസ്റ്റ് ഡിവിഷനുകളിലായി യഥാക്രമം 1906.66 ഹെക്ടർ, 63.38 ഹെക്ടർ എന്നിങ്ങനെ ആകെ 1970.04 ഹെക്ടർ സ്ഥലമാണ് 1-1-1977-ന് മുൻപ് ഉള്ളതും സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി കണക്കാക്കി 'എ' ഫോറം തയ്യാറാക്കി വനം വകുപ്പിന് കൈമാറിയിട്ടുള്ളത്. എന്നാൽ ടി സ്ഥലം നാളിതുവരെ സർവ്വെ ചെയ്ത് കൃത്യമായ വിസ്തീർണ്ണം ലഭ്യമായിട്ടില്ലാത്തതാണ്. ടി സ്ഥലങ്ങൾ സർവ്വെ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കുന്ന ജോലികൾ ഇപ്പോൾ നടന്നുവരികയാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വയനാട് ജില്ലയിലെ സംയുക്ത പരിശോധനയുടെ വിവരം ജില്ലാ കളക്ടറിൽ നിന്നും ശേഖരിച്ചു വരുന്നുവെന്നും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## 2008-2009 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

<u>ശുപാർശ</u>

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായി നടപ്പിലാക്കിവരുന്ന താലൂക്ക് ഓഫീസ് വരെയുള്ള കമ്പ്യൂട്ടർവൽക്കരണം വില്ലേജ് ഓഫീസുകളിലേക്കുകൂടി വ്യാപിപ്പിക്കണമെന്നും താലൂക്ക് ഓഫീസുകളും, വില്ലേജ് ഓഫീസുകളും തമ്മിൽ ഒരു സോഫ്റ്റ്വെയർ ശൃംഖല വഴി ബന്ധിപ്പിക്കണമെന്നും ഇതിനായി കേന്ദ്രഗവൺമെന്റിന് പദ്ധതി സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇതിലേക്കായി ഒരു ജില്ലയ്ക്ക് രണ്ടു കോടി രൂപ എന്ന ക്രമത്തിൽ 14 ജില്ലകൾക്കുമായി 28 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

ലാന്റ് റവന്യൂ ഡിപ്പാർട്ടുമെന്റിലെ 1991-ൽ ആരംഭിച്ച കമ്പ്യൂട്ടർവൽക്കരണ പരിപാടികൾ ഭൂരേഖ കമ്പ്യൂട്ടർവത്കരണം എന്ന ഏക ലക്ഷ്യത്തോടു കൂടിയാണ് പുരോഗമിച്ചു വന്നിരുന്നത്. ഈ പദ്ധതി വിവക്ഷിച്ചിരുന്നത് ഭൂമിയെ സംബന്ധിച്ച

അടിസ്ഥാന രേഖ (ROR) പൗരന്മാർക്ക് നൽകുക എന്നതും, കൂടാതെ റവന്യൂ-താലൂക്ക്-സർവ്വെ ഓഫീസുകളെ ബന്ധിപ്പിച്ചുകൊണ്ട് പോക്കുവരവ് നടപടികളുടെ നാളതീകരണം നടപ്പിലാക്കുക എന്നിവയുമാണ് 2004-05-ൽ ആരംഭിച്ച എം.ജി.പി. പദ്ധതികളുടെ ഭാഗമായി പൊതുജന സേവനം വേഗത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.സി. സ്യൂട്ട് എന്ന ഒരു പദ്ധതി ജില്ലാ കളക്ടറേറ്റുകളിൽ ആവിഷ്കരിക്കുകയും ഇതിലൂടെ ഫയലുകളുടെ തൽസ്ഥിതി വിവരങ്ങൾ മനസ്സിലാക്കുന്നതിനും, പേപ്പർ രഹിത ഓഫീസ് എന്ന ആശയം നടപ്പിലാക്കിവരുന്നതിനും നിരവധി ഉപപ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുകയുമുണ്ടായി. ചില ജില്ലകളിൽ ഒഴിച്ച് ഈ പദ്ധതി വിജയകരമാക്കിയതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ചുരുക്കം ചില താലൂക്കുകളിൽ താലൂക്ക് സ്യൂട്ട് എന്ന പേരിൽ സമാനമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പ്രവർത്തനം വില്ലേജ് തലം വരെ നടപ്പിലാക്കിയാൽ മാത്രമേ കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് എന്നീ ഓഫീസുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഫയലുകളുടെ തൽസ്ഥിതി മനസ്സിലാക്കുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കാൻ സാധിക്കുകയുള്ളു. എന്നാൽ ഇതുമായി ബന്ധപ്പെട്ട പ്രത്യേക പദ്ധതികൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല. കണ്ണൂർ, പാലക്കാട് ജില്ലകളിൽ ആറുകോടി രൂപ ചെലവിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി ഏകദേശം സമാന സ്വഭാവമുള്ളതാണ്. ഇ-ഡിസ്ട്രിക്സ് പദ്ധതി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയാണെങ്കിൽ ശുപാർശ പ്രകാരമുള്ള നടപടികൾ പ്രാവർത്തികമാകുന്നതാണ്. ശുപാർശ പ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല.

### സമിതി ആവശ്യപ്പെട്ട അധികവിവരം

റവന്യൂ ഡിപ്പാർട്ടുമെന്റ് ഓഫീസുകൾ നവീകരിക്കുന്നതിനായി സർവ്വെ, രജിസ്ട്രേഷൻ, റവന്യൂ, വകുപ്പുകൾ എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രോഗ്രാം നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### സ്വീകരിച്ച നടപടി

## റവന്യൂ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ReLIS-ന്റെ പ്രവർത്തന പുരോഗതി റിപ്പോർട്ട്

നവംബർ 2008-ന് രൂപവൽക്കരിച്ച റവന്യൂ ഐ.റ്റി. സെല്ലുകളുടെ ആഭിമുഖ്യത്തിലാണ് ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണത്തിന്റെ രണ്ടാം ഭാഗമായ റെലിസ് കേരള (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) ആരംഭിച്ചത്. ഭൂരേഖാ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ പുനരുജ്ജീവനത്തിനായി താഴെ പറയുന്ന പദ്ധതികൾക്ക് രൂപം നൽകുകയുണ്ടായി.

**ഹാർഡ്വെയർ**

http://www.revenuebamoskerala.gov.in എന്ന മേൽവിലാസത്തിൽ ഇന്റർനെറ്റ് മുഖാന്തിരമുള്ള കേന്ദ്രീകൃത ഹാർഡ്വെയർ മേൽനോട്ട സംവിധാനവും കമ്പ്യൂട്ടറുകളുടെ സംസ്ഥാന വ്യാപക വാർഷിക റിപ്പയർ ഉടമ്പടിയും റവന്യൂ വകുപ്പിൽ നിലവിൽ വന്നുകഴിഞ്ഞു.

**സോഫ്റ്റ്‌വെയർ**

റെലിസ് കേരള സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കുംചേരി, സബ്‌രജിസ്ട്രാർ കാര്യാലയങ്ങളുടെ പരിധിയിൽ വരുന്ന താഴെ പറയുന്ന 17 വില്ലേജുകളിൽ ഓൺലൈൻ ആയി പോക്കുവരവ് നടന്നുവരുന്നു.

| | | |
|---|---|---|
| 1. ആലത്തൂർ | 7. കാവശ്ശേരി-2 | 13. തരൂർ-1 |
| 2. എരിമയൂർ | 8. കിഴക്കഞ്ചേരി-1 | 14. തരൂർ-2 |
| 3. എരിമയൂർ-2 | 9. കിഴക്കഞ്ചേരി-2 | 15. വടക്കഞ്ചേരി-1 |
| 4. കണ്ണമ്പ്ര-1 | 10. മംഗലം ഡാം | 16. വടക്കഞ്ചേരി-2 |
| 5. കണ്ണമ്പ്ര-2 | 11. മേലാർകോട് | 17. വണ്ടാഴി-1 |
| 6. കാവശ്ശേരി-1 | 12. പുതുക്കോട് | |

ഭൂരേഖ (ആർ.ഒ.ആർ.) പൊതുജനസേവന കേന്ദ്രം (അക്ഷയ) വഴി നൽകി വരുന്നു. ആയതിന്റെ തൽസ്ഥിതി ഓൺലൈനായി http://59.90.102.96/relis/status.php എന്ന വെബ്സൈറ്റുവഴി മേൽനോട്ടം നിർവ്വഹിച്ചുവരുന്നു. നിർദ്ദിഷ്ട വെബ് മാനേജ്മെന്റ് സെന്ററും ഓൺലൈൻ പേയ്മെന്റ് ഡെലിവറി ഗേറ്റ്‌വേയും നിലവിൽ വരുന്നതോടുകൂടി പുതിയ വെബ്സൈറ്റായ http://www.reliskerala.gov.in സമാരംഭിക്കുന്നതുമാണ്.

ആദ്യഘട്ടത്തിൽ താഴെപ്പറയുന്ന വില്ലേജുകൾ ഈ പദ്ധതിയിലൂടെ ഓൺലൈൻ ആക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

| *ജില്ല* | *ആകെ വില്ലേജുകൾ* | *റെലിസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വില്ലേജുകൾ* | *റെലിസ് ആരംഭിക്കുവാൻ നാളിതുവരെ തയ്യാറാക്കിയ വില്ലേജുകൾ* |
|---|---|---|---|
| കോട്ടയം | 95 | 82 | 26 |
| ആലപ്പുഴ | 91 | 68 | 2 |
| പത്തനംതിട്ട | 68 | 55 | 30 |
| എറണാകുളം | 124 | 69 | 5 |
| ആകെ | 378 | 274 | 63 |

ഭൂരേഖാ സോഫ്റ്റ്‌വെയറിൽ നിന്നും റെലിസ് കേരള സോഫ്റ്റ്‌വെയറിലേക്കുള്ള ഡാറ്റാ പരിവർത്തനം ഇപ്പോൾ 211 വില്ലേജുകളിൽ നടന്നുവരുന്നു. (274-63) ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് റെലിസ് കേരള ഒറ്റ ദിവസം കൊണ്ടുതന്നെ 4 ജില്ലകളിൽ കൂടി ആരംഭിക്കാവുന്നതാണ്.

**കണക്ടിവിറ്റി**

ഇ-ജില്ലാ പദ്ധതി പ്രകാരം പാലക്കാട്, കണ്ണൂർ, ജില്ലകളിലുള്ള എല്ലാ താലൂക്ക്, വില്ലേജ് ഓഫീസുകളിലും വി.പി.എൻ ബന്ധം സ്ഥാപിച്ചിട്ടുള്ളതാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന 45 സേവനങ്ങളിൽ 28 എണ്ണവും റവന്യൂ വകുപ്പിൽ നിന്നുള്ളവയാണ്. ആയതിൽ നിന്ന് 23 സേവനങ്ങൾ ഇപ്പോൾ തന്നെ വകുപ്പിൽ നടപ്പിലാക്കിക്കഴിഞ്ഞിട്ടുള്ളതും അതുവഴി 22 ലക്ഷം സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി അക്ഷയ കേന്ദ്രങ്ങൾവഴി പൊതുജനങ്ങൾക്ക് നൽകിക്കഴിഞ്ഞിട്ടുള്ളതുമാണ്. അവശേഷിക്കുന്ന 5 സേവനങ്ങൾക്കുള്ള വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി കഴിഞ്ഞു. ആ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും വി.പി.എൻ. കണക്ടിവിറ്റി ലഭിച്ചുകഴിഞ്ഞിട്ടുണ്ട്.

**മാനേജ്മെന്റ്**

കേന്ദ്രീകൃത ആസൂത്രണത്തിന്റെയും മേൽനോട്ടത്തിന്റെയും കീഴിലുള്ള വികേന്ദ്രീകൃത നടത്തിപ്പ് സംവിധാനം നവംബർ 2008 മുതൽ റവന്യൂ വകുപ്പിൽ വിജയകരമായി നടന്നുവരുന്നു. വകുപ്പിലെ വിവര സാങ്കേതിക കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി രൂപീകൃതമായ സംസ്ഥാന ഐ.റ്റി സെല്ലും, 14 ജില്ലാ ഐ.റ്റി. സെല്ലുകളും ഇത് നിർവ്വഹിച്ചുവരുന്നു.

**മാനവ വിഭവശേഷി വികസനം**

ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, മേഖലയിൽ വൈദഗ്ധ്യമുള്ള വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കമ്പ്യൂട്ടർ ഹാർഡ്‌വെയറുമായി ബന്ധപ്പെട്ട പ്രശ്ന പരിഹാരത്തിനുള്ള റാപ്പിഡ് റെസ്പോൺസ് ടീം രൂപവൽക്കരിച്ചു. റവന്യൂ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഉപയോഗത്തിലുള്ള സോഫ്റ്റ്‌വെയറുകളിൽ മാത്രമാക്കി ഒതുക്കി മറ്റു കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനങ്ങൾ നിർത്തലാക്കുകയും ചെയ്തു.

സുപ്രധാന സവിശേഷതകൾ

1. മുകളിൽ പ്രസ്താവിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ എല്ലാം തന്നെ സ്വതന്ത്ര സോഫ്റ്റ് വെയറിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത് (FOSS)
2. വകുപ്പിന് പുറത്ത് നിന്നുള്ള വിദഗ്ദ്ധോപദേശം ഈ പദ്ധതികളിൽ ഉപയോഗിച്ചിട്ടില്ല
3. ആന്തരിക മാനവ വിഭവശേഷി ഉപയോഗിച്ചാണ് ഈ സോഫ്റ്റ്‌വെയറുകൾ എല്ലാം തന്നെ വികസിപ്പിച്ചെടുത്തിട്ടുള്ളത്
4. G2C സേവനങ്ങളിലാണ് പൂർണ്ണമായും ശ്രദ്ധ ചെലുത്തിയിട്ടുള്ളത്
5. ഇത് ഭൂമി ക്രയവിക്രയങ്ങളിന്മേലുള്ള സുതാര്യത ഉറപ്പുവരുത്തുന്നു
6. സർക്കാർ ഭൂമിയിലുള്ള ക്രയവിക്രയങ്ങളിൽ പരിശോധന ഉറപ്പാക്കുന്നു

7. ഭൂഉടമയ്ക്ക് ഏത് അക്ഷയ കേന്ദ്രങ്ങളിൽ നിന്നും തന്റെ ഭൂരേഖ (RoR) ലഭ്യമാകുന്നു

8. ഭൂമി ക്രയവിക്രയങ്ങളിലുളള അഴിമതിയ്ക്കും കെടുകാര്യസ്ഥതയ്ക്കും കടിഞ്ഞാണിടുന്നു

9. ഭൂമിയുടെ മതിപ്പുവിലയുമായി ബന്ധപ്പെടുത്തിയിട്ടുളളതിനാൽ സർക്കാരിന് വരുമാനം വർദ്ധിക്കുന്നു

10. സംശയാസ്പദമായ രീതിയിൽ സുപ്രധാന സ്ഥലങ്ങളിൽ നടക്കുന്ന ഭൂമി ക്രയവിക്രയങ്ങൾ നിയന്ത്രിക്കുവാൻ സാധിക്കുന്നു

11. അർത്ഥവത്തായ രീതിയിൽ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കുവാൻ സാധിക്കുന്നു

12. FIFO സിദ്ധാന്തത്തിലൂന്നി പോക്കുവരവ് കൃത്യതയോടും വേഗത്തിലും നടപ്പിലാക്കുന്നു

13. ലോകത്തിന്റെ ഏതു ഭാഗത്തിരുന്നും ഈ നടപടിക്രമങ്ങൾ വീക്ഷിക്കുവാനും വിലയിരുത്തുവാനും സാധിക്കുന്നു

14. ആധാരം രജിസ്റ്റർ ചെയ്യുന്നത് തണ്ടപ്പേർ രജിസ്റ്റർ അടിസ്ഥാനമാക്കിയുളള RoR കിട്ടിയതിന് ശേഷമാകയാൽ സിവിൽ വ്യവഹാരങ്ങൾ സമീപഭാവിയിൽ തന്നെ ഗണ്യമായി കുറയ്ക്കുവാനും അതുവഴി ഭൂമി ക്രയവിക്രയത്തിലുളള അനാരോഗ്യകരമായ പ്രവണതകൾ കുറയ്ക്കുവാനും സാധിക്കുന്നതാണ്.

## ശുപാർശ

പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത് ജില്ലാ കളക്ടറേറ്റിലും താലൂക്കാഫീസിലും വിവിധ ജോലികൾക്കായി നിയോഗിച്ചിട്ടുളള റവന്യൂ വകുപ്പ് ജീവനക്കാർ ആണ്. ഇവരിൽ നല്ലൊരു പങ്ക് ജീവനക്കാരും റവന്യൂ റിക്കവറി പ്രവർത്തനങ്ങളിലും മറ്റും വ്യാപൃതരായിരിക്കുന്നവരാണ്. ഇത് വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്നു മാത്രമല്ല ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി കാര്യക്ഷമതയോടെ പൂർത്തിയാക്കുവാൻ കഴിയാതെ വരുന്നുവെന്നും സമിതി വിലയിരുത്തി. ആയതിനാൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും (ദുരന്തനിവാരണം) എന്ന തസ്തിക സൃഷ്ടിച്ചിട്ടുളളതും മറ്റു ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ താലൂക്ക് (ജില്ലാതലത്തിൽ ഡെപ്യൂട്ടി കളക്ടറുടെ നിയന്ത്രണ ത്തിലും താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നിയന്ത്രണത്തിലും പ്രത്യേകം പ്രകൃതിക്ഷോഭ ദുരിതാശ്വാസ വിഭാഗം (നാച്വറൽ കലാമിറ്റി വിംഗ്) രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ദുരന്ത നിവാരണ സെൽ ആരംഭിക്കുന്നതിന് 18-11-2010-ലെ സ.ഉ. (കൈ) നമ്പർ 457/10/ഡി.എം.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും കളക്ടറേറ്റുകളിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കളക്ടറേറ്റുകളിൽ ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം)-ന്റെ നിയന്ത്രണത്തിലും താലൂക്ക് ഓഫീസുകളിൽ ഡെപ്യൂട്ടി തഹസിൽദാർമാരുടെ നിയന്ത്രണത്തിലുമാണ് പ്രസ്തുത സെൽ പ്രവർത്തിക്കുന്നത്. ഇതിനായി തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ 8 ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ (ദുരന്തനിവാരണം) എന്ന തസ്തിക സൃഷ്ടിച്ചിട്ടുള്ളതും മറ്റു ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്ക്കരണം) ദുരന്ത നിവാരണ സെല്ലിന്റെ ചുമതല ഏൽപ്പിച്ചിട്ടുള്ളതുമാണ്.

2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടുപ്രകാരം 2007-ൽ ബഹു. കേരള മുഖ്യമന്ത്രി ചെയർപേഴ്സൺ ആയിക്കൊണ്ട് കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ചു. 2008-ൽ എല്ലാ ജില്ലകളിലും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ദുരന്ത നിവാരണങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുക, പഠന റിപ്പോർട്ടുകൾ തയ്യാറാക്കുക, എന്നിവ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി ചെയ്തുവരുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും ദുരന്തനിവാരണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്നു.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

സമിതിയുടെ ശുപാർശ പ്രകാരം പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് എട്ട് ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർമാരുടെ പുതിയ പോസ്റ്റ് അനുവദിച്ചിട്ടുണ്ടെന്നും ഇത് അപര്യാപ്തമായതിനാൽ തുടർച്ചയായി ദുരന്തമുണ്ടാകുന്ന മലയോര ജില്ലകൾ ഉൾപ്പെടെ ആറ് ജില്ലകളിൽ കൂടി ഡെപ്യൂട്ടി കളക്ടറുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

<u>സ്വീകരിച്ച നടപടി</u>

2008-09 സബ്ജക്ട് കമ്മിറ്റി മീറ്റിംഗിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിന്മേൽ ദുരന്ത നിവാരണം, ആഘാത ലഘൂകരണം, ദുരന്തസാധ്യതാ അവലോകനം, ദുരന്തം ഒഴിവാക്കൽ തുടങ്ങിയ മേഖലകളിൽ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ ഏകോപനത്തിൽ വിവിധ ഏജൻസികളേയും GOI, UNDP, DPR Project, HVRA Cell, ILDM എന്നിവരേയും ഏകോപിപ്പിച്ചുകൊണ്ട് വളരെയേറെ പ്രവർത്തനങ്ങൾ മുന്നേറുകയുണ്ടായി. ഇവയുടെ തുടർ പ്രവർത്തനങ്ങൾക്കായി നിലവിൽ സൃഷ്ടിച്ച 8 ഡെപ്യൂട്ടി കളക്ടർമാരുടെ തസ്തികകൾ അനുയോജ്യമല്ലെന്നും അതിനുപകരമായി സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിൽ തസ്തികകൾ

സൃഷ്ടിച്ച് UNDP, DPR Project-ലെ പരിചയ സമ്പന്നരായ ആൾക്കാരെ നിയോഗിക്കുകയുമാണ് വേണ്ടതെന്നുമുള്ള നിർദ്ദേശം കേരള ഡിസാസ്റ്റർ മാനേജ്മെന്റ് റൂൾസ് പ്രകാരം ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉയരുകയുമുണ്ടായി. ഇതുവരെ സൃഷ്ടിച്ച ഡെപ്യൂട്ടി കളക്ടർമാരുടെ 8 തസ്തികകൾ തന്നെ ജില്ലകളിൽ വേണ്ടത്ര ഉപയോഗം ചെയ്യുന്നില്ല എന്ന വിലയിരുത്തലും യോഗത്തിൽ ഉണ്ടായി. ദുരന്തനിവാരണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള നിലവിലെ സംവിധാനത്തിൽ 6 ഡെപ്യൂട്ടി കളക്ടർമാരുടെ അധിക തസ്തിക പ്രതീക്ഷിച്ച ഫലം ഉണ്ടാക്കില്ല എന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ കീഴിൽ ജില്ലാ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിനാൽ ശുപാർശ നടപ്പാക്കിയിട്ടില്ല എന്നുള്ള വിവരം അറിയിക്കുന്നു.

## 2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

### ശുപാർശ

ചെത്തുതൊഴിലാളി ക്ഷേമനിധി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സംസ്ഥാനത്ത് ഒട്ടാകെ യാത്ര ചെയ്യേണ്ടിവരുന്ന ഡെപ്യൂട്ടി കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ യാത്രാബത്തയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ വിഹിതം 30,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

### സ്വീകരിച്ച നടപടി

യാത്രാബത്ത ഇനത്തിൽ 50,000 രൂപ വാർഷികാടിസ്ഥാനത്തിൽ വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

## 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

### ശുപാർശ

വില്ലേജാഫീസുകളുടെ നിലവിലെ അന്തരീക്ഷവും പ്രവർത്തന രീതിയും നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. സ്വന്തം ഓഫീസ് കെട്ടിടം ഇല്ലാത്ത വില്ലേജുകളിൽ സന്ദർശകർക്ക് ഇരിക്കാനുള്ള സൗകര്യമടക്കമുള്ള അവശ്യ സൗകര്യങ്ങളോടുകൂടിയ കെട്ടിടം പണിയണമെന്നും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉൾപ്പെടെയുള്ള കമ്പ്യൂട്ടർവൽകൃത ഓഫീസുകളായി ആധുനികവൽക്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

വില്ലേജ് ഓഫീസുകളിലെ നിലവിലെ ഓഫീസ് അന്തരീക്ഷവും പ്രവർത്തന രീതിയും നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനുവേണ്ടി 2011-12 സാമ്പത്തികവർഷം ഇടുക്കി ജില്ലയിലെ 9 വില്ലേജ് ഓഫീസുകളുടെ നവീകരണ ത്തിനായി 35,31,000 രൂപയുടെയും തിരുവനന്തപുരം ജില്ലയിലെ രണ്ട് വില്ലേജ് ഓഫീസുകളുടെ നവീകരണത്തിന് 28,70,000 രൂപയുടെയും കൊല്ലം ജില്ലയിലെ രണ്ട് വില്ലേജ് ഓഫീസുകൾക്ക് 3,45,000 രൂപയുടെയും കോട്ടയം, കണ്ണൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ ഓരോ വില്ലേജ് ഓഫീസുകൾക്ക് യഥാക്രമം 22,26,000, 12,50,000, 3,50,000, 15,00,000 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ അസ്സറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൊല്ലം ജില്ലയിലെ 16-ഉം എറണാകുളം ജില്ലയിലെ 9-ഉം കാസർഗോഡ് ജില്ലയിലെ 3-ഉം വില്ലേജ് ഓഫീസുകളുടെ നവീകരണത്തിന് 52,92,077 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം തിരുവനന്തപുരം, കൊല്ലം, എറണാകുളം ജില്ലകളിലെ ഓരോ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിന് യഥാക്രമം 21,00,000, 19,00,000, 5,00,000 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ വിവരിച്ച വില്ലേജ് ഓഫീസുകളുടെ അസറ്റ് മെയിന്റനൻസ് ഫണ്ട് ഒഴികെ എല്ലാം പി.ഡബ്ല്യു.ഡി. പ്രധാന ശീർഷകമായ 4059-ൽ നിന്നാണ് ഫണ്ട് അനുവദിക്കേണ്ടത്. വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് "Revenue Land Information System (ReLis) software" സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ ജില്ലാ കളക്ടറേറ്റുകളിൽ മാത്രമേ ലഭ്യമായിട്ടുള്ളു. ഈ സംവിധാനം താലൂക്ക്, വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

സമിതി ആവശ്യപ്പെട്ട അധികവിവരം

കോഴിക്കോട് ജില്ലയിലെ വടകര ഏറാമല പഞ്ചായത്തിലെ വില്ലേജ് ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടം പണിയുന്നതിനായി സ്ഥലം ലഭ്യമായെങ്കിലും നിർമ്മാണ പ്രവർത്തികൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

സ്വീകരിച്ച നടപടി

പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിരുന്ന 14,90,757 രൂപ ഉപയോഗിച്ച് കോഴിക്കോട് ജില്ലയിലെ ഏറാമല വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് 19-1-2012-ലെ സർക്കാർ ഉത്തരവ് (സാധ.) നമ്പർ 367/2012/റവന്യു പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾക്കാണ് പണം അനുവദിച്ചിരിക്കുന്നത് എന്നതിന്റെ ലിസ്റ്റ് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

## സ്വീകരിച്ച നടപടി

കേരള നിയമസഭ സബ്ജക്ട് കമ്മിറ്റി II (ഭൂനികുതിയും ദേവസ്വവും) 2011-12 വർഷത്തെ ഒന്നാമത് റിപ്പോർട്ടിലെ മൂന്നാം നമ്പർ ശുപാർശയിന്മേൽ സ്വീകരിച്ച നടപടി 11-7-2012-ൽ കൂടിയ സമിതിയോഗം പരിശോധിക്കുകയും ഇതു സംബന്ധിച്ച് ഏതെല്ലാം വില്ലേജുകൾക്കാണ് തുക അനുവദിച്ചതെന്ന വിവരംകൂടി അറിയിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ആവശ്യപ്പെട്ട വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി സമർപ്പിക്കുന്നു.

## 2011-12 സാമ്പത്തികവർഷം വില്ലേജാഫീസുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയത്

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | തെന്നൂർ | 14,00,000 |
| | | മാണിക്കൽ | 14,70,000 |
| | | ആകെ | 28,70,000 |
| 2. | കൊല്ലം | എരൂർ | 2,40,000 |
| | | വാളക്കോട് | 1,05,000 |
| | | ആകെ | 3,45,000 |
| 3. | കോട്ടയം | വാഴൂർ | 22,26,000 |
| 4. | ഇടുക്കി | കാന്തിപ്പാറ | |
| | | പള്ളിവാസൽ | |
| | | ബെയ്സൺവാലി | |
| | | ശാന്തൻപാറ | |
| | | രാജക്കാട് | |
| | | പാറത്തോട് | |
| | | കൽകൂന്തൽ | |
| | | കരുണപുരം | |
| | | തൊടുപുഴ | |
| | | ആകെ | 35,31,000 |
| 5. | പാലക്കാട് | കൊങ്ങാട് | 3,50,000 |
| 6. | കോഴിക്കോട് | കായണ്ണ | 15,00,000 |
| 7. | കണ്ണൂർ | കൂടാളി | 12,50,000 |

## 2012-13 സാമ്പത്തികവർഷം

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | ഒറ്റൂർ | 21,00,000 |
| 2. | കൊല്ലം | ശക്തികുളങ്ങര | 19,00,000 |
| 3. | എറണാകുളം | കുലയറ്റിക്കര | 5,00,000 |

## വില്ലേജ് ഓഫീസുകളുടെ നവീകരണം-അസറ്റ് മെയിന്റനൻസ് ഫണ്ട്

**കൊല്ലം ജില്ല**

| | | |
|---|---|---|
| 1. | മുണ്ടയ്ക്കൽ | 3,00,000 |
| 2. | പരവൂർ | 2,50,000 |
| 3. | വടക്കുംതല | 1,32,000 |
| 4. | പൻമന | 1,90,000 |
| 5. | ചവറ | 56,000 |
| 6. | തേവലക്കര | 1,40,000 |
| 7. | തെക്കുംഭാഗം | 90,000 |
| 8. | നീണ്ടകര | 1,10,000 |
| 9. | ശാസ്താംകോട്ട | 16,000 |
| 10. | പോരുവഴി | 1,01,000 |
| 11. | ശൂരനാട് തെക്ക് | 80,565 |
| 12. | ശൂരനാട് വടക്ക് | 1,22,512 |
| 13. | കുന്നത്തൂർ | 1,00,000 |
| 14. | മൈനാഗപ്പള്ളി | 2,40,000 |
| 15. | പട്ടാഴി | 2,31,000 |
| 16. | ഇടമുളയ്ക്കൽ | 82,000 |
| | ആകെ | 22,41,077 |

**എറണാകുളം ജില്ല**

| | | |
|---|---|---|
| 1. | വാളകം | 2,35,000 |
| 2. | മഞ്ഞളൂർ | 2,20,000 |
| 3. | പാറക്കടവ് | 2,60,000 |
| 4. | വെങ്ങോല | 3,00,000 |

| | | |
|---|---|---|
| 5. മാരമ്പള്ളി | | 3,00,000 |
| 6. രായമംഗലം | | 3,00,000 |
| 7. പെരുമ്പാവൂർ | | 3,00,000 |
| 8. കുന്നത്തുനാട് | | 3,00,000 |
| 9. ചെല്ലാനം | | 3,00,000 |
| | ആകെ | 25,15,000 |

**കാസർഗോഡ്**

| | | |
|---|---|---|
| 1. പരപ്പ | | 1,00,000 |
| 2. തെക്കേ തൃക്കരിപ്പൂർ | | 3,90,000 |
| 3. തളങ്കര | | 46,000 |
| | ആകെ | 5,36,000 |

ശുപാർശ

17-6-2010-ലെ ജി.ഒ. (ആർറ്റി.) 3867/2010/ആർ.ഡി. ഉത്തരവിലൂടെ തൃശ്ശൂർ താലൂക്ക് ഓഫീസ് മന്ദിരത്തിന്റെ സംരക്ഷണത്തിന് 50 ലക്ഷം രൂപയുടെ ഭരണാനുമതിയും ഫണ്ടും ലഭ്യമായിരുന്നുവെങ്കിലും കഴിഞ്ഞ സാമ്പത്തികവർഷം ചെലവഴിക്കാത്തതിനാൽ ടി തുക സറണ്ടർ ചെയ്തതായും മാനന്തവാടി, വൈത്തിരി താലൂക്കാഫീസുകളുടെ സംരക്ഷണത്തിന് 13.4 ലക്ഷം രൂപയുടെ ഭരണാനുമതി 1-11-2010-ലെ ജി.ഒ. (ആർറ്റി.) 4699/2010/ആർ.ഡി. നമ്പർ ഉത്തരവിലൂടെ ലഭ്യമായതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തൃശ്ശൂർ, മാനന്തവാടി, വൈത്തിരി താലൂക്കാഫീസുകളുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 63,40,000 രൂപ ഉൾപ്പെടെ ആകെ 1,63,40,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പൈതൃക മന്ദിരങ്ങളുടെ സംരക്ഷണത്തിനായി 1 കോടി രൂപ വകയിരുത്തിയിരുന്നു. കൂടാതെ ടി വർഷത്തെ സബ്ജക്ട് കമ്മിറ്റി II-ൽ ധനാഭ്യർത്ഥന നമ്പർ VI-ലെ 5-ാം ഖണ്ഡിക ശുപാർശ പ്രകാരം 63,40,000 രൂപയും അധികമായി അഭ്യർത്ഥിച്ചിരുന്നു. ബഡ്ജറ്റ് വിഹിതമായി ലഭിച്ച 1 കോടി രൂപയിൽ 13.40 ലക്ഷം രൂപ വൈത്തിരി, മാനന്തവാടി എന്നീ താലൂക്കാഫീസുകളുടെ നവീകരണത്തിനായി വയനാട് ജില്ലാ കളക്ടർക്ക് നൽകിയിരുന്നുവെങ്കിലും വൈത്തിരി താലൂക്കാഫീസ് ഉൾപ്പെടുന്ന സ്ഥലത്തു പുതിയ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനുദ്ദേശിക്കുന്നു എന്ന കാരണത്താൽ മാനന്തവാടി താലൂക്കാഫീസ് നവീകരണം മാത്രമാണ് നടത്തുവാനായത്. ടി പ്രവൃത്തിക്കായി ഭരണാനുമതി ലഭിച്ച 3,90,000 രൂപ ചെലവഴിച്ച് ബാക്കി 9,50,000 രൂപ ജില്ലാ കളക്ടർ സറണ്ടർ ചെയ്തിട്ടുണ്ട്.

ശുപാർശ

2029-00-800-92 ജന്മിക്കരം (നിർത്തലാക്കൽ) നിയമമനുസരിച്ച് നഷ്ടപരിഹാരം നൽകൽ എന്ന ശീർഷകത്തിൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുക വിതരണം ചെയ്യുന്നതിന് മതിയായ തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തികവർഷം 2029-00-800-92 ശീർഷകത്തിൽ 5,00,000 രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. ടി ശീർഷകത്തിൽ കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് 14,87,910 രൂപ ആവശ്യമുണ്ടെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിരുന്നു. അതിനാൽ പ്രസ്തുത ശീർഷകത്തിൽ 15,00,000 രൂപ കൂടി വകയിരുത്തുന്നതിന് സബ്ജക്ട് കമ്മിറ്റിയിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി. ടി ശീർഷകത്തിൽ 20,00,000 രൂപ വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്തു. എന്നാൽ 740 ഓളം വരുന്ന കക്ഷികൾക്ക് നോട്ടീസ് നൽകി ടി സാമ്പത്തിക വർഷത്തിനുള്ളിൽ ഫണ്ട് വിതരണം നടത്തുവാൻ നിർവ്വാഹമില്ലെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചതിനാൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ശുപാർശ

ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി വിതരണം ചെയ്യുന്ന കാലഘട്ടം വരെയും പൊതുകാര്യത്തിന് ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം റിസർവ്വ് ചെയ്യപ്പെടുന്നത് സ്ഥായിയായും സംരക്ഷിക്കുന്ന ചെലവ്, സർവ്വേ നടത്തുന്നതിനുള്ള ചെലവ് എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിപാലനത്തിനായി 20 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തേക്ക് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണച്ചെലവ് (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷം 1,000 രൂപ മാത്രമാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്. ടി തുക 20 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് സബജക്ട് കമ്മിറ്റി-II ശുപാർശ ചെയ്തതനുസരിച്ച് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിലും രണ്ടാംഘട്ട ഉപധനാഭ്യർത്ഥനയിലും ശുപാർശ സമർപ്പിച്ചുവെങ്കിലും അധിക തുക ലഭിച്ചില്ല എന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

## സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട്

### ശുപാർശ

സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി ഡബിൾ സ്പീഡിൽ പോകുന്ന വോൾവോ എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള മൂന്ന് സുരക്ഷാ ബോട്ടുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ വിഴിഞ്ഞം, കൊല്ലം, എറണാകുളം എന്നിവിടങ്ങളിൽ മാത്രമാണ് ഈ ബോട്ടുകൾ ഉള്ളത്. ഈ ബോട്ടുകൾ വളരെ ചെറുതായതിനാൽ എവിടെയും പെട്ടെന്ന് എത്താൻ കഴിയും. കൂടാതെ കായലിലും ഇവയുടെ സേവനം പ്രയോജനപ്പെടുത്തുവാൻ കഴിയും. അപകടം സംഭവിച്ചാൽ പെട്ടെന്ന് രക്ഷാപ്രവർത്തനം നടത്താൻ സാധിക്കുന്ന ഇത്തരം സുരക്ഷാ ബോട്ടുകൾ എല്ലാ തീരദേശ ജില്ലകളിലും കൂടി അടിയന്തിരമായി വാങ്ങാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

### സ്വീകരിച്ച നടപടി

റ്റി.ആർ.പി. പദ്ധതി പ്രകാരം 3 FRP ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയപ്പോൾ ടി ബോട്ടുകൾക്ക് സ്പീഡ് ഉണ്ടെങ്കിലും വേവ് ലെങ്ത് മൂന്ന് മീറ്ററിന് മുകളിൽ ആയാൽ ബോട്ട് സുരക്ഷിതമായി കൊണ്ടുപോകാൻ സാധിക്കുകയില്ല. അപകട സമയങ്ങളിൽ മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തിയാൽ മാത്രം പോര അവരുടെ ബോട്ട് കൂട്ടിക്കെട്ടി വലിച്ചുകൊണ്ട് വരേണ്ടതുണ്ട്. മാത്രമല്ല മത്സ്യബന്ധനത്തിനിടെ ഇന്ധനം തീർന്ന് കടലിൽ അകപ്പെടുന്ന യാനങ്ങളെയും കെട്ടിവലിച്ചുകൊണ്ടുവരേണ്ടതുണ്ട്. ആയതിനാൽ നിലവിലുള്ള FRP ബോട്ടുകളുടെ പ്രവർത്തനവും അവ പ്രവർത്തിപ്പിക്കുന്നതിലെ പ്രശ്നങ്ങളും വിശദമായി മനസ്സിലാക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു വിലയിരുത്തലിനുശേഷം പുതിയ ബോട്ടുകൾ വാങ്ങുന്നതായിരിക്കും ഉചിതം.

### ശുപാർശ

മത്സ്യഫെഡ് സുനാമി പുനരധിവാസ പദ്ധതി പ്രകാരം നൽകിയ എൽ.പി.ജി. കിറ്റ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രം ഘടിപ്പിച്ച (ഒ.ബി.എം.) വള്ളങ്ങൾക്ക് ആവശ്യമായ പിക്കപ്പ് ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. ഡീസൽ വില ഉയർന്നതിനാൽ കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ ഈ സെക്ടറിൽ തുടർച്ചയായി ലഭിക്കാൻ സാധിക്കുന്ന വിധത്തിൽ സർക്കാർ സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി സംസ്ഥാന സർക്കാർ പൊതുവിതരണ സമ്പ്രദായത്തിലൂടെ സിവിൽ സപ്ലൈസ് വകുപ്പ് വഴി നൽകി വരുന്ന മണ്ണെണ്ണയുടെ തോത് തീരെ അപര്യാപ്തമായതിനാൽ മത്സ്യത്തൊഴിലാളികൾ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമായി അമിത വില നൽകി മണ്ണെണ്ണ കരിഞ്ചന്തയിൽ നിന്ന് വാങ്ങി ഉപയോഗിക്കുകയും തന്മൂലം നിത്യ ദുരിതത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്ന അവസ്ഥയ്ക്ക് ഒരു പരിഹാരമെന്ന നിലയിൽ ശുപാർശയിലെ നിർദ്ദേശം പരിശോധിച്ചു വരുന്നു. എന്നാൽ സബ്സിഡി നൽകുവാൻ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

തിരുവനന്തപുരം,<br>2014 ജൂലൈ 7.

അടൂർ പ്രകാശ്,<br>*ചെയർമാൻ,*<br>*വിഷയനിർണ്ണയ സമിതി II.*

## അനുബന്ധം

## 2013 ഏപ്രിൽ 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II 2013 ഏപ്രിൽ മാസം 16-ാം തീയതി രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V.ബി. കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ.അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. നാണു, എം.എൽ.എ.
2. ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.
3. ശ്രീ. പാലോട് രവി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജി. കമലവർദ്ധന റാവു, സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. റ്റി. വി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
3. ശ്രീ. എം. ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
4. ശ്രീ. കെ. പി. ചന്ദ്രമോഹനൻ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

സമിതി 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി, ധനാഭ്യർത്ഥന നമ്പർ XXVI—പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

വില്ലേജ് ഓഫീസിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശികയിനത്തിൽ 40 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കേണ്ടതാണെന്ന് റവന്യൂ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. നിലവിൽ യാത്രാ ബത്ത ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ട് എന്ന വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സർവ്വേ നടപടികൾ മൂന്ന് കൊല്ലത്തിനകം പൂർത്തീകരിക്കണമെന്ന ഉദ്ദേശ്യത്തോടെ രൂപകൽപ്പന ചെയ്തിരിക്കുന്ന ഭൂമികേരളം പദ്ധതി ആധുനിക സാങ്കേതികവിദ്യയായ സാറ്റലൈറ്റ് ഇമേജ് വഴി നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നത്

എന്നും സാറ്റലൈറ്റ് ഇമേജ് മുഖേന സർവ്വേ നടത്താൻ സാധിക്കാതെ വരുന്ന സ്ഥലങ്ങളിൽ കൂടുതൽ ആളുകളെ ഉപയോഗിച്ച് ആറ് വർഷം കൊണ്ട് സർവ്വേ പൂർത്തിയാക്കാൻ കഴിയുമെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. തദവസരത്തിൽ, സാറ്റലൈറ്റ് ഇമേജ് എന്ന നൂതന സാങ്കേതികവിദ്യ സർവ്വേ ആവശ്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് നേരിട്ട് പഠനം നടത്തുന്നതിനായി പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി സർവ്വേ പൂർത്തിയാക്കിയ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ സന്ദർശിക്കുവാൻ സമിതി തീരുമാനിച്ചു. സർക്കാർ ഭൂമി ഏതായാലും സർവ്വേ നടത്തേണ്ടത് സർവ്വേ വകുപ്പ് ഉദ്യോഗസ്ഥരാണ് എന്നതിനാൽ വനം വകുപ്പ് ഉൾപ്പെടെ മറ്റു വകുപ്പുകളിലെ സർവ്വേ ജോലികൾക്കായും സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് നിയോഗിക്കുന്നത്. ഇപ്രകാരം ഉദ്യോഗസ്ഥരുടെ സേവനം വിട്ടുകൊടുക്കുന്നതിലൂടെ സർവ്വേ വകുപ്പിൽ ആവശ്യത്തിന് സർവ്വേയർമാരില്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നു എന്ന് സമിതി മനസ്സിലാക്കി. സർവ്വേയർമാരുടെ അഭാവംമൂലം വനഭൂമിയുടെ റീസർവ്വെ യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലായെന്നും തന്മൂലം വ്യാപകമായി വനഭൂമി കയ്യേറ്റം നടക്കുന്നതായും സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് സർവ്വേയർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന വിഹിതം സംബന്ധിച്ച് ചർച്ച ചെയ്ത സമിതി, അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി കളക്ട്രേറ്റുമായി ബന്ധപ്പെട്ട് ഒരു എമർജൻസി വിംഗ് ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ് എന്ന് അഭിപ്രായപ്പെട്ടു. ഒരു ദുരന്ത സംഭവമുണ്ടായാൽ രക്ഷാപ്രവർത്തനമുൾപ്പെടെയുള്ള തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിന്റെ ഉത്തരവാദിത്വം റവന്യൂ വകുപ്പിനായതിനാൽ രക്ഷാപ്രവർത്തനത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുക, നേവിയിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിദഗ്ദ്ധരായ ആളുകളുടെ സേവനം ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ കളക്ട്രേറ്റുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നത് ആലോചിക്കാവുന്നതാണ് എന്ന് സമിതി അഭിപ്രായപ്പെട്ടു.

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 20000-ത്തോളം ആളുകളും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 39000-ത്തോളം ആളുകളും അപേക്ഷ നൽകിയിട്ടുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി ഒരു പ്രത്യേക സ്കീം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഈ വിഭാഗക്കാർ ആരിൽ നിന്നാണോ ഭൂമി വാങ്ങുന്നത് അവർക്ക് വകുപ്പ് നേരിട്ട് പണം കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനും പുറമ്പോക്കിൽ വീടുകെട്ടി താമസിക്കുന്ന നിയമപരമായി പട്ടയം കൊടുക്കാൻ കഴിയുന്ന എല്ലാപേരുടെയും ഭൂമിക്ക് പട്ടയം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട് എന്നും റവന്യൂ വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. തീരദേശങ്ങളിലെ പുറമ്പോക്കിൽ താമസിക്കുന്നവരുടെ ഭൂമിക്ക് പട്ടയം നൽകുവാൻ കഴിയുമോ എന്നത് ചർച്ച ചെയ്ത് തീരുമാനിക്കേണ്ട വിഷയമാണ് എന്ന് സമിതി അഭിപ്രായപ്പെട്ടു.

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ പുരോഗതിയെ സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

തുടർന്ന് ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശുപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

2029-00-800-79—റവന്യൂ വകുപ്പിലെ ആസ്തികളുടെ പരിപാലനം—ആസ്തികളുടെ പരിപാലനനിധിയിൽ നിന്നുള്ള ചെലവഴിക്കൽ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളുടെ നവീകരണത്തിനും കുടിവെള്ള വിതരണത്തിനുമായി 4,19,11,583 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിനാൽ ഈ ശീർഷകത്തിൽ 4.2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-800-76—ഭൂരഹിതരില്ലാത്ത കേരളം

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ആദ്യപടിയായി ഒരു ലക്ഷം പേർക്ക് 3 സെന്റ് വീതം ഭൂമി ഈ വർഷം ആഗസ്റ്റ് 15-നകം നൽകുന്നതിനായി 100 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2506-00-103-93-03—രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം (25% കേന്ദ്ര വിഹിതം)

ബഡ്ജറ്റ് വിഹിതം : 2,60,00,000 രൂപ (പ്ലാൻ)

രജിസ്ട്രേഷൻ വകുപ്പ് വഴി നൽകിവരുന്ന പഴയ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളുടെ ഡാറ്റാ എൻട്രി, പഴയകാല ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ, കമ്പ്യൂട്ടറുകളുടെ നവീകരണം, പുതിയ കമ്പ്യൂട്ടറുകളുടെ വാങ്ങൽ എന്നീ ആവശ്യത്തിലേക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,40,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-102-95-21(1)—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

2029-00-102-99-21(1)—ബഡ്ജറ്റ് വിഹിതം : ഇല്ല

സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള 31 വാഹനങ്ങളിൽ 13 വാഹനങ്ങൾ 15 വർഷത്തിലേറെ പഴക്കം ഉള്ളവയാണ്. ആധുനിക ഉപകരണങ്ങൾ ഫീൽഡിൽ എത്തിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടക്കുന്ന മലമ്പ്രദേശങ്ങളിലും നിരപ്പ് കുറഞ്ഞ പാതകളിലും ദീർഘദൂരം സഞ്ചരിക്കുന്നതിനാൽ വാഹനങ്ങൾക്ക് റിപ്പയർ ചെലവ് കൂടുതലാണ്. ആയതിനാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്കായി ഈ ശീർഷകങ്ങളിൽ 1,80,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സർവ്വേയർമാരെ നിയമിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതി ശുപാർശകളിന്മേൽ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച റിപ്പോർട്ട് യഥാസമയം ലഭ്യമാക്കാത്തതിനാൽ സമിതി അതൃപ്തി രേഖപ്പെടുത്തി. നിലവിൽ മറുപടി ലഭ്യമാക്കുവാനുള്ള എല്ലാ വിഷയങ്ങളിലും കാലതാമസം കൂടാതെ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

ഇടുക്കി ജില്ലയിലെ ഭൂപ്രശ്നം സംബന്ധിച്ച് ചർച്ച നടത്തുന്നതിനും സന്ദർശനം നടത്തുന്നതിനും ഏപ്രിൽ 26, 27 തീയതികളിൽ മൂന്നാർ സന്ദർശിക്കുന്നതിനും അവിടെ യോഗം ചേരുന്നതിനും സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് 12.25-ന് പിരിഞ്ഞു.

## 2013 ഏപ്രിൽ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II 2013 ഏപ്രിൽ 24-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ VB കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ശ്രീ. സി. കെ. നാണു, എം.എൽ.എ.

ശ്രീ. പാലോട് രവി, എം.എൽ.എ.

ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

ശ്രീ. വി. എസ്. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജി. കമലവർദ്ധന റാവു, സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ദേവസ്വം വകുപ്പ്
3. ശ്രീ. കെ. സി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂവകുപ്പ്
4. ശ്രീ. കെ. പി. ചന്ദ്രമോഹൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

സമിതി 2013-2014 സാമ്പത്തിക വർഷത്തേക്കുള്ള ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥന, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥന, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയിലെ റവന്യൂ, ദേവസ്വം വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതം പരിശോധിക്കുകയും പ്രസ്തുത വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ഭൂപരിഷ്കരണ നിയമപ്രകാരം അധികഭൂമി കൈവശം വച്ചിരിക്കുന്ന ആളുകളിൽ നിന്ന് ഭൂമി പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ കൈപ്പാടത്ത് ഗ്രൂപ്പിനെതിരെ വന്ന കേസിന്റെ അവസ്ഥ പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥന പരിശോധനാവേളയിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിരുന്നതാണ് എന്നും രണ്ട് വർഷം കഴിഞ്ഞിട്ടും സമിതി ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയിട്ടില്ല എന്നും സമിതി അഭിപ്രായപ്പെട്ടു. സമിതി ആവശ്യപ്പെട്ട പ്രസ്തുത റിപ്പോർട്ട് രണ്ട് ദിവസത്തിനകം ലഭ്യമാക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ക്ഷേത്രക്കുളങ്ങളിൽ മാത്രമാണ് ഇപ്പോൾ ജലലഭ്യതയുള്ളതെന്നും അതിനാൽ വരൾച്ച പരിഹരിക്കുന്നതിന് ഒരിക്കലും വറ്റാത്ത വെള്ളത്തിന്റെ ഉറവിടമായ ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള സംവിധാനം ജനപ്രതിനിധികളുമായി ആലോചിച്ച് നടപ്പിലാക്കേണ്ടത് അത്യാവശ്യമാണെന്നും ആയത് ദേവസ്വം ബോർഡ് അധികാരികളുമായി ആലോചിച്ച് തീരുമാനമെടുക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ദേവസ്വം ബോർഡിന്റെ കീഴിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേത്രങ്ങളെ സംബന്ധിച്ചുള്ള വിശദവിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

ക്ഷേത്രങ്ങളിൽ പൂജ നടത്താൻ ബ്രാഹ്മണർ തന്നെ വേണമെന്ന് നിർബന്ധമില്ലെന്നും തന്ത്രവിദ്യ അറിയാവുന്ന ആർക്കും ക്ഷേത്രങ്ങളിൽ പൂജ നടത്താമെന്നുമുള്ള സുപ്രീം കോടതി വിധി നിലനിൽക്കെ ക്ഷേത്രങ്ങളിൽ പൂജ നടത്താൻ ബ്രാഹ്മണർ അപേക്ഷിക്കണമെന്ന് കാണിച്ച് കൊച്ചിൻ ദേവസ്വം ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ച നടപടി ശരിയല്ല എന്ന് സമിതിയിൽ അഭിപ്രായം ഉയർന്നു. ഈ വിഷയം പരിശോധിക്കുന്നതിന് ഒരു സമിതി നിലവിലുണ്ട് എന്നും പ്രസ്തുത സമിതി ചർച്ച ചെയ്ത് ഈ വിഷയത്തിൽ തീരുമാനമെടുക്കുമെന്നും ചെയർമാൻ സമിതിയിൽ വ്യക്തമാക്കി. പഠനാർത്ഥം മലബാർ ദേവസ്വം ബോർഡ് ഓഫീസ് സന്ദർശിക്കുവാൻ സമിതി തീരുമാനിച്ചു.

തുടർന്ന് ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ശുപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു.

### ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

2053-00-093-99-34—<u>കളക്ടർമാരും മജിസ്ട്രേറ്റുമാരും മറ്റു ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : 30,00,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഗോൾഫ് കോഴ്സിലെ ജീവനക്കാരുടെ ശമ്പളം കോടതിവിധി പ്രകാരം ഈ ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടി വരുന്നതിനാൽ <u>ഈ ആവശ്യത്തിലേക്കായി 30 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.</u>

2053-00-093-98—സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്ത് പുതിയതായി പ്രഖ്യാപിച്ചിരിക്കുന്ന 12 താലൂക്കുകൾക്കായി 12 കോടി രൂപയും 30 വില്ലേജ് ഓഫീസുകൾക്കായി 15 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള നാല് താലൂക്കുകൾ കൂടാതെ രണ്ട് താലൂക്കുകൾ കൂടി ഉൾപ്പെടുത്താൻ തീരുമാനമായെങ്കിലും ഒരു റവന്യൂ ഡിവിഷൻ മാത്രമേ ഉള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഒരു റവന്യൂ ഡിവിഷൻ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2250-00-101-99—സംസ്ഥാന ധർമ്മകാര്യം

ബഡ്ജറ്റ് വിഹിതം : 6,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം എസ്.എം.വി. മോഡൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് പ്രതിമാസ വേതനം വർദ്ധിപ്പിച്ച് നൽകുന്നതിലേക്കായി 6,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

റവന്യൂ വകുപ്പിൽ തഹസിൽദാർമാർ ഉപയോഗിക്കുന്ന വാഹനങ്ങൾ മിക്കവയും വളരെ കാലപ്പഴക്കമുള്ളതും റിപ്പയർ ചെയ്ത് ഉപയോഗിക്കുവാൻ കഴിയാത്തവയുമാണ്. ഇക്കാരണത്താൽ തഹസിൽദാർമാർക്ക് ദൈനംദിന പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നുണ്ട്. പ്രസ്തുത ആവശ്യത്തിലേക്കായി 25 വാഹനങ്ങൾ വാങ്ങുന്നതിന് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വാഹന സൗകര്യം ഇല്ലാത്തതിനാൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. വില്ലേജ് ഓഫീസുകളിലെ പ്രവർത്തനം സുഗമമാക്കുന്നതിനായി സ്വന്തമായി വാഹനമില്ലാത്ത എല്ലാ വില്ലേജ് ഓഫീസർമാർക്കും സ്ത്രീ ജീവനക്കാർക്ക് കൂടി ഉപയോഗിക്കത്തക്ക വിധത്തിലുള്ള ഇരുചക്ര വാഹനം അനുവദിക്കണമെന്നും സ്വന്തമായി വാഹനങ്ങളുള്ള വില്ലേജ് ഓഫീസർമാർക്ക് ഇന്ധന ചെലവിനായുള്ള ആനുകൂല്യം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ ആവശ്യത്തിലേക്ക് 10 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

3475-00-201-89—1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണ ചെലവ്

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിത കർഷക തൊഴിലാളികൾക്ക് പതിച്ചു നൽകുന്നതുവരെ ലാന്റ് ബോർഡ് ഉത്തരവ്

പ്രകാരം പൊതുകാര്യത്തിനായി റിസർവ്വ് ചെയ്യപ്പെടുന്ന പ്രസ്തുത ഭൂമി സ്ഥായിയായി സംരക്ഷിക്കുന്നതിനുള്ള ചെലവ്, സർവ്വേ നടത്തുന്നതിനുള്ള ചെലവ് എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിപാലനത്തിനായി 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3475-00-201-93—കർഷക പുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന് മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 18,00,000 രൂപ (നോൺ പ്ലാൻ)

കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം സഹിക്കേണ്ടി വരുന്ന ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകാനുമാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. സാമ്പത്തികമായി അവശത അനുഭവിക്കുന്ന മുൻ ജന്മിമാർക്ക് ഈ ശീർഷകത്തിൽ നിന്നും പ്രതിമാസം 1,500 രൂപ പെൻഷനായി നൽകി വരുന്നു. ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3475-00-201-90—ഭൂപരിഷ്കരണ റിവ്യൂ ബോർഡ്

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

സർക്കാരിന്റെ 21-1-2009-ലെ ജി.ഒ. (എംഎസ്.) 106/09-ാം നമ്പർ ഉത്തരവ് പ്രകാരം ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് ഫസ്റ്റ് ക്ലാസ് ഓഫീസർമാർക്ക് ലഭിക്കുന്ന അതേ നിരക്കിൽ റ്റി.എ./ഡി.എ. നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

5475-00-800-90—സർക്കാർ ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കൽ

ബഡ്ജറ്റ് വിഹിതം : 400 കോടി രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ വിവിധ പദ്ധതികൾക്കായി ഏറ്റെടുക്കുന്ന എല്ലാ ലാന്റ് അക്വിസിഷനുകളുടെയും ചെലവ് ഈ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് നൽകേണ്ടത്. തിരുവനന്തപുരം സിറ്റിയിലെ 3 റോഡുകളുടെ വികസനം, കരമന-കളിയിക്കാവിള റോഡ് വികസനം എന്നിവയ്ക്കായുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് ഈ സാമ്പത്തികവർഷം വൻ തുക ആവശ്യമുണ്ട്. ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1000 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

2250-00-800-99—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കേരളത്തിൽ മിക്ക ക്ഷേത്രങ്ങളോടനുബന്ധിച്ചും കാവുകളും കുളങ്ങളും ആൽത്തറകളുമുണ്ട്. ജൈവശാസ്ത്രപരമായ ആവാസ വ്യവസ്ഥ നിലനിറുത്തുന്നതിനും വരൾച്ചാപ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിലും ഇവ സംരക്ഷിക്കപ്പെടേണ്ടതാണ്. ആയതിനാൽ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ഈ സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2250-00-103-82—വൈക്കം ക്ഷേത്ര കലാപീഠം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

വൈക്കം ക്ഷേത്ര കലാപീഠത്തിനായി ഫണ്ട് അനുവദിക്കുന്നതിലേക്കായുള്ള ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിരിക്കുന്നുള്ളു. ആയതിനാൽ ഈ ശീർഷകത്തിൽ വൈക്കം ക്ഷേത്ര കലാപീഠത്തിനായി 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## മലബാർ ദേവസ്വം ബോർഡ്

**ബോർഡ് ഓഫീസുകൾക്കുള്ള കെട്ടിടനിർമ്മാണം**

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാന ഓഫീസിനും ഡിവിഷണൽ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം പണിയുന്നതിന് 15 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**ജീർണ്ണോദ്ധാരണ ഗ്രാന്റ്**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളതും അടിയന്തര ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമായ എല്ലാ പൊതു ക്ഷേത്രങ്ങൾക്കും ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും വീതം അനുവദിച്ചു നൽകാൻ കഴിയുന്ന തരത്തിൽ ആകെ ഈയിനത്തിൽ 16 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ളതും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായതുമായ സ്വകാര്യ ക്ഷേത്രങ്ങൾക്ക് ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും ലഭിക്കത്തക്കവിധത്തിൽ ഈയിനത്തിൽ ആകെ 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ക്ഷേത്ര ജീവനക്കാരുടെ ശമ്പളം**

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ളതും സർക്കാർ അംഗീകരിച്ച നിരക്കിൽ ശമ്പളം നൽകാൻ സാമ്പത്തികശേഷിയില്ലാത്തതുമായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ശമ്പള കുടിശ്ശിക നൽകുന്നതിനും ആവശ്യമായ 30 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2250-00-102-99-01—ശമ്പളം

ബഡ്ജറ്റ് വിഹതം : 1,000 രൂപ (നോൺ പ്ലാൻ)

നിർത്തലാക്കിയ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിൽ അനുവദിക്കപ്പെട്ടിരുന്നതും പി.എസ്.സി മുഖേന തെരഞ്ഞെടുക്കപ്പെട്ടതുമായ നിലവിലുള്ള ജീവനക്കാർക്ക് സർക്കാർ ജീവനക്കാർ എന്ന നിലയിലുള്ള എല്ലാ പരിരക്ഷയും നൽകേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ദേവസ്വം ബോർഡ് ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി ഈ ശീർഷകത്തിൽ 5.75 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കോടതി സംബന്ധമായ ചെലവുകൾ**

മലബാർ ദേവസ്വം ബോർഡിന്റെ ഹൈക്കോടതി കേസുകൾ നടത്തുന്നതിനായി ഒരു സ്റ്റാൻഡിംഗ് കൗൺസിലിനെയും ഒറ്റപ്പാലം, പാലക്കാട് എന്നീ സബ് കോടതികളിലായി ഓരോ സ്റ്റാൻഡിംഗ് കൗൺസിലർമാരെയും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമെ മറ്റ് സബ്കോടതികളിൽ സ്റ്റാൻഡിംഗ് കൗൺസിലർമാരെ നിയോഗിക്കേണ്ടത് അത്യാവശ്യമാണ്. ആയതിലേക്കുള്ള ചെലവിനത്തിൽ 2.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ലാന്റ് കൺസർവൻസി യൂണിറ്റ്**

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കുന്നതിന് ബോർഡിന്റെ കീഴിൽ ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിന് വേണ്ടി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**പുതിയ വാഹനങ്ങൾ വാങ്ങുന്നതിന്**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അഞ്ച് ഡിവിഷണൽ ഓഫീസുകളിലും ഔദ്യോഗിക ആവശ്യത്തിനായി ഓരോ വാഹനം വാങ്ങുന്നതിന് 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടറൈസേഷൻ**

മലബാർ ദേവസ്വം ബോർഡിന്റെ കെട്ടിടങ്ങളുടെ വാടക, വൈദ്യുത ചാർജ്ജ്, വെള്ളക്കരം, പോസ്റ്റേജ്, ടെലഫോൺ, പ്രിന്റിംഗ്, സ്റ്റേഷനറി, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കായി 3.5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ ബോർഡിലെ ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് 2 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

**ക്ഷേത്രഭൂമി സംരക്ഷണം**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ 24000-ൽ പരം ഏക്കർ ഭൂമി അന്യാധീനപ്പെട്ടുപോയതായി കണ്ടെത്തിയിട്ടുണ്ട്. ക്ഷേത്ര ഭൂമി അന്യാധീനപ്പെടാതെ സംരക്ഷിച്ചു നിർത്തുന്നതിനാവശ്യമായ നടപടികൾക്കായി 2.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2250-00-103-86-34—ആചാര്യസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

ആചാരസ്ഥാനീയർ, കോലധാരികൾ എന്നിവർക്ക് ധനസഹായം നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**ബോർഡ് മെമ്പർമാരുടെ ടി.എ.**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 1350 ഓളം ക്ഷേത്രങ്ങളിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റിനും മെമ്പർമാർക്കും ഉദ്യോഗസ്ഥർക്കും ധാരാളം യാത്രകൾ നടത്തേണ്ടി വരുന്നതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ക്ഷേത്രക്കുളങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുക, ജലാശയങ്ങൾ, തടാകങ്ങൾ എന്നിവ സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾക്കായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ക്ഷേത്ര കലാ ഇൻസ്റ്റിറ്റ്യൂട്ട്**

അന്യംനിന്ന് പോകുന്ന ക്ഷേത്രാചാരങ്ങളും ക്ഷേത്ര കലകളും പരിപോഷിപ്പിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

3435-04-103-98—ശബരിമലയിലെ ഖരമാലിന്യ സംസ്കരണം

ബഡ്ജറ്റ് വിഹിതം : ഇല്ല

ശബരിമലയെ മാലിന്യമുക്തമാക്കുന്നതിനായി 'മാലിന്യമുക്ത ശബരിമല' എന്ന പദ്ധതി നടപ്പിലാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ശബരിമല സീറോ വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ സംസ്കരണത്തിനും മറ്റുമായി ഈ പദ്ധതിയുടെ കീഴിൽ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജല വിതരണവും ശുചീകരണവും

2215-02-105-95-36—ഗ്രാമീണ ശുചീകരണ സർവ്വീസുകൾ ശബരിമല ശുചീകരണ പദ്ധതികൾക്കുള്ള സഹായം—സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 87,12,000 (നോൺ പ്ലാൻ)

പ്രതിവർഷം കോടിക്കണക്കിന് തീർത്ഥാടകർ എത്തിച്ചേരുന്ന ശബരിമലയിൽ ദൈനംദിനം അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാവശ്യമായ ട്രാക്ടറുകളും ശുചീകരണത്തിനാവശ്യമായ സാധനങ്ങളും ലഭ്യമാക്കുന്നതിനും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും 1.2 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ കുടിശ്ശിക ആയിട്ടുള്ള 40 ലക്ഷം രൂപയും കൂടി ചേർത്ത് ഈ ശീർഷകത്തിൽ 1.5 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

2551-60-101-98—ശബരിമല മാസ്റ്റർ പ്ലാൻ (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 25 കോടി

ശബരിമലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി തയ്യാറാക്കിയിട്ടുള്ള ബൃഹത്തായ പദ്ധതിയാണ് ശബരിമല മാസ്റ്റർ പ്ലാൻ. പ്രതിവർഷം ശബരിമല സന്നിധാനത്ത് എത്തുന്ന 3 കോടിയിൽപ്പരം അയ്യപ്പഭക്തർക്ക് കാലവിളംബം കൂടാതെ ദർശനം നടത്തുന്നതിനും അനുബന്ധ സൗകര്യങ്ങളൊരുക്കുന്നതിനും വേണ്ടി തയ്യാറാക്കിയിട്ടുള്ള ഈ പദ്ധതിയിൽ സ്വാമി അയ്യപ്പൻ റോഡിന്റെ വികസനം, പുതിയ പ്രസാദം കോംപ്ലക്സ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, നടപ്പന്തലിന്റെ മുകൾനില, റോപ് വേ, പുതിയ ക്യൂ കോംപ്ലക്സുകൾ, റസ്റ്റിംഗ് പന്തലുകൾ, നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിന്റെ വികസനം തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയുടെ നടത്തിപ്പിനായി 25 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2013 ഏപ്രിൽ 25, 26 തീയതികളിൽ മൂന്നാറിൽ വച്ച് ചേരാൻ നിശ്ചയിച്ചിരുന്ന സമിതി യോഗവും സന്ദർശനവും മാറ്റി വയ്ക്കാൻ സമിതി തീരുമാനിച്ചു. പുതുക്കിയ തീയതി 15-5-2013-ലെ സമിതിയുടെ അടുത്ത യോഗത്തിൽ തീരുമാനിക്കാമെന്ന് തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 1.15-ന് പിരിഞ്ഞു.

## 2013 മേയ് 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2013 മേയ് 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ കോംപ്ലക്സിലെ V.ബി. കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.

ശ്രീ. ബാബു എം. പാലിശ്ശേരി, എം.എൽ.എ.

ശ്രീ. സി. കെ. നാണു, എം.എൽ.എ.

ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.

ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

സമിതി 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ VI, XI, XVII, XX, XXVIII, XXIX എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരടും 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരടും പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി 2013 മേയ് 30-ന് രാവിലെ ആലുവ ഗസ്റ്റ് ഹൗസിൽ യോഗം ചേരുന്നതിനും തുടർന്ന് മൂന്നാറിലേക്ക് യാത്ര തിരിക്കുന്നതിനും 2013 മേയ് 30, 31 തീയതികളിൽ മൂന്നാർ സന്ദർശിക്കുന്നതിനും യോഗം ചേരുന്നതിനും തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 2013 ജൂൺ 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II 2013 ജൂൺ മാസം 11-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4.30-ന് നിയമസഭാ കോംപ്ലക്സിലെ `V-B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്
2. ശ്രീ. ബാബു എം. പാലിശ്ശേരി

3. ശ്രീ. സി. കെ. നാണു

4. ശ്രീ. എ. പ്രദീപ്കുമാർ

5. ശ്രീ. പാലോട് രവി

6. ശ്രീ. വി. പി. സജീന്ദ്രൻ

7. ശ്രീ. എൻ. ഷംസുദ്ദീൻ

8. ശ്രീ. വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. റ്റി. ജെ. മാത്യു, സെക്രട്ടറി, റവന്യൂ വകുപ്പ്

2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ജി.എ.ഡി. & ദേവസ്വം വകുപ്പ്

3. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.

വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, സാധൂകരണത്തിനുള്ള എസ്.ആർ.ഒ.-കൾ എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു:

## കരട് ചട്ടങ്ങൾ

*Kerala Land Reforms (Tenancy) Amendment Rules 2012*

Kerala Land Reforms (Tenancy) Rules 1970-ലെ Rule 137A-യിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രസ്തുത കരട് ഭേദഗതിച്ചട്ടങ്ങൾ ഭേദഗതി കൂടാതെ അംഗീകരിച്ചു.

(ഫയൽ നമ്പർ 5899/സബ്.സി.ബി1/2012/ലെജി.)

### SRO-യുടെ സാധൂകരണം

(1) 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ 12 (1) ചട്ടപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പുതിയ പാട്ടത്തിനായുള്ള 6-ാം നമ്പർ ഫോറം ഭേദഗതി വരുത്തിക്കൊണ്ടുള്ള The Assignment of Land within Municipal and Corporation Areas (Amendment) Rules, 2011 (SRO 379/2011)

പരിഗണനയ്ക്കെടുക്കുകയും 6-ാം നമ്പർ ഫോറം അടിയന്തരമായി ഭേദഗതി വരുത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുന്ന മറുപടി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശത്തോടുകൂടി പ്രസ്തുത ഭേദഗതിച്ചട്ടങ്ങൾ സാധൂകരിച്ചു.

(ഫയൽ നമ്പർ 894/സബ്.സി.ബി1/2013/ലെജി.)

(2) 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിൽ സൗജന്യഭൂമി പതിവിനുള്ള വരുമാനപരിധി ഉയർത്തുന്നതിനുള്ള ഭേദഗതി വരുത്തിയ The Assignment of Land within Municipal and Corporation Areas (Amendment) Rules, 2013 (SRO 65/2013) പരിഗണനയ്ക്കെടുക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1674/സബ്.സി.ബി1/2013/ലെജി.)

തുടർന്ന് സമിതി വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

(1) 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3064/സബ്.സി./ബി1/12/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 22 മുതൽ 31 വരെയുള്ള ശുപാർശകളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ അംഗീകരിച്ചു.

(2) 2011–2012 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 4874/സബ്.സി./ബി1/12/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 5, 6 ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

കൂടാതെ 3-ാം നമ്പർ ശുപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റിന്മേൽ സമിതി ആവശ്യപ്പെട്ട പ്രകാരം ലഭ്യമാക്കിയ അധികവിവരം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 4874/സബ്.സി./ബി1/12/ലെജി.)

(3) 2006-2007 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 12082/സബ്.സി./ബി1/06/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 22-ാം നമ്പർ ശുപാർശയ്ക്കുള്ള മറുപടി സമിതി അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ നാലാമത് ശുപാർശയിൽ സ്വീകരിച്ച നടപടികളിന്മേൽ ലഭ്യമായ അധികവിവരം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(4) 2008–2009 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 15917/സബ്.സി./ബി1/08/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 18-ാം നമ്പർ ശുപാർശയ്ക്കുള്ള മറുപടി സമിതി അംഗീകരിച്ചു.

## ആക്ഷൻ ടേക്കൺ റിപ്പോർട്ട്

2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം 4.55-ന് പിരിഞ്ഞു.

## 2013 ജൂൺ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2013 ജൂൺ 20-ാം തീയതി ഉച്ചയ്ക്ക് 12.25-ന് V-C കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും, ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്
2. ശ്രീ. ബാബു എം. പാലിശ്ശേരി
3. ശ്രീ. സി. കെ. നാണു
4. ശ്രീ. എ. പ്രദീപ്കുമാർ
5. ശ്രീ. പാലോട് രവി
6. ശ്രീ. വി. പി. സജീന്ദ്രൻ
7. ശ്രീ. എൻ. ഷംസുദ്ദീൻ
8. ശ്രീ. വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, അഡീഷണൽ സെക്രട്ടറി.
2. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, റവന്യൂ (ദേവസ്വം)
2. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ, 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുത്തു. "2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ" ഭേദഗതി കൂടാതെ അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിൽ താഴെപ്പറയുന്ന ഭേദഗതിയോടു കൂടി അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

*Clause 4*

For clause 4 of the Bill, the following clause shall be substituted, namely:—

"4. *Insertion of section 7M*.—After section 7L of the principal Act, the following section shall be inserted, namely:—

*7M. Duties of the Board*.— The Board shall perform the following duties and functions, namely:—

(i) to ensure proper maintenance and upliftment of Hindu Religious Institutions;

(ii) to establish and maintain proper facilities in the temples for the devotees;

(iii) to allocate all the division under the Board to the members by rotation, who shall perform such functions as may be authorised by the Board including the working of the Area Committee".

പ്രസ്തുത രണ്ടു ബില്ലുകളും സംബന്ധിച്ച സമിതി റിപ്പോർട്ടുകളിന്മേൽ സർവ്വശ്രീ ബാബു എം. പാലിശ്ശേരി, സി. കെ. നാണു, എ. പ്രദീപ്കുമാർ, വി. എസ്. സുനിൽ കുമാർ എന്നിവർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

സമിതി യോഗം ഉച്ചയ്ക്ക് 12.50-ന് പിരിഞ്ഞു.

## 2013 ആഗസ്റ്റ് 27-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ ഒരു യോഗം 2013 ആഗസ്റ്റ് മാസം 27-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. നാണു
2. ശ്രീ. പാലോട് രവി
3. ശ്രീ. വി. പി. സജീന്ദ്രൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. ഹരി, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ടി. വി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. അബ്ദുൾ വാഹിദ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
3. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ഡോ. ടി. സജിത്ബാബു, അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
5. ശ്രീമതി പി. മേരിക്കുട്ടി, സെക്രട്ടറി, ലാന്റ് ബോർഡ്
6. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്.

സമിതിക്ക് ലഭ്യമായ കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

**I. കരട് ചട്ടങ്ങളുടെ പരിഗണന**

1. 2010-ലെ കേരളഭൂമി പതിവ് (ഭേദഗതി) ചട്ടങ്ങളുടെയും, 2011-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് (ഭേദഗതി) ചട്ടങ്ങളുടെയും പരിഗണന സംബന്ധിച്ച്.

(നമ്പർ 14032/സബ്.സി/ബി1/2010/ലെജി.)

1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലും അനുവദിച്ചിട്ടുള്ള ഭൂമിയുടെയും, വൃക്ഷങ്ങളുടെയും പാട്ടനിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ടിയാണ് കരട് ചട്ടം തയ്യാറാക്കിയിരിക്കുന്നത് എന്നും 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ഭേദഗതിയിലൂടെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ പാട്ടനിരക്ക് മാത്രമേ ഭേദഗതി ചെയ്യുന്നുള്ളൂവെന്നും പഞ്ചായത്ത് പ്രദേശത്ത് പാട്ടനിരക്ക് സംബന്ധിച്ച ഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല എന്നും ചെയർമാൻ അഭിപ്രായപ്പെട്ടു.

പഞ്ചായത്ത് ഏരിയയിൽ 1964-ലെ ചട്ടങ്ങൾ പ്രകാരവും മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ ചട്ടങ്ങൾ പ്രകാരവുമാണ് സർക്കാർഭൂമി പാട്ടത്തിന് നൽകുന്നത്. 2004-ലെ റേറ്റിലാണ് (മാർക്കറ്റ് വാല്യുവിന്റെ 20%) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിൽ ലീസ് റെന്റിന് കൊടുക്കുന്നത്. എന്നാൽ പഞ്ചായത്ത് ഏരിയകളിൽ 1995-ൽ നിലവിൽവന്ന റേറ്റാണ് നിലനിൽക്കുന്നത്. അതിനാൽത്തന്നെ കരട് ചട്ടത്തിൽ കാലോചിതമായ മാറ്റം ആവശ്യമാണെന്ന് വകുപ്പുദ്യോഗസ്ഥർ വെളിപ്പെടുത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ഭൂമി

പാട്ടനിരക്ക് എങ്ങനെയാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് സമിതി ആരാഞ്ഞു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 2004-ലെ റിവൈസ്ഡ് റേറ്റ് അനുസരിച്ചുള്ള മാർക്കറ്റ് വാല്യുവിന്റെ 2% ആണ് നിശ്ചയിച്ചിരിക്കുന്നത് എന്നും ആയത് സ്കൂൾ സ്ഥിതി ചെയ്യുന്ന എക്സ്റ്റൻഷൻ ഏരിയയ്ക്ക് മാത്രമാണെന്നും ഈ എക്സ്റ്റൻഷൻ ഏരിയയിൽ കവിഞ്ഞ് അവരുടെ കൈവശം ഭൂമിയുണ്ടെങ്കിൽ 10% നിരക്ക് കൂട്ടി അടയ്ക്കേണ്ടതാണെന്നും ഇത് സംബന്ധിച്ച റൂളിലെ വ്യവസ്ഥകളിൽ വ്യക്തതയില്ലെന്നും, എക്സ്റ്റൻഷൻ, ആയതും, അല്ലാത്തതും സംബന്ധിച്ച് ഇപ്പോഴും ഒരു അവ്യക്തത നിലവിലുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ലീസ് റെന്റിന് കൊടുക്കുന്ന അവസരത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാരും ഭൂമി വാങ്ങിയവരും തമ്മിൽ ധാരണയുണ്ടായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. ഏത് ആവശ്യത്തിനു വേണ്ടിയാണോ ഭൂമി പാട്ടത്തിന് നൽകുന്നത് അതിനല്ലാതെ വേറെ ഏതെങ്കിലും ആവശ്യത്തിനായി ആ ഭൂമി ഉപയോഗിച്ചാൽ സർക്കാരിന് അത് തിരിച്ചെടുക്കാൻ സാധിക്കുമെന്നും, ഈ തരത്തിൽ ഗോൾഫ് ക്ലബ്ബ്, ഓഫീസേഴ്സ് ക്ലബ്ബ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടെന്നും വകുപ്പധികൃതർ വ്യക്തമാക്കി. ഭൂമി കൈവശം വച്ചിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമോ, മറ്റ് ഏതെങ്കിലും സ്ഥാപനമോ വൻതോതിൽ പാട്ടക്കുടിശ്ശിക വരുത്തുന്ന സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിനായി വേറെ ഭൂമി സർക്കാരിന് നൽകുകയോ അല്ലെങ്കിൽ കൈവശം വച്ചിരിക്കുന്ന ഭൂമി വിട്ട് തരികയോ ചെയ്യാനുള്ള ബാദ്ധ്യതയുണ്ടെന്നും ആയത് പ്രായോഗികമാണോയെന്ന് പരിശോധിക്കേണ്ടതാണെന്നും ഇത് സംബന്ധിച്ച് നടന്ന ചർച്ചയിൽ വന്ന നിർദ്ദേശങ്ങളനുസരിച്ച് വീണ്ടും ഇതേ റൂൾ തന്നെ നടപ്പാക്കിയാൽ ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച്, പാട്ടനികുതി കുടിശ്ശിക കിട്ടാനുള്ള സാദ്ധ്യത കുറവാണെന്നും ഭൂമിയുടെ മാർക്കറ്റ് വിലയുള്ള 2% തുക ഭൂമി പാട്ടത്തിന് കൈവശം വച്ചിരിക്കുന്നവരിൽ നിന്നും വീണ്ടും ഈടാക്കാനുള്ള തീരുമാനം റൂളിൽ കൊണ്ടുവരണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. പാട്ടക്കുടിശ്ശിക പിരിക്കുന്ന റേറ്റ് 25 വർഷത്തിന് മുൻപ് നിലവിൽവന്ന റേറ്റായതിനാൽ ആയത് കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വെളിപ്പെടുത്തി.

പാട്ടത്തിന് കൊടുത്തിരിക്കുന്ന ഭൂമി, വിവിധ സ്ഥാപനങ്ങൾ തരേണ്ട കുടിശ്ശിക സംബന്ധിച്ച ജില്ലതിരിച്ചുള്ള വിശദമായ ലിസ്റ്റ്, 1964-നും 1995-നും ഇടയ്ക്ക് വന്നിട്ടുള്ള കുടിശ്ശിക, 1995-ന് ശേഷം വന്നിട്ടുള്ള കുടിശ്ശിക എന്നിവ സംബന്ധിച്ച വിശദവിവരം, ഈ വിഷയം സംബന്ധിച്ച അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ഉൾക്കൊള്ളുന്ന വിശദമായ മറുപടി എന്നിവ സമിതിക്ക് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വിശദമായ റിപ്പോർട്ട് ലഭ്യമായശേഷം പ്രസ്തുത ഭേദഗതി ചട്ടങ്ങൾ പരിഗണനയ്ക്ക് എടുക്കാമെന്ന് തീരുമാനിച്ചു.

2. 2012-ലെ ആരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് (അമെന്റ്മെന്റ്) റൂൾസ്.

(നമ്പർ 1675/സബ്.സി/ബി1/13/ലെജി.)

പ്രസ്തുത കരട് ഭേദഗതി ചട്ടങ്ങൾ സമിതി അംഗീകരിച്ചു.

II. **ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് പരിഗണന**

1. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(നമ്പർ 4874/സബ്.സി/ബി1/11/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 43-ാമത് ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

2. 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(നമ്പർ 15016/സബ്.സി/ബി1/10/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 8-ാമത് ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

3. 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(നമ്പർ 13795/സബ്.സി/ബി1/07/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 52-ാമത് ശുപാർശയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

4. 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(നമ്പർ 15917/സബ്.സി/ബി1/08/ലെജി)

പ്രസ്തുത റിപ്പോർട്ടിലെ 14-ാമത് ശുപാർശയിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവരം സംബന്ധിച്ച് ലഭ്യമായ മറുപടി സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട്.

(നമ്പർ 4307/സബ്.സി./ബി1/2011/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 43, 44 എന്നീ ഖണ്ഡികകളിലെ ശുപാർശകളിൻമേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

സമിതി യോഗത്തിൽ ചർച്ച ചെയ്യാൻ, ഉദ്ദേശിച്ചിരുന്ന 'ഭൂമി കേരളം പദ്ധതി' സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു.

സമിതിയോഗം ഉച്ചയ്ക്ക് ശേഷം 3.05-ന് പിരിഞ്ഞു.

## 7-11-2013-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ ഒരു യോഗം 2013 നവംബർ മാസം 7-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം. എൽ. എ.
2. ശ്രീ. പാലോട് രവി, എം. എൽ. എ.
3. ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ.
4. ശ്രീ. വി. എസ്. സുനിൽ കുമാർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഉദയകുമാർ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. പി. ഹരി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജി. കമല വർദ്ധന റാവു, സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. എം. ജി. രാജമാണിക്യം, ഡയറക്ടർ, സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്സ്
3. ശ്രീമതി കെ. എസ്. ഷീല, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

ഭൂമി കേരളം പദ്ധതി സംബന്ധിച്ച് സർവ്വേ വകുപ്പ് നടത്തിയ ഒരു പവർ പോയിന്റ് പ്രസന്റേഷനോടുകൂടി യോഗനടപടികൾ ആരംഭിച്ചു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളും നടത്തിപ്പും പ്രവർത്തന പുരോഗതിയും സംബന്ധിച്ച് സമിതി ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തി.

ഭൂമി കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥർ സമിതി മുമ്പാകെ വിവരിച്ചു. സ.ഉ. (കൈ) നമ്പർ 346/2008/ആർ.ഡി. തീയതി 17-10-2008 പ്രകാരം റവന്യൂ വകുപ്പിൻകീഴിൽ രൂപംകൊടുത്തിട്ടുള്ള കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ അതിന്റെ ഭൂമികേരളം പദ്ധതിയിലൂടെ ഭൂരേഖകളുടെ കമ്പ്യൂട്ടർവത്കരണം, നൂതന സർവ്വേ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂമിയുടെ മാപ്പിംഗ് എന്നിവ നടപ്പിലാക്കിവരുന്നു.

മൂന്ന് വർഷത്തിനുള്ളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കുക, പൊതുജനങ്ങളുടെ കൈവശമുള്ള ഭൂമിയുടെ കൃത്യമായ കണക്ക് രേഖപ്പെടുത്തുക, വനാവകാശ നിയമമനുസരിച്ച് ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള 25000 ഹെക്ടർ ഭൂമി സർവ്വേ ചെയ്യുക, എൻ.എൽ.ആർ.എം.പി. ഫണ്ടുപയോഗിച്ച് തിരുവനന്തപുരം താലൂക്കിലെ 33 വില്ലേജുകളിലെയും ഭൂമി റീസർവ്വേ ചെയ്യുക,

ഹാരിസൺ മലയാളത്തിന്റെ കൈവശമുള്ള ഭൂമി റീസർവ്വേ ചെയ്യുക, സ്പെഷ്യൽ പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ഭൂമിയുടെ സർവ്വേ നടത്തുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോട് കൂടിയാണ് 2008-ൽ പ്രസ്തുത പദ്ധതി ആരംഭിച്ചത്. റീസർവ്വേ നടപടികൾ പൂർത്തിയാക്കി ഭൂമി സംബന്ധിച്ച എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്ത് ഭൂമി കയ്യേറ്റം, ഭൂരേഖകൾ എന്നിവ സംബന്ധിച്ച റിക്കാർഡുകൾ ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ടി പദ്ധതിയിലൂടെ ആത്യന്തികമായി ലക്ഷ്യമിടുന്നതെന്ന് വകുപ്പധികൃതർ അറിയിച്ചു. ഇതിന്റെ ഭാഗമായി സർവ്വേ റിക്കോർഡുകളുടെ കാലാനുസൃതമായ പുതുക്കലും പരിപാലനവും, സർവ്വേ, രജിസ്ട്രേഷൻ, റവന്യൂ എന്നീ വകുപ്പുകളിലെ റിക്കാർഡുകളുടെ ഏകോപനം എന്നിവ നടപ്പിലാക്കിവരുന്നു. ഏകദേശം 27000 ഹെക്ടർ ഭൂമി സർവ്വേ നടത്തി വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് കൈമാറിയത് പ്രസ്തുത പദ്ധതിപ്രകാരമാണെന്നും, ഇതിനായി ലഭിച്ച അപേക്ഷകളിന്മേൽ സർവ്വേ നടപടികൾ പൂർത്തീകരിച്ച് നൽകിയതായും വകുപ്പധികൃതർ സമിതിയെ അറിയിച്ചു. തുടർന്ന് ആദിവാസികൾക്ക് നൽകിയ ഭൂമികയ്യേറ്റം സംബന്ധിച്ച സർവ്വേ നടപടിക്രമങ്ങൾ ഉദ്യോഗസ്ഥർ സമിതിയുടെ അറിവിലേക്കായി വിശദീകരിക്കുകയുണ്ടായി. സർവ്വേ നടത്തുന്നതിനായി സബ്ഡിവിഷൻ ലെവൽ കമ്മിറ്റിക്ക് ലഭ്യമായ അപേക്ഷകൾ പരിശോധിച്ചശേഷം ജില്ലാതല കമ്മിറ്റിക്ക് നൽകുകയും, അവർ പരിശോധിച്ച് അർഹതയുണ്ടെന്ന് ബോധ്യമായാൽ സർവ്വേ ഡിപ്പാർട്ടുമെന്റിന് അയച്ചുതരികയും, പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് വകുപ്പ് സർവ്വേ നടത്തുകയും ആണ് ചെയ്യുന്നതെന്നും ഉദ്യോഗസ്ഥർ വിശദീകരണം നൽകി.

ഭൂമികേരളം പദ്ധതി മുഖേന നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങളെ കുറിച്ച് താഴെപ്പറയും പ്രകാരം ഉദ്യോഗസ്ഥർ വിശദീകരിച്ചു:

### GPS സർവ്വേ

ഏറ്റവും കൃത്യതയാർന്ന കഡാസ്ട്രൽ മാപ്പിംഗിനായി സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്താൽ സംസ്ഥാനത്താകമാനം ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ (GCP) സ്ഥാപിച്ചുവരുന്നു. ഇതുവരെ 3634 GCP-കൾ സ്ഥാപിച്ചിട്ടുണ്ട്.

### ഡിജിറ്റൈസേഷൻ

ലാന്റ് റെക്കോർഡുകളുടെ കമ്പ്യൂട്ടർവത്കരണം സാദ്ധ്യമാക്കുന്നതിന്റെ ഭാഗമായി റീസർവ്വേ കഴിഞ്ഞ ഭൂരേഖകളുടെ കമ്പ്യൂട്ടർവത്കരണം GIS Software-ന്റെ സഹായത്താൽ നടത്തിവരുന്നു. ഭൂമിയുമായി ബന്ധപ്പെട്ട ഏതാവശ്യത്തിന്റെയും ഒരു വിവരശേഖരണമാണ് ടി പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്. സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ മുഖാന്തിരം 14 ജില്ലകളിലും ഡിജിറ്റൈസേഷൻ ലാബ് സ്ഥാപിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

### ഇ-രേഖ പദ്ധതി

റീസർവ്വേക്ക് മുമ്പ് നടത്തിയിട്ടുള്ള സർവ്വേകളുടെ എല്ലാത്തരം റിക്കാർഡുകളുടെയും (മാപ്പുകൾ, രജിസ്റ്ററുകൾ എന്നിവ) ശാസ്ത്രീയവും കാലോചിതവുമായ സംരക്ഷണവും കമ്പ്യൂട്ടർവത്കരണവുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

ഇപ്രകാരം സംരക്ഷിച്ച ഓൺലൈൻ സംവിധാനത്തിൽ റിക്കോർഡുകൾ കൊണ്ടുവരുന്നതിന് 6 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സി-ഡിറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതി രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഭൂമികേരളം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് റീസർവ്വേ നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ആശാവഹമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല എന്നഭിപ്രായപ്പെട്ട സമിതി, റീസർവ്വേ നടപടികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് ആരാഞ്ഞു. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ താഴെക്കാണും പ്രകാരമുള്ള വിവരങ്ങൾ സമിതിയെ ധരിപ്പിച്ചു.

ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷനും ജി.പി.എസ്സും ഉപയോഗിച്ച് നടത്തുന്ന മോഡേൺ സർവ്വേക്ക് സർവ്വേക്കല്ല് ആവശ്യമില്ലാത്തതിനാൽ സർവ്വേക്കല്ല് ഒഴിവാക്കുന്നതിലൂടെ കോടിക്കണക്കിന് രൂപ ലാഭിക്കാമെന്നും വകുപ്പധികൃതർ അറിയിച്ചു. ആകെയുള്ള 1535 വില്ലേജുകളിൽ 874 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. 1600-ഓളം സർവ്വേയർമാരുടെ തസ്തികകൾ ഉള്ള സർവ്വേ ഡിപ്പാർട്ടുമെന്റിൽ 800-ഓളം സർവ്വേയർമാർ മാത്രമേ നിലവിലുള്ളൂ. നിലവിലുള്ള സർവ്വേയർമാരെക്കൊണ്ട് ഒരു വർഷം 13 വില്ലേജുകളുടെ റീസർവ്വേ നടപടികൾ മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. മൂന്നോ നാലോ വർഷം കൊണ്ട് കേരളത്തിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കണമെങ്കിൽ സർവ്വേ നടപടികൾ ഔട്ട്സോഴ്സ് ചെയ്യണമെന്ന് വകുപ്പ് അധികൃതർ വ്യക്തമാക്കി. നിലവിൽ ഇപ്പോൾ ഒരു വില്ലേജ് സർവ്വേ ചെയ്യാൻ ഒരു ടീമിൽ മൂന്ന് സർവ്വേയർമാരെ വീതം ഉൾപ്പെടുത്തിക്കൊണ്ട് 20 ടീമുകളിലായി 60 സർവ്വേയർമാരാണ് ആവശ്യമായിവരുന്നത്. ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ മെത്തേഡ് ഉപയോഗിച്ചാണ് ഇപ്പോൾ റീസർവ്വേ ചെയ്യുന്നത്. നിലവിലുള്ള മെഷീനുകൾ ഉപയോഗിച്ചുകൊണ്ട് സർവ്വേ നടപടികൾ മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കാനാവില്ല. അതിനാൽ റീസർവ്വേയ്ക്ക് ആവശ്യമായ മെഷീനുകൾ ഔട്ട്സോഴ്സ് ചെയ്യണം. ഇപ്രകാരം ചെയ്യുമ്പോൾ മെഷീനുകൾ പ്രവർത്തിപ്പിക്കുവാൻ സ്വാഭാവികമായും പുറത്തുനിന്ന് ആൾക്കാർ ആവശ്യമായിവരും. ഈ സാഹചര്യത്തിൽ ഒരു ടീമിൽ വകുപ്പിലെ മൂന്ന് സർവ്വേയർമാർ എന്നത് മാറ്റി ഒരു സർവ്വേയറുടെ മേൽനോട്ടത്തിൽ ഒരു ടീം ഉണ്ടാക്കി സർവ്വേ നടപടികൾ ആരംഭിച്ചാൽ ഒരു വില്ലേജിന് വേണ്ടി 20 സർവ്വേയർമാരുടെ സേവനം മാത്രം മതിയാകുമെന്നും ഇപ്രകാരം മാറ്റം വരുത്തുന്നതിലൂടെ സർവ്വേ നടപടികൾ വളരെവേഗം പൂർത്തിയാക്കാൻ സാധിക്കുമെന്നും വകുപ്പ് അധികൃതർ സമിതിയെ അറിയിച്ചു.

ഹരിയാന, ഗുജറാത്ത്, കർണ്ണാടക, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ റീസർവ്വേ നടപടികൾ ഔട്ട്സോഴ്സ് ചെയ്താണ് പൂർത്തീകരിച്ചത് എന്നും വകുപ്പിലെ സർവ്വേയർമാരുടെ മേൽനോട്ടത്തിൽ റീസർവ്വേ നടപടികൾ ഔട്ട്സോഴ്സ് ചെയ്തതിന് ശേഷം ബാക്കിവരുന്ന സർവ്വേയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ട് വില്ലേജുകൾക്ക് ഒരു സർവ്വേയർ എന്ന നിലയിൽ താലൂക്ക് തലത്തിൽ ഒരു സർവ്വേ ടീം രൂപീകരിച്ച് നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകാവുന്നതുമായ പരാതികൾ തീർപ്പാക്കാൻ സാധിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി.

നിലവിലുള്ള ജീവനക്കാരെ മാത്രം നിലനിർത്തിക്കൊണ്ട് 'ഭൂമി കേരളം' പദ്ധതി പ്രകാരമുള്ള സർവ്വേ നിശ്ചിതസമയത്തിനകം പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം ആണ് ഇപ്പോൾ നിലവിലുള്ളത് എന്ന് സമിതി അഭിപ്രായപ്പെട്ടു. സർവ്വേ പൂർത്തിയായിക്കഴിഞ്ഞാൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന് കുറവ് വരില്ലേ എന്ന് സമിതി ആരായുകയുണ്ടായി. നിലവിലുള്ള ജീവനക്കാരെ താലൂക്ക് സർവ്വേ ടീമിലേക്ക് റീ-ഡിപ്ലോയ് ചെയ്യുമെന്നും റീസർവ്വേ നടന്നതിന് ശേഷവും, ധാരാളം പരാതികൾ വരാറുണ്ട് എന്നും അതിനാൽത്തന്നെ താലൂക്ക് സർവ്വേ ടീമുമായി ബന്ധപ്പെട്ട് നിലവിലുള്ള സർവ്വേ സ്റ്റാഫിനെ നിലനിർത്താൻ കഴിയുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. മലബാർ മേഖലയിൽ ഭൂമി കൈവശമുളളവർക്കാർക്കും തണ്ടപ്പേരില്ല എന്നും നിലവിൽ ടി പ്രദേശത്ത് ആർക്കൊക്കെ എന്തുമാത്രം ഭൂമി കൈവശമുണ്ടെന്ന് തിട്ടപ്പെടുത്താനാകാത്ത സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നതെന്ന് ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. ആധുനിക സർവ്വേയിലൂടെയും സർവ്വേ റിക്കാർഡ്സ് ഡിജിറ്റൈസ് ചെയ്യപ്പെടുന്നതിലൂടെയും ഭൂമിസംബന്ധമായ എല്ലാ വിവരങ്ങളും ഓൺലൈനായി റവന്യൂ വകുപ്പിൽ അറിയാൻ കഴിയുമെന്നും അതുവഴി ഭൂമി വിൽപ്പന/കൈമാറ്റം നടക്കുമ്പോൾത്തന്നെ ഭൂമിയുടെ പോക്കുവരവിനോടൊപ്പം റിക്കാർഡ് അപ്ഡേഷനും നടക്കുമെന്നും വകുപ്പധികൃതർ വ്യക്തമാക്കി.

പൊതുജനങ്ങൾക്ക് കുറ്റമറ്റരീതിയിൽ നല്ല രീതിയിലുള്ള സേവനമാണ് റീസർവ്വേ കൊണ്ടുദ്ദേശിക്കുന്നതെന്നും ആധുനിക സർവ്വേ വരുന്നതുകൊണ്ട് എല്ലാ സർവ്വേ റിക്കാർഡുകളും ഡിജിറ്റൈസ് ചെയ്യപ്പെടുകയാണ് ചെയ്യുന്നത് എന്നും രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ എന്നീ മൂന്ന് വകുപ്പുകളും ഏകോപിപ്പിച്ച് പൊതുജനങ്ങൾക്കുള്ള സേവനം എളുപ്പമാക്കുകയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം എന്നും വകുപ്പധികൃതർ സമിതിയെ അറിയിച്ചു.

ഹരിയാന, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ കേന്ദ്ര ഗവൺമെന്റ് ഫണ്ട് നല്ല രീതിയിൽ വിനിയോഗിച്ചും ഔട്ട് സോഴ്സിംഗ് നടത്തിയുമാണ് റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞത് എന്ന് അഭിപ്രായപ്പെട്ട സമിതി ഔട്ട്സോഴ്സിംഗ് വിജയകരമായി പൂർത്തിയാക്കിയ ഹരിയാന, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുന്നതിനായി ഡിസംബർ 1-ന് യാത്രതിരിക്കാൻ തീരുമാനിക്കുകയും ചെയ്തു. സന്ദർശനം പൂർത്തിയാക്കിയതിനുശേഷം റീസർവ്വേ നടപടികൾ ഔട്ട്സോഴ്സ് ചെയ്യുന്നതിനെക്കുറിച്ച് സമിതിയുടെ അഭിപ്രായം രേഖപ്പെടുത്താമെന്ന് സമിതി തീരുമാനിച്ചു. റവന്യൂ വകുപ്പിൽ ലഭ്യമായ പഴയ രേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആരംഭിച്ച മ്യൂസിയം സമിതിയുടെ അടുത്ത യോഗത്തിന് ശേഷം സന്ദർശിക്കുന്നതിനും സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് ശേഷം 3.30-ന് സമാപിച്ചു.

## 11-12-2013-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2013 ഡിസംബർ മാസം 11-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 1.00 മണിക്ക് തിരുവനന്തപുരത്ത് വഴുതയ്ക്കാടുള്ള സർവ്വേ ഡയറക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ, ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ശ്രീ. സി. കെ. നാണു, എം.എൽ.എ.
3. ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.
4. ശ്രീ. പാലോട് രവി, എം.എൽ.എ.
5. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
6. ശ്രീ. വി. എസ്. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി കെ. എസ്. ഷീല, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. എം. ജി. രാജമാണിക്യം, ഡയറക്ടർ, സർവ്വേ ലാന്റ് റിക്കാർഡ്സ് വകുപ്പ്.

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ കർണ്ണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഹരിയാന എന്നീ നാല് സംസ്ഥാനങ്ങളിലെ സന്ദർശനം, ഭൂസർവ്വേയിലെ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ സഹായകമായെന്നും കേരളത്തിൽ ഇവ എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാം എന്ന തിനെക്കുറിച്ചും ഇപ്പോഴത്തെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തിക്കൊണ്ടും സമിതി മുൻപാകെ ഒരു പവർപോയിന്റ് പ്രസന്റേഷൻ സർവ്വേ & ലാന്റ് റിക്കാർഡ്സ് വകുപ്പ് ഡയറക്ടർ നടത്തി.

സമിതി സന്ദർശിച്ച കർണ്ണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ നാഷണൽ ലാന്റ് റെക്കോർഡ്സ് മാനേജ്മെന്റ് (NLRM)-ന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളുടെ മേന്മകളും പോരായ്മകളും ഡയറക്ടർ വിശദീകരിച്ചു.

നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി കർണ്ണാടക നടപ്പിലാക്കിയ 'ഭൂമി കർണ്ണാടക' പ്രോജക്ടിലെ പ്രത്യേകത പ്രീമ്യൂട്ടേഷൻ

സ്കെച്ചാണെന്നും (പി.എം.എസ്.) ഏതെങ്കിലും ഒരു ഭൂമിയുടെ രജിസ്ട്രേഷൻ നടത്തുന്നതിനു മുൻപായി വകുപ്പ് ചുമതലപ്പെടുത്തുന്ന ലൈസൻസ്ഡ് സർവ്വേയർ സ്ഥലത്തിന്റെ പി.എം.എസ്., സ്ഥലം വാങ്ങുന്നയാളിന്റേയും വില്പനക്കാരന്റേയും അറിവോടുകൂടി തയ്യാറാക്കേണ്ടതും അതിന് അംഗീകാരം വാങ്ങേണ്ടതുമായതിനാൽ ഭൂമി ക്രയവിക്രയത്തിൽ യാതൊരു തർക്കവും ഉണ്ടാവുകയില്ലെന്നും ഇതിനുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ അതിന്റെ അവസാനഘട്ടംവരെ നിയന്ത്രിക്കുന്നത് ഒരു കമ്പ്യൂട്ടർവത്കൃത വ്യവസ്ഥയായതിനാൽ കൃത്യതയോടു കൂടിയുള്ള ലാന്റ് റെക്കോർഡ്സ് ലഭിക്കുന്നു എന്നുള്ളതും ഇതിന്റെ സവിശേഷതയാണെന്ന് ഡയറക്ടർ വിശദമാക്കി.

1800 സർക്കാർ സർവ്വേയർമാർക്കു പുറമേ 2500 ലൈസൻസ്ഡ് സർവ്വേയർമാർ സംസ്ഥാനവ്യാപകമായി ഈ പ്രോജക്ടിനായി സേവനമനുഷ്ഠിക്കുന്നുണ്ടെന്നും പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നത് അതിന്റെ തന്നെ പ്രവർത്തനങ്ങളിൽനിന്നുമാണെന്നും അതായത് ഒരു അപേക്ഷയ്ക്ക് 1,500 രൂപ യൂസർ ഫീയായി വാങ്ങുന്നതിനാൽ ലൈസൻസ്ഡ് സർവ്വേയർമാർക്ക് ശരാശരി 1,200 രൂപ വേതനമായി നൽകുന്നതിന് സാധിക്കുന്നുണ്ടെന്നും ബാക്കി തുക കോർപ്പസ് ഫണ്ടായി സ്വരൂപിച്ച് അനുബന്ധപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയുമാണ് ചെയ്യുന്ന തെന്നും ഡയറക്ടർ വ്യക്തമാക്കി.

വളരെ ചെറിയ വിസ്തീർണ്ണമുള്ള ഒരു ഭൂമിക്ക് പോലും ലൊക്കേഷനും അതിരുകളും കൃത്യമായി കണക്കാക്കാൻ കഴിയുന്നതിനാൽ വാങ്ങുന്നയാളിന്റെ താല്പര്യം സംരക്ഷിച്ച് അതിർത്തിതർക്കങ്ങൾ ഇല്ലാതെ പ്രമാണം വളരെ വേഗത്തിലും കൃത്യതയിലും നൽകുവാൻ കഴിയുന്നു എന്നതും ഈ പ്രോജക്ടിന്റെ ഒരു പ്രത്യേകതയാണെന്നും കൂടാതെ സർക്കാർ ഭൂമി നിയമവിരുദ്ധമായി ക്രയവിക്രയം ചെയ്യുന്നത് തടയുന്നതിനും ഒരേ വസ്തുവിന്റെ പലതവണയുള്ള വില്പന, നിലവിലില്ലാത്ത വസ്തുവിന്റെ വില്പന തുടങ്ങിയ വഞ്ചനാത്മക പ്രവൃത്തികൾ തടയുന്നതിന് കഴിയുമെന്നുള്ളതും ഈ പദ്ധതിയുടെ നേട്ടം തന്നെയാണെന്ന് ഡയറക്ടർ വ്യക്തമാക്കി. റവന്യൂ, രജിസ്ട്രേഷൻ സർവ്വേ വകുപ്പുകൾ കൂട്ടി യോജിപ്പിച്ചുകൊണ്ടുള്ള രീതിയാണ് ആന്ധ്രാമോഡൽ പ്രോജക്ടെന്നും ലൈസൻസ്ഡ് സർവ്വേയർ സിസ്റ്റത്തിലൂടെ റീസർവ്വേ ഔട്ട്സോഴ്സ് ചെയ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ ഇത് ഒരു പൈലറ്റ് പ്രോജക്ടായി ചെയ്യാൻപറ്റുന്ന ഒന്നാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

കർണ്ണാടകയിൽ നടപ്പിലാക്കിയ പദ്ധതിയുടെ മറ്റൊരു പതിപ്പാണ് ഗുജറാത്തിൽ നടപ്പിലാക്കിയിരിക്കുന്നതെന്നും ഈ രീതി നടപ്പിലാക്കുകയാണെങ്കിൽ സർക്കാർഭൂമി ഒരിക്കലും അന്യാധീനപ്പെട്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയില്ലെന്നും എന്നാൽ ഇൻഡിവിഡ്വൽ ലാന്റിൽ കുറവുവരാൻ സാധ്യതയുണ്ടെന്നും സർവ്വേ വകുപ്പ് ഡയറക്ടർ സംശയം പ്രകടിപ്പിച്ചു. ഗുജറാത്തിൽ ആകെ 33 ജില്ലകളുടെ റീസർവ്വേ 2015-ഓടെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് കണക്കാക്കിയിരിക്കുന്നതായും ഔട്ട്സോഴ്സിംഗ് മുഖേന റീസർവ്വേ പൂർത്തിയാക്കി എന്നതാണ് ഈ മോഡലിന്റെ

പ്രത്യേകതയെന്നും ലാന്റ് റെക്കാർഡുകളെല്ലാം ഒരു ഓഫീസിൽത്തന്നെ അപ്ഡേറ്റ് ചെയ്യാൻ സാധിക്കുമെന്നതാണ് മറ്റൊരു സവിശേഷതയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഏരിയൽ ഫോട്ടോമെട്രിക് സാറ്റലൈറ്റ് സർവ്വേയാണ് ഹരിയാന മോഡൽ റീസർവ്വേയുടെ പ്രത്യേകതയെന്നും ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഉദ്യോഗസ്ഥരും തമ്മിൽ പരസ്പര ബന്ധമുള്ളതിനാൽ ഉപയോക്താവിന് ഭൂമി രജിസ്ട്രേഷനായി മറ്റൊരു ഓഫീസിലേക്ക് പോകേണ്ടിവരുന്നില്ലയെന്നും ലൈസൻസുള്ള സർവ്വേയർമാരെ ഉൾപ്പെടുത്തി റീസർവ്വേ ഔട്ട്സോഴ്സ് ചെയ്യപ്പെട്ടിരിക്കുന്ന രീതിയാണ് ഈ പദ്ധതിക്കുള്ളതെന്നും അദ്ദേഹം വിശദമാക്കി.

തുടർന്ന് കേരളത്തിൽ റീസർവ്വേ കുറ്റമറ്റരീതിയിലും വേഗത്തിലും ചെയ്തു തീർക്കുന്നതിന് ചില നിർദ്ദേശങ്ങൾ ഡയറക്ടർ സമിതി മുൻപാകെ അവതരിപ്പിച്ചു.

കേരളത്തിൽ ആകെ വിസ്തീർണ്ണമായ 36863 ചതുരശ്ര കിലോമീറ്ററിൽ 10546 ചതുരശ്രകിലോമീറ്ററോളം വനപ്രദേശമാണെന്നും ആകെ 1634 വില്ലേജുകളിൽ 864 വില്ലേജുകളുടെ റീസർവ്വേ നടപടി പൂർത്തിയാക്കിയിട്ടുണ്ടെന്നും 9617 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണത്തിന്റെ റീസർവ്വേ നടപടികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി. സർവ്വേ വകുപ്പിൽ നിലവിലുള്ള 1600 സർവ്വേയർമാരിൽ പകുതിയോളം പേരെ ഡിസ്ട്രിക്ട് എസ്റ്റാബ്ലിഷ്മെന്റ് ജോലികൾക്കായോ നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട ജോലികൾക്കായോ നിയോഗിക്കാറുണ്ടെന്നും അതിനാൽ റീസർവ്വേയുമായി ബന്ധപ്പെട്ട ജോലികൾക്ക് 800-ഓളം സർവ്വേയർമാരുടെ സേവനം മാത്രമേ ലഭിക്കാറുള്ളൂവെന്നും മൂന്നംഗങ്ങൾ വീതമുള്ള 20 ടീമുകളെ ഉപയോഗിച്ച് ഒരു വില്ലേജിന്റെ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാൻ ഒരു വർഷം വേണ്ടിവരുമെന്നും ഈ രീതിയിൽ വകുപ്പിലുള്ള എല്ലാ സർവ്വേയർമാരേയും ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഒരു വർഷത്തിൽ 13 വില്ലേജുകളുടെ റീസർവ്വേ നടപടികൾ മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂയെന്നും ഇനിയും സർവ്വേ പൂർത്തിയാക്കേണ്ട 770 വില്ലേജുകൾക്ക് ഒരു വർഷം പതിമൂന്ന് വില്ലേജുകൾ എന്ന കണക്കിൽ 60 വർഷം വേണ്ടിവരുമെന്നും ഇങ്ങനെ കാലതാമസം നേരിടുകയാണെങ്കിൽ ഒരിക്കലും കേരളത്തിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ സാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ആയതിനാൽ ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഹരിയാന, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങൾ സ്വീകരിച്ചതുപോലെ ഔട്ട്സോഴ്സിംഗ് എന്ന മാർഗ്ഗം സ്വീകരിക്കുകയാണെങ്കിൽ 2 വർഷത്തിനുള്ളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നും റീസർവ്വേ നടപടി പൂർത്തിയാക്കുന്നതിന് കേരളത്തിന്റെ സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ശമ്പളമുൾപ്പെടെ സ്ക്വയർ കിലോമീറ്ററിന് ഏതാണ്ട് മൂന്നര ലക്ഷം ചെലവുവരുമെന്നിരിക്കെ മറ്റു സംസ്ഥാനങ്ങളിൽ ഔട്ട്സോഴ്സിംഗിന് സ്ക്വയർ കിലോമീറ്ററിന് 18,000 രൂപ മാത്രമാണ് ചെലവുവരുന്നതെന്നും അതിനാൽ റീസർവ്വേ ഔട്ട്സോഴ്സ് ചെയ്യപ്പെടുകയാണെങ്കിൽ റീസർവ്വേ നടപടികൾ രണ്ട് വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അതിന് ഏകദേശം 50 കോടി രൂപ മാത്രമേ ചെലവുവരികയുള്ളൂ എന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

ഈ രീതി അവലംബിക്കുകയാണെങ്കിൽ നിലവിൽ സർവ്വേ വകുപ്പിൽ ജോലിചെയ്യുന്ന സർവ്വേയർമാരെ ഉൾപ്പെടുത്തി ഒരു പ്രത്യേക വിംഗ് രൂപീകരിച്ച് റീസർവ്വേയ്ക്കുശേഷമുള്ള പരാതി പരിഹരിക്കുന്നതിനും മറ്റു ജോലികൾക്കുമായി നിയോഗിക്കാമെന്നും അങ്ങനെ രണ്ട് കൊല്ലം കൊണ്ട് റീസർവ്വേ നടപടി പൂർത്തിയാക്കി ഭൂമി സംബന്ധമായ കുറ്റമറ്റ ഒരു റെക്കോർഡ് സിസ്റ്റം രൂപീകരിക്കുവാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി. കൂടാതെ രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ എന്നീ വകുപ്പുകളെ നെറ്റ്വർക്കിലൂടെ കൂട്ടിയോജിപ്പിച്ചാൽ പൊതുജനങ്ങൾക്ക് വളരെവേഗത്തിൽ സേവനം ലഭ്യമാക്കാൻ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സർവ്വേ പൂർത്തീകരിച്ച തിനുശേഷമുള്ള എല്ലാ രേഖകളും സ്കാൻ ചെയ്ത് സെർവർ സിസ്റ്റത്തിലൂടെ അപ്ലോഡ് ചെയ്യുന്നതിനും ഇ-രേഖ പ്രോജക്ടിലൂടെ 100 വർഷം വരെ പഴക്കമുള്ള റെക്കോർഡുകൾ സ്കാൻ ചെയ്ത് ഓൺലൈൻ വഴി പൊതുജനങ്ങളിലെത്തിക്കുന്നതി നുള്ള സംവിധാനവും വകുപ്പ് ആരംഭിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം താലൂക്കിലെ ഡിജിറ്റൈസേഷൻ പ്രോജക്ട് നടപ്പിലാക്കുന്നത് സി-ഡിറ്റ് മുഖാന്തിരമാണെന്നും അദ്ദേഹം തുടർന്നറിയിച്ചു.

നിലവിലെ ജീവനക്കാർക്ക് ഇതു സംബന്ധിച്ച ട്രെയിനിംഗ് നൽകുന്നുണ്ടോ യെന്നും റീസർവ്വേ ഔട്ട്സോഴ്സിംഗിനായി ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതുണ്ടോ യെന്നും സമിതി ആരാഞ്ഞപ്പോൾ നിലവിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ടെന്നും ഇതിനായി ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തന്നെയുണ്ടെന്നും കേന്ദ്ര ഗവൺമെന്റിന്റെ സ്കീം അനുസരിച്ച് ഔട്ട്സോഴ്സിംഗ് ചെയ്യുകയാണെങ്കിൽ പകുതി തുക കേന്ദ്രം അനുവദിക്കുമെന്നും മറുപടിയായി ഡയറക്ടർ അറിയിച്ചു.

ഔട്ട്സോഴ്സിംഗ് ചെയ്യുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ ജോലി നഷ്ടപ്പെടാൻ ഇടവരരുതെന്നും അതോടൊപ്പം റീസർവ്വേ നടപടികൾ പൂർത്തീകരിക്കേണ്ടതും വിവിധ വകുപ്പുകൾ തമ്മിലുള്ള പരസ്പര സംയോജനം എന്നതും പ്രധാന വിഷയമായി പരിഗണിക്കേണ്ടതാണെന്നും സമിതി അംഗങ്ങൾ അറിയിച്ചു.

ജീവനക്കാരിൽ കുറച്ചുപേരെ താലൂക്ക് തലത്തിൽ പുനർവിന്യസിച്ചാൽ അവരുടെ ജോലി നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കുമെന്നും സർക്കാരിന്റെ അനുമതി ലഭിക്കുകയാണെങ്കിൽ വകുപ്പുകളുടെ കോ-ഓർഡിനേഷൻ വളരെ വേഗം ചെയ്യാൻ കഴിയുമെന്നും ഡയറക്ടർ വ്യക്തമാക്കി.

യോഗാനന്തരം സമിതി സർവ്വേ മ്യൂസിയവും ലൈബ്രറിയും സന്ദർശിക്കുകയുണ്ടായി. റെക്കോർഡുകൾ സ്കാൻ ചെയ്യുന്ന സി.ഡിറ്റിന്റെ ഡിജിറ്റൈസേഷൻ സംവിധാനമുള്ള സെൻട്രൽ സർവ്വേ ഓഫീസും സമിതി സന്ദർശിച്ചു. സമിതി അംഗങ്ങൾക്കായി ഉദ്യോഗസ്ഥർ ആധുനിക സർവ്വേയെ സംബന്ധിച്ചുള്ള ഇ.ടി.എസ്. ഉപകരണത്തിന്റെ ഡെമോൺസ്ട്രേഷൻ നടത്തുകയുണ്ടായി.

ഉച്ചയ്ക്കുശേഷം 2.35-ന് യോഗം പിരിഞ്ഞു.

# 18-2-2014 -ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ യോഗം 2014 ഫെബ്രുവരി മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ 'V ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ തദവസരത്തിൽ സന്നിഹിതനായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം. എൽ. എ.
2. ശ്രീ. സി. കെ. നാണു, എം. എൽ. എ.
3. ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സത്യജിത് രാജൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീമതി എസ്. ലളിതാംബിക, സെക്രട്ടറി, ലാന്റ് ബോർഡ്
3. ഡോ. എ. കൗശിഗൻ, ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്
4. ശ്രീ. എം. സി. മോഹൻദാസ്, കമ്മീഷണർ, ലാന്റ് റവന്യൂ വകുപ്പ്
5. ശ്രീമതി പി. മേരിക്കുട്ടി, ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ വകുപ്പ്
6. ശ്രീമതി കെ. എസ്. ഷീല, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
7. ശ്രീ. റ്റി. വി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
8. ശ്രീമതി സാധന എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
9. ഡോ. ശേഖർ എൽ. കുര്യാക്കോസ്, അംഗം, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി.

സമിതി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന VI—ഭൂനികുതി, XXVI—പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്നിവയുടെ സൂക്ഷ്മ പരിശോധന നടത്തി.

റവന്യൂ വകുപ്പിൽ വളരെ കാലപ്പഴക്കം ചെന്ന വാഹനങ്ങളാണ് നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതെന്നും അതിനാൽ ദുരന്തബാധിത സ്ഥലങ്ങളിൽ എത്താൻ കഴിയുന്നില്ലായെന്ന് വിലയിരുത്തിയ സമിതി വകുപ്പിലേക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കാൻ സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. ധനകാര്യ വകുപ്പിന്റെ മാനദണ്ഡം അനുസരിച്ച് ഒരു നിശ്ചിത കിലോമീറ്റർ ഓടിക്കഴിഞ്ഞ തിനുശേഷം മാത്രമേ പുതിയ വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകാറുള്ളൂ എന്നതിനാൽ വാഹനങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കെടുത്ത് മാറ്റി വാങ്ങുന്നതിനുള്ള വാഹനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അടുത്ത യോഗത്തിൽ സമിതിക്ക് ലഭ്യമാക്കണമെന്നും അതിനുശേഷം അതു സംബന്ധിച്ച ശുപാർശ നൽകാമെന്നും സമിതി അഭിപ്രായപ്പെട്ടു.

പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിലവിൽ ശീർഷകം ഇല്ലാത്തതിനാൽ പുതിയ ഒരു ശീർഷകം ആരംഭിച്ചെങ്കിൽ മാത്രമേ പ്രസ്തുത ആവശ്യത്തിലേക്കുള്ള തുക വകയിരുത്താൻ കഴിയുകയുള്ളുവെന്ന് വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

സംസ്ഥാനത്തെ ഓരോ ജില്ലയിലേയും വില്ലേജാഫീസ് ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ കുടിശ്ശിക കൊടുത്തു തീർക്കാനുള്ളതിനാൽ 2029-00-101-99-04-1 വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്— യാത്രാചെലവുകൾ—യാത്രാബത്ത എന്ന ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 48,44,000 രൂപയ്ക്ക് പുറമെ 40 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ബഡ്ജറ്റ് വിഹിതമായി 100 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10 കോടി രൂപയാണ് 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഫണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ 2015-ഓടുകൂടി പദ്ധതി പൂർത്തിയാക്കുന്നതിനായി ബാക്കി തുകയായ 90 കോടി രൂപ '2029-00-800-76 ഭൂരഹിതരില്ലാത്ത കേരളം' എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

വടകരയിലെ ഏറാമല പഞ്ചായത്തിൽ വില്ലേജ് ആഫീസ് നിർമ്മിക്കുന്നതിന് അഞ്ച് സെന്റ് സ്ഥലം നൽകിയിട്ടുണ്ടെങ്കിലും അനുവദിച്ച തുക തികയാത്തതിനാൽ കെട്ടിടം പണി തുടങ്ങിയിട്ടില്ലെന്ന് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി. കൂടാതെ അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന മണ്ണാർക്കാട്-1 വില്ലേജാഫീസ് പുതുക്കി പണിയുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യേണ്ടതാണെന്നും ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കഠിനംകുളം വില്ലേജ് ആഫീസിന്റെ പൊളിഞ്ഞുവീണ കെട്ടിടം പുതുക്കി പണിയേണ്ടതും അടിയന്തിരമായി ചെയ്തുതീർക്കേണ്ട പ്രവർത്തികളാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ മേൽപ്പറഞ്ഞ വില്ലേജ് ആഫീസ് കെട്ടിടങ്ങൾ സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തി അടിയന്തിരമായി പുതുക്കി പണിയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

റവന്യൂ വകുപ്പിലെ കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപ്പണികൾക്ക് ബഡ്ജറ്റിൽ സാധാരണയായി തുക വകയിരുത്താറില്ലാത്തതിനാൽ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഫണ്ടാണ് ഇതുവരെ ഈ ആവശ്യത്തിലേക്കായി വകമാറ്റി ചെലവഴിച്ചിരുന്നത്. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം അനുസരിച്ച് വാർഷിക അറ്റകുറ്റപ്പണികൾക്ക് അതിൽ നിന്നും തുക നൽകാൻ സാധിക്കാത്തതിനാൽ കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപ്പണികൾക്കായി 2029-00-001-99-99 ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസ്—വിവര സാങ്കേതിക വിദ്യ എന്ന ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഭൂമി സംബന്ധമായ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായി 25% കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തേണ്ട 75% തുകയായ 9 കോടി 70 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 3 കോടി 20 ലക്ഷം രൂപ മാത്രമാണ് ഇപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നും ആയതിനാൽ ബാക്കി തുകയായ 6 കോടി 50 ലക്ഷം രൂപ കൂടി 2506-00-103-93-(03)—ഭൂമി സംബന്ധമായ റിക്കോർഡുകളുടെ ആധുനികവത്ക്കരണം- രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവത്ക്കരണം എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

വളരെ കാലപ്പഴക്കം ചെന്ന വാഹനങ്ങളാണ് സർവ്വേ വകുപ്പിൽ ഇപ്പോഴുള്ളത്. വകുപ്പ് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 30 വാഹനങ്ങളിൽ 13 എണ്ണവും പതിനഞ്ച് വർഷത്തിലേറെ പഴക്കമുള്ളവയാണ്. റീസർവ്വേ നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ആധുനിക ഉപകരണങ്ങൾ ഫീൽഡിൽ എത്തിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടക്കുന്ന മലമ്പ്രദേശങ്ങളിലും നിരപ്പു കുറഞ്ഞ പാതകളിലും ദീർഘദൂരം സഞ്ചരിക്കേണ്ടിവരുന്നതിനാൽ പഴയ വാഹനങ്ങൾക്ക് തുടരെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടിവരികയും ചെലവ് അധികരിക്കുകയും ചെയ്യുന്നു. പുതിയ വാഹനം വാങ്ങുന്നതിനായി പലതവണ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും, കഴിഞ്ഞ 5 വർഷങ്ങളായി തുക നൽകിയിട്ടില്ലാത്തതിനാൽ 30 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ഒരു വാഹനത്തിന് 6 ലക്ഷം രൂപ നിരക്കിൽ ഒരു കോടി എൺപത് ലക്ഷം രൂപ 2029-00-102-95-21(1), 2029-00-102-99-21 (1) എന്നീ രണ്ടു ശീർഷകങ്ങളിലായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യു.

തുടർന്ന് റീസർവ്വേ നടപടികളുടെ പുരോഗതിയെപ്പറ്റി സമിതി ആരാഞ്ഞു. ഈ വർഷം 55 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്ന തെന്നും ഇതിൽ 50 ശതമാനം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും സംസ്ഥാനത്താകെ 1635 റവന്യൂ വില്ലേജുകളിൽ 796 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കിയിട്ടുണ്ടെന്നും 435 വില്ലേജുകളിൽ ഇതുവരെ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ലെന്നും സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ സമിതിയിൽ വ്യക്തമാക്കി.

റീസർവ്വേ നടപടികൾ ഈ രീതിയിൽ മുന്നോട്ടു പോകുകയാണെങ്കിൽ ആയത് പൂർത്തിയാക്കാൻ മൂന്നോ നാലോ വർഷം വേണ്ടിവരുമെന്നും ആയതിനാൽ സർവ്വേ വകുപ്പിലെ ജീവനക്കാരുടെ തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ അവരെക്കൂടെ ചുമതലക്കാരാക്കികൊണ്ട് റീസർവ്വേ ഔട്ട്സോഴ്സ് ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയാണെങ്കിൽ 60 കോടി രൂപയ്ക്കുള്ളിൽ ആയത് പൂർത്തിയാക്കാൻ സാധിക്കുമെന്നും ഇതു സംബന്ധിച്ച് സമിതി നടത്തിയ സന്ദർശന പഠന പര്യടനത്തെ തുടർന്ന് സമിതി തയ്യാറാക്കിയ റിപ്പോർട്ടിൽ റീസർവ്വേ ഔട്ട്സോഴ്സ് ചെയ്യുന്ന ഏജൻസികളുമായി ചർച്ചചെയ്ത് രണ്ട് വർഷത്തിനുള്ളിൽ റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള ശുപാർശകൾ ഉൾപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് സർവ്വേ ഭവന്റെ മൂന്നാമത്തെ നിലയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 25 ലക്ഷം രൂപയും നാലാമത്തെ നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2.5 കോടി രൂപയും ആവശ്യമായി വരുമെന്നതിനാൽ ഒരു പുതിയ ശീർഷകം ആരംഭിച്ച് ഈ ആവശ്യത്തിലേക്കായി 2.75 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

സമിതിയുടെ 24-2-2014-ന് ചേരാൻ തീരുമാനിച്ചിരുന്ന യോഗം 4-3-2014-ലേക്ക് മാറ്റുന്നതിന് തീരുമാനിച്ചു.

യോഗം രാവിലെ 11.15-ന് അവസാനിച്ചു.

## 4-3-2014-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ യോഗം 2014 മാർച്ച് മാസം 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ തദവസരത്തിൽ സന്നിഹിതനായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. സി. കെ. നാണു, എം.എൽ.എ.
2. ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.
3. ശ്രീ. പാലോട് രവി, എം.എൽ.എ.
4. ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.
5. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. സത്യജിത് രാജൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. കെ. സി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
3. ശ്രീമതി സാധന എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി എസ്. വി. കല, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. പി. എസ്. സുരേഷ്, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്
6. ശ്രീമതി എസ്. ലളിതാംബിക, സെക്രട്ടറി, ലാന്റ് ബോർഡ്
7. ശ്രീ. എം. സി. മോഹൻദാസ്, കമ്മീഷണർ, ലാന്റ് റവന്യൂ വകുപ്പ്
8. ശ്രീ. കെ. രവികുമാർ, കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്
9. ഡോ. എ. കൗശിഗൻ, ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്
10. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി.

സമിതി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന XI—ജില്ലാഭരണവും പലവകയും, XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ എന്നിവയുടെ സൂക്ഷ്മപരിശോധന നടത്തി.

റവന്യൂ വകുപ്പിൽ ഇപ്പോൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ മിക്കവയും വളരെ കാലപ്പഴക്കമുള്ളതും അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തവയുമാണ്. ഇക്കാരണത്താൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയതിനാൽ പ്രസ്തുത വിഷയത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച് പഴയ വാഹനങ്ങൾ കണ്ടം ചെയ്ത് പുതിയ 45 വാഹനങ്ങൾ വാങ്ങുന്നതിന് 2 കോടി 92 ലക്ഷത്തിഅമ്പതിനായിരം രൂപ അധികമായി ആവശ്യമുണ്ട്. കൂടാതെ ശബരിമല സീസണോടനുബന്ധിച്ച് ചെലവു വരുന്ന തുകയും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കായി ജില്ലകളിൽ ചെലവായ തുകയും കൊടുത്തു തീർക്കുന്നതിന് ആവശ്യമായ തുകയും ചേർത്ത് 5.24 കോടി രൂപ 2053-00-093-99-ജില്ലാ എസ്റ്റാബ്ലിഷ്മെന്റ്-കളക്ടർമാരും മജിസ്ട്രേറ്റുമാരും, 2053-00-093-99-21(1)-വാഹനം വാങ്ങൽ എന്നീ ശീർഷകങ്ങളിൽ അനുവദിക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന 12 താലൂക്കുകളുടെ പ്രവർത്തനങ്ങൾക്കായി 1.34 കോടി രൂപയും പുതിയതായി ആരംഭിക്കുന്ന 30 വില്ലേജുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1,33,24,500 രൂപയും ആവശ്യമായി വരുമെന്നതിനാൽ മേൽപ്പറഞ്ഞ രണ്ട് പ്രവർത്തനങ്ങൾക്കുമായി 2053-00-093-98—സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന എന്ന ശീർഷകത്തിൽ 2,67,24,500 രൂപ അധികമായി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പുതുതായി ആരംഭിച്ച 12 താലൂക്കുകളിൽ പുതിയ വാഹനം വാങ്ങുന്നതുവരെ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതിനാൽ 2053-00-094-99—താലൂക്ക് ഓഫീസുകൾ എന്ന ശീർഷകത്തിൽ 2014 മാർച്ച് മാസം 31-ാം തീയതി വരെ ചെലവിനായി 50 ലക്ഷം രൂപ കൂടി അധികം അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

തിരുവനന്തപുരത്തെ എസ്.എം.വി. സ്കൂൾ കോമ്പൗണ്ടിനുള്ളിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിയുടെ വേതനം 500 രൂപയിൽ നിന്നും 1,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നതിനാൽ ആയത് നൽകുന്നതിലേക്കായി ബഡ്ജറ്റിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 6,000 രൂപയ്ക്കു പുറമെ 6,000 രൂപ കൂടി 2250-00-101-99—സംസ്ഥാനധർമ്മകാര്യം എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ വില്ലേജ് ആഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സ്വന്തമായി വാഹനമില്ലാത്ത എല്ലാ വില്ലേജ് ഓഫീസ് ജീവനക്കാർക്കും സ്ത്രീ ജീവനക്കാർക്കും കൂടി ഉപയോഗിക്കത്തക്കവിധത്തിലുള്ള ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും ഇതുവരെ ആയത് അനുവദിച്ചിട്ടില്ല. അതിനാൽ ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിലേക്കായി 2029-00-101-99-21(1)—വില്ലേജ്/എസ്റ്റാബ്ലിഷ്മെന്റ്—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ 9 കോടി രൂപയും സ്വന്തമായി വാഹനമുള്ള വില്ലേജ് ആഫീസർമാർക്ക് ഇന്ധനചെലവിനുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് 2029-00-101-99-45—പി.ഒ.എൽ. എന്ന ശീർഷകത്തിൽ ഒരു കോടി രൂപയും അനുവദിക്കുന്നതിന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

കേന്ദ്ര ഡിസാസ്റ്റർ മാനേജ്മെന്റ് നിയമത്തിലെ വ്യവസ്ഥ പ്രകാരം രൂപീകരിച്ച സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി പ്രകൃതി ദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ ഏജൻസികളുടെ ഏകോപനം, ദുരന്തങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കൽ, ദുരന്ത നിവാരണ പദ്ധതികളുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, മാർഗ്ഗനിർദ്ദേശങ്ങൾ, പ്രചാരണ പ്രവർത്തനങ്ങൾ, വിവിധ വകുപ്പുകളുടെയും ജില്ലാതല ദുരന്തനിവാരണ ഏജൻസികളുടെയും പ്രവർത്തനങ്ങളുടെ ഏകോപനം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. 2053-00-094-50 ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരന്തനിവാരണവും പുനരധിവാസവും എന്ന ശീർഷകത്തിലെ പദ്ധതിയേതര ഇനത്തിൽ വകയിരുത്തുന്ന തുക ഡെപ്യൂട്ടി കളക്ടർമാരുടെയും അതോറിറ്റി ജീവനക്കാരുടെയും

ശമ്പളയിനത്തിലാണ് ചെലവഴിക്കുന്നത്. എന്നാൽ ഈ സാമ്പത്തികവർഷം ഈ ആവശ്യത്തിലേക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 21.50 ലക്ഷം രൂപ വകയിരുത്തുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ദുരന്തനിവാരണത്തിനുവേണ്ടി അനുവദിച്ച തുക 2013 ഡിസംബർ മാസം റദ്ദായതിന്റെ കാരണം സമിതി ആരാഞ്ഞു. ദുരന്തനിവാരണത്തിന് അനുവദിച്ച തുകയല്ല വരൾച്ച ദുരിതാശ്വാസത്തിനു വേണ്ടിയുള്ള തുകയാണ് ക്യാൻസലായി പോയതെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും വിളിച്ചുചേർത്ത യോഗങ്ങളിൽ വരൾച്ചയുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും ഉണ്ടായ ആവശ്യങ്ങൾ അനുസരിച്ച് ഏകദേശം 139 കോടി രൂപയോളം ചെലവഴിച്ചുകഴിഞ്ഞു. അതോടൊപ്പം വരൾച്ച നേരിടാൻ നടപ്പാക്കുന്ന പ്രവൃത്തികളിൽ ജലസേചന വകുപ്പിന്റെ പ്രവൃത്തികളും കൂടി ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് തീരുമാനിച്ചു. പ്രസ്തുത സർക്കാർ തീരുമാനമനുസരിച്ച് വരൾച്ചാദുരിതാശ്വാസവുമായി ബന്ധപ്പെട്ട ജലസേചന വകുപ്പിന്റെ മുഴുവൻ ജോലികൾക്കും വേണ്ടിയുള്ള തുക ടി ഫണ്ടിൽ നിന്നും ശുപാർശ ചെയ്തപ്പോഴാണ് 31-5-2013-ന് മുൻപ് പൂർത്തീകരിച്ച ജോലികൾക്കു മാത്രം തുക നൽകിയാൽ മതി എന്ന തീരുമാനമുണ്ടായതെന്ന് സമിതി ചെയർമാൻ അറിയിച്ചു.

വരൾച്ചാ ദുരിതാശ്വാസത്തിന് കേന്ദ്രഗവൺമെന്റിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ടോ യെന്നും കുടിവെള്ളം ലഭിക്കാത്ത പ്രദേശത്ത് പൈപ്പ് ലൈൻ ഇടുന്നതിന് ഇതിൽനിന്നും തുക നൽകാറുണ്ടോയെന്നും സമിതി ആരാഞ്ഞു. ദുരന്തപ്രതികരണ നിധിയായി 2012-ൽ 34 കോടി രൂപയും രണ്ടാമത് 61 കോടി രൂപയും ലഭിച്ചിട്ടുണ്ടെന്നും കേന്ദ്രസർക്കാർ മാനദണ്ഡ പ്രകാരം അടിയന്തരഘട്ടത്തിലെ ദുരന്തപ്രതികരണങ്ങൾക്കുമാത്രമാണ് ഈ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാറുള്ളതെന്നും വരൾച്ച പ്രഖ്യാപിച്ചിരിക്കുന്ന കാലയളവിനുള്ളിൽ പൈപ്പ് ലൈൻ ഇടുന്നതിനുള്ള ജോലി പൂർത്തിയാക്കിയെങ്കിൽ മാത്രമേ ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ സാധിക്കുള്ളുവെന്നും കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജുമെന്റ് അതോറിറ്റി മെമ്പർ സമിതിയിൽ വിശദമാക്കി.

കോഴിക്കോട് ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലെയും എം.എൽ.എ.മാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിനു കൊടുത്ത പദ്ധതികളിൽ വളരെ കുറച്ച് പദ്ധതികൾക്കു മാത്രമേ പണി പൂർത്തിയായിട്ടുള്ളൂ. കഴിഞ്ഞവർഷം വരൾച്ചയുണ്ടായ ഓരോ പ്രദേശത്തും വരൾച്ചയുടെ രൂക്ഷത കണക്കിലെടുത്താണ് ഓരോ പ്രോജക്ടിനും അനുമതി കൊടുത്തത്. ഇതിൽ 5 ലക്ഷം രൂപയ്ക്കു താഴെ തുക ചെലവാകുന്ന പ്രോജക്ടുകൾ പോലും നടപ്പിലായിട്ടില്ല. എം.എൽ.എ.മാർ നൽകുന്ന ശുപാർശ അനുസരിച്ചല്ല ഇവിടങ്ങളിൽ ഇത്തരം പ്രവൃത്തികൾ നടന്നിട്ടുള്ളത്. ഇതിനായി അനുവദിച്ച തുക ദുരുപയോഗം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

അടിയന്തിരമായി ചെയ്തുതീർക്കേണ്ട ജോലികളായതിനാലാണ് എം.എൽ.എ.മാരുടെ യോഗം വിളിച്ചുകൂട്ടി തുക അനുവദിച്ചത്. ഈ ഇനത്തിൽ ഓരോ പഞ്ചായത്തിനും അൻപതിനായിരം രൂപ അഡ്വാൻസ് കൊടുക്കുകയും അവരുടെ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവ ജനങ്ങൾക്ക് പ്രയോജനപ്പെടാത്ത രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ ആയതിനെക്കുറിച്ച് അന്വേഷിക്കേണ്ടതാണെന്ന് സമിതി ചെയർമാൻ വ്യക്തമാക്കി. ആയതിനാൽ ഓരോ ജില്ലയിലെയും നിയോജകമണ്ഡലങ്ങളിൽ അതാത് എം.എൽ.എ.മാർ നൽകിയ പ്രോജക്റ്റുകളിൽ വരൾച്ചാദുരിതാശ്വാസ ഫണ്ടിൽ നിന്നും തുകയെടുത്ത് ചെയ്യുന്ന ജോലികൾ പരിശോധിച്ച് നിർമ്മാണം പൂർത്തിയായവയും നിർമ്മാണം പൂർത്തിയാകാത്തവയും, വിനിയോഗിച്ച തുക എന്നിവ സംബന്ധിച്ച പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമിയിൽ പൊതുആവശ്യങ്ങൾക്കായി മാറ്റിവച്ചിട്ടുള്ളവയുടെ സംരക്ഷണവും നിയന്ത്രണവും ലാന്റ് ബാങ്കിൽ നിക്ഷിപ്തമാണെങ്കിലും ബാക്കിയുള്ള മിച്ചഭൂമിയുടെ സംരക്ഷണം ലാന്റ് ബോർഡിന്റെയും ജില്ലാ കളക്ടർമാരുടെയും നിയന്ത്രണത്തിലാണ്. പ്രസ്തുത ഭൂമിയുടെ സംരക്ഷണത്തിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3475-00-201-89—1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണച്ചെലവ് എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം സഹിക്കേണ്ടിവന്ന ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റു സാമ്പത്തിക സഹായം നൽകുന്നതിനും തുക വിനിയോഗിക്കുന്ന 3475-00-201-95—കർഷക പുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന്—മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ ജന്മിപെൻഷൻ 500 രൂപയിൽ നിന്നും 1,500 രൂപയായി വർദ്ധിപ്പിച്ചതിനാൽ പുതുക്കിയ നിരക്കിൽ ജന്മിപെൻഷൻ നൽകുന്നതിന് അധികമായി ആവശ്യമുള്ള 14 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് ഫസ്റ്റ് ക്ലാസ്സ് ഓഫീസർമാർക്ക് ലഭിക്കുന്ന ടി.എ./ഡി.എ. നിരക്കിൽ തുക നൽകുന്നതിന് ഉത്തരവ് ലഭിച്ചിട്ടുള്ളതിനാൽ ഈ ആവശ്യത്തിലേക്കായി 1 ലക്ഷം രൂപ 3475-00-201-90—ഭൂപരിഷ്കരണ റിവ്യൂ ബോർഡ് എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ബി, സി, ഡി ഗ്രേഡ് ക്ഷേത്രങ്ങൾ സാമ്പത്തികമായി സ്വയംപര്യാപ്തമല്ലാത്തതിനാൽ നിലവിൽ ശമ്പളക്കുടിശ്ശികക്കായി മലബാർ ദേവസ്വം ബോർഡ് മാനേജുമെന്റ് ഫണ്ടിൽ നിന്നുമാണ് തുക നൽകിവരുന്നത്. സർക്കാർ ജീവനക്കാർക്ക് അതാതു കാലത്ത് ക്ഷാമബത്ത അനുവദിക്കുമ്പോൾ ക്ഷേത്രജീവനക്കാർക്കും ആയത് അനുവദിക്കേണ്ടതുണ്ട്. അതിനാൽ പ്രസ്തുത ആവശ്യത്തി ലേക്കായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 14 കോടി രൂപ കൂടി അനുവദിക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ ധനസഹായമായി ഫണ്ടിന്റെ അപര്യാപ്തതമൂലം 10,000 രൂപ മാത്രമാണ് നിലവിൽ അനുവദിച്ചുനൽകാറുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ ക്ഷേത്രങ്ങളും നവീകരണ പ്രവർത്തനങ്ങൾക്കായി സർക്കാർ ധനസഹായത്തെ മാത്രമാണ് ആശ്രയിക്കുന്നത്. ആയതിനാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള എല്ലാ ക്ഷേത്രങ്ങൾക്കും ഏറ്റവും ചുരുങ്ങിയത് ഒരു ലക്ഷം രൂപയെങ്കിലും അനുവദിച്ചു നൽകാൻ കഴിയുന്ന വിധത്തിൽ 14.5 കോടി രൂപ 2250-00-103-87-86—സഹായധനം—ശമ്പളേതരം എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ളതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായിട്ടുള്ളതുമായ സ്വകാര്യ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി ഏറ്റവും കുറഞ്ഞത് 1 ലക്ഷം രൂപയെങ്കിലും അനുവദിക്കേണ്ടതിനാൽ ഈ ആവശ്യത്തിലേക്കായി 10 കോടി രൂപ അനുവദിക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി കയ്യേറ്റത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നതിനും ആയത് തിരിച്ചു പിടിക്കുന്നതിനും റവന്യൂ/സർവ്വേ വകുപ്പുകളുടെ സംയുക്ത സർവ്വേയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ഇതിനു വേണ്ടി ലാന്റ് ബോർഡിന്റെ കീഴിൽ ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിച്ചാൽ മാത്രമേ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്ന നടപടി കാര്യക്ഷമമാകുകയുള്ളൂ. അപ്രകാരം ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിനു വേണ്ടി 5.5 കോടി രൂപ അനുവദിക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അന്യം നിന്നുപോകുന്ന ക്ഷേത്രാചാരങ്ങളും ക്ഷേത്രകലകളും പരിപോഷി പ്പിക്കുന്നതിനായി ക്ഷേത്രങ്ങളിൽ ഉപയോഗപ്പെടുത്താതെ കിടക്കുന്ന സ്ഥലത്ത് ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നതിന് 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ശുപാർശ ചെയ്തിരുന്നെങ്കിലും ആയത് ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ആവശ്യത്തിലേക്കായി 2250-00-103-85-26—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്-സഹായധനം-ശമ്പളേതരം എന്ന ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സർക്കാർ അംഗീകാരം നൽകിയിട്ടുള്ള 1203 ആചാര്യസ്ഥാനികർക്കും 278 കോലധാരികൾക്കും പുറമേ 601 ആചാര്യസ്ഥാനികർക്കും 89 കോലധാരികൾക്കും കൂടി ധനസഹായം അനുവദിച്ചുകൊണ്ട് 2013-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ധനസഹായ വിതരണത്തിനായി 2013-14-ലെ ബഡ്ജറ്റിൽ അധികതുക അനുവദിക്കാതിരുന്നതിനാൽ ബോർഡിന്റെ തനതു ഫണ്ടിൽ നിന്നുമാണ് തുക വിതരണം ചെയ്തത്. കൂടാതെ 2013-14 വർഷത്തെ ധനസഹായവിതരണം ഫണ്ടിന്റെ അപര്യാപ്തതമൂലം കുടിശ്ശികയാണ്. അതിനാൽ ബോർഡ് ഫണ്ടിലേക്ക് തിരികെ വകയിരുത്തേണ്ട 19,06,500 രൂപയും 2013-14-ലെ കുടിശ്ശിക വിതരണത്തിനാവശ്യമായ 1,19,00,700 രൂപയും 2014-15-ലെ ധനസഹായവിതരണത്തിന് ആവശ്യമായ 2,04,01,200 രൂപയും ഉൾപ്പെടെ 3,42,08,400 രൂപ ഈ പദ്ധതിയുടെ പ്രവർത്തനത്തിന് ആവശ്യമായി വരുന്നതാണ്. കൂടാതെ ധനസഹായം ലഭിക്കുന്നതിന് സർക്കാർ മുഖാന്തിരവും നേരിട്ടും ലഭിക്കുന്ന അപേക്ഷകളിൽ ധനസഹായം ലഭ്യമാക്കുന്നതിനും തുക ആവശ്യമായിവരുമെന്നതിനാൽ ഈ ആവശ്യങ്ങളിലേക്കായി 6 കോടി രൂപ 2250-00-103-86-34—ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും ഉള്ള മാസഅലവൻസ്—മറ്റുചെലവുകൾ എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരളത്തിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നത് പാരിസ്ഥിതിക സംരക്ഷണത്തിന് തീർച്ചയായും ഒരു മുതൽക്കൂട്ടാണ്. കൂടാതെ ജലാശയങ്ങൾ മിക്കതും നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ക്ഷേത്രകുളങ്ങൾ സംരക്ഷിക്കേണ്ടത് ഭൂജലസംരക്ഷണത്തിന് അത്യന്താപേക്ഷിതമാണ്. ഇക്കാര്യങ്ങൾക്കൊക്കെയായി ബഡ്ജറ്റിൽ സാധാരണയായി തുക വകയിരുത്താറുണ്ടെങ്കിലും ഇപ്പോൾ നാമമാത്രമായ തുകയേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി 2250-00-800-99—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം എന്ന ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി ഉച്ചയ്ക്ക് 12.00 മണിക്ക് യോഗം പിരിഞ്ഞു.

## 12-3-2014-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ യോഗം 2014 മാർച്ച് മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 10.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം. എൽ. എ.
2. ശ്രീ. സി. കെ. നാണു, എം. എൽ. എ.
3. ശ്രീ. പാലോട് രവി, എം. എൽ. എ.
4. ശ്രീ. വി. പി. സജീന്ദ്രൻ, എം. എൽ. എ.
5. ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

സമിതി 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 5-ലെ അവസാന വാക്യം "റീസർവ്വേ നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിന് സഹായകമായി പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനും പഴയ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനുമായി മേൽ സൂചിപ്പിച്ച രണ്ട് ശീർഷകങ്ങളിലും കൂടി 1 കോടി 80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു" എന്ന രീതിയിൽ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

ഖണ്ഡിക 10 താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുന്നതിന് സമിതി തീരുമാനിച്ചു:

“സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന 12 താലൂക്കുകളുടെ പ്രവർത്തനങ്ങൾക്കും റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടനയ്ക്കുമായി 1.34 കോടി രൂപയും പുതിയതായി ആരംഭിക്കുന്ന 30 വില്ലേജുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1,33,24,500 രൂപയും ആവശ്യമായി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ മേൽപ്പറഞ്ഞ രണ്ട് പ്രവർത്തനങ്ങൾക്കുമായി 2,67,24,500 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു".

സമിതി രാവിലെ 10.30-ന് യോഗം പിരിഞ്ഞു.

## 1-12-2013 മുതൽ 7-12-2013 വരെ നടന്ന സന്ദർശന പഠന പര്യടനത്തിലെ സമിതിയോഗങ്ങളുടെ നടപടിക്കുറിപ്പുകൾ

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II, ഭൂമികേരളം പദ്ധതി ചർച്ച ചെയ്ത വേളയിൽ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി റീസർവ്വേ നടപടികൾ വിജയകരമായി പൂർത്തിയാക്കിയ കർണ്ണാടക, ആന്ധ്രാ പ്രദേശ്, ഗുജറാത്ത്, ഹരിയാന എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1-12-2013 മുതൽ 7-12-2013 വരെ പ്രസ്തുത സംസ്ഥാനങ്ങൾ സന്ദർശിക്കുകയും അവിടത്തെ റവന്യൂ മന്ത്രി, ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു.

പ്രസ്തുത സന്ദർശനങ്ങളും തുടർന്നുള്ള സമിതിയോഗങ്ങളും സംബന്ധിച്ച യോഗനടപടിക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു:

## 1-12-2013-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2013 ഡിസംബർ മാസം 1-ാം തീയതി ഞായറാഴ്ച രാവിലെ 11.30-ന് തിരുവനന്തപുരത്തുള്ള നിയമസഭാ സാമാജികരുടെ വാസസ്ഥലത്ത് ശ്രീ. പാലോട് രവി എം.എൽ.എ.യുടെ മുറിയിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അഭാവത്തിൽ ശ്രീ. പാലോട് രവി, എം.എൽ.എ. പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. ബാബു എം. പാലിശ്ശേരി, എം.എൽ.എ.
2. ശ്രീ. എ. പ്രദീപ്കുമാർ, ,,
3. ശ്രീ. വി. പി. സജീന്ദ്രൻ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ആർ. എസ്. സന്തോഷ് കുമാർ, സെക്ഷൻ ഓഫീസർ.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

ശ്രീ. എം. ജി. രാജമാണിക്കം, ഡയറക്ടർ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പ്

സമിതിയുടെ പഠന പര്യടനത്തിനായി സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങളെക്കുറിച്ച് സമിതിയെ അനുഗമിക്കുന്ന ഉദ്യോഗസ്ഥൻ യോഗത്തിൽ വിവരിച്ചു.

സമിതിയുടെ പഠനപരിപാടിയുടെ പ്രധാന ലക്ഷ്യം കർണ്ണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഹരിയാന എന്നീ സംസ്ഥാനങ്ങൾ നടപ്പിലാക്കിയ നാഷണൽ ലാന്റ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ അനുബന്ധപ്രവർത്തനങ്ങൾ നേരിൽ കാണുന്നതിനും കേരളത്തിൽ അത് ഏതുരീതിയിൽ നടപ്പിലാക്കാം എന്നതു സംബന്ധിച്ച് പഠിക്കുന്നതിനും വേണ്ടിയാണെന്നും പ്രസ്തുത പ്രോജക്ട് ആദ്യമായി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത് തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം തുടങ്ങിയ ജില്ലകളാണെന്നും തുടങ്ങിയ വിവരങ്ങൾ സമിതിയിൽ ചർച്ച ചെയ്തു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിയുകയും തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലേക്ക് യാത്രതിരിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം 1.00 മണിക്ക് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ നിന്നും ട്രെയിൻ മാർഗ്ഗം (ബംഗളൂരു എക്സ്പ്രസ് ട്രെയിൻ നമ്പർ 16525) ബംഗളൂരിലേക്ക് യാത്ര ആരംഭിച്ചു.

2013 ഡിസംബർ മാസം 2-ാം തീയതി തിങ്കളാഴ്ച രാവിലെ 7.20-ന് സമിതി ബംഗളൂരിൽ എത്തിച്ചേർന്നു. പോലീസ് ഉദ്യോഗസ്ഥർ, തഹസിൽദാർ എന്നിവർ ചേർന്ന് സമിതിയെ സ്വീകരിക്കുകയും കുമാരകൃപ ഗസ്റ്റ് ഹൗസിൽ എത്തിക്കുകയും ചെയ്തു. പ്രാതലിനുശേഷം സമിതി കർണ്ണാടകയിലെ കമ്മീഷണർ സെക്രട്ടറി, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുമായി യോഗം ചേരുന്നതിന് വികാസ് സൗധയിലേക്ക് യാത്ര തിരിച്ചു.

## 2-12-2013-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗം 2013 ഡിസംബർ മാസം 2-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 12.05-ന് കർണ്ണാടകയിലെ വികാസ് സൗധ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ, ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. പാലോട് രവി, എം.എൽ.എ.
2. ,, ബാബു എം. പാലിശ്ശേരി, എം.എൽ.എ.
3. ,, എ. പ്രദീപ്കുമാർ, എം.എൽ.എ.
4. ,, വി. പി. സജീന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, സെക്ഷൻ ഓഫീസർ.

ഹാജരായ ഉദ്യോഗസ്ഥർ (കേരളം)

ശ്രീ. എം. ജി. രാജമാണിക്കം, ഡയറക്ടർ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പ്.

ഹാജരായ ഉദ്യോഗസ്ഥർ (കർണ്ണാടകം)

1. ശ്രീ. വി. പൊന്നുരാജ്, കമ്മീഷണർ സെക്രട്ടറി, റവന്യൂ
2. ഡോ. അരുന്ധതി ചന്ദ്രശേഖർ, സ്പെഷ്യൽ ഡി.സി., ഭൂമി
3. ശ്രീ. കെ. വി. ത്രദ്രേശാ, ഡയറക്ടർ, ലാന്റ് റവന്യൂ വകുപ്പ്
4. ,, ജെ. വിജയ ഭവാനി, ഡെപ്യൂട്ടി ഡയറക്ടർ, ലാന്റ് റവന്യൂ വകുപ്പ്
5. ,, ജി. രാജശേഖരൻ, പ്രോജക്ട് ഹെഡ്, ഭൂമി
6. ,, വി. പ്രസന്നകുമാർ, ജോയിന്റ് ഡയറക്ടർ, ലാന്റ് റവന്യൂ വകുപ്പ്
7. ,, മോഹൻ അങ്ങാടി, കൺസൾട്ടന്റ്, ഭൂമി
8. ,, രവീന്ദ്രൻ എസ്., കൺസൾട്ടന്റ്, ഭൂമി
9. ,, സുരേഷ് നായർ, പ്രോജക്ട് മാനേജർ, ഭൂമി
10. ,, അഭിജിത് ബി., തഹസിൽദാർ, ഭൂമി.

കർണ്ണാടകയിലെ റവന്യൂ കമ്മീഷണർ സെക്രട്ടറി യോഗാരംഭത്തിൽ എല്ലാ സമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും സ്വാഗതം ആശംസിച്ചു. ഭൂസർവ്വേയിൽ നടപ്പിലാക്കിയ ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ച് സമിതിക്ക് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനായി ഒരു പവർ പോയിന്റ് പ്രസന്റേഷൻ നടത്തി.

നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷന്റെ ഭാഗമായി കർണ്ണാടകയിൽ നടപ്പിലാക്കിയ ഭൂമി പ്രോജക്ടിൽ മൂന്ന് വ്യത്യസ്തതരങ്ങളായിട്ടുള്ള സോഫ്റ്റ് വെയറുകളാണ് സർവ്വേ, രജിസ്ട്രേഷൻ, മ്യൂട്ടേഷൻ എന്നിവയ്ക്കായി ഉപയോഗിച്ചിരിക്കുന്നത്. പ്രീമ്യൂട്ടേഷൻ സ്കെച്ചെന്ന ആശയം (മോജിനി) 2006-ലാണ് കർണ്ണാടകയിൽ ആദ്യമായി നടപ്പിലാക്കിയത്. ഏതെങ്കിലുമൊരു ഭൂമിയുടെ രജിസ്ട്രേഷൻ നടത്തുന്നതിന് പ്രീമ്യൂട്ടേഷൻ സ്കെച്ച് നിർബന്ധമാക്കിയിരിക്കുന്നതിനാൽ വകുപ്പ് ചുമതലപ്പെടുത്തുന്ന ലൈസൻസ്ഡ് സർവ്വേയർ സ്ഥലത്തിന്റെ പി.എം.എസ്. സ്ഥലം വാങ്ങുന്നയാളിന്റെയും വില്പനക്കാരന്റെയും അറിവോടുകൂടി തയ്യാറാക്കുകയും വകുപ്പ് പ്രസ്തുത സ്കെച്ച് പരിശോധിച്ച് അംഗീകാരം നൽകുകയും ചെയ്യുന്നു. 1800 സർക്കാർ സർവ്വേയർമാർക്കു പുറമേ 2500 ലൈസൻസ്ഡ് സർവ്വേയർമാർ സംസ്ഥാനവ്യാപകമായി ഈ പ്രോജക്ടിനായി സേവനമനുഷ്ഠിക്കുന്നുണ്ട്. പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നത് അതിന്റെതന്നെ പ്രവർത്തനങ്ങളിൽനിന്നുമാണ്. അതായത് ഒരു അപേക്ഷയ്ക്ക് 1,500 രൂപ യൂസർ ഫീയായി വാങ്ങുന്നതിനാൽ ലൈസൻസ്ഡ് സർവ്വേയർമാർക്ക് ശരാശരി 1,200 രൂപ വേതനമായി നൽകുന്നതിന് സാധിക്കുന്നു. ബാക്കി തുക കോർപ്പസ് ഫണ്ടായി സ്വരൂപിച്ച് അനുബന്ധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. വളരെ ചെറിയ വിസ്തീർണ്ണമുള്ള ഒരു സ്ഥലത്തിനുപോലും ലൊക്കേഷനും അതിരുകളും കൃത്യമായി കണക്കാക്കാൻ കഴിയുന്നതിനാൽ വാങ്ങുന്നയാളിന്റെ താല്പര്യം സംരക്ഷിച്ച് അതിർത്തി തർക്കങ്ങൾ

ഇല്ലാതെ പ്രമാണം വളരെവേഗത്തിലും കൃത്യതയിലും നൽകുവാൻ കഴിയുന്ന എന്നതും ഈ പ്രോജക്ടിന്റെ പ്രത്യേകതയാണ്. കൂടാതെ സർക്കാർഭൂമി നിയമവിരുദ്ധമായി ക്രയവിക്രയം ചെയ്യുന്നത് തടയുന്നതിനും ഒരേ വസ്തുവിന്റെ പലതവണയുള്ള വില്പന, നിലവിലില്ലാത്ത വസ്തുവിന്റെ വില്പന തുടങ്ങിയ വഞ്ചനാത്മക പ്രവർത്തനങ്ങൾ തടയുന്നതിനും കഴിയുന്നു. 'കാവേരി' പ്രോഗ്രാമിലൂടെയാണ് ഭൂമി രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തുവരുന്നത്. സംസ്ഥാനത്താകമാനം 243 കേന്ദ്രങ്ങളിലായി നടക്കുന്ന രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ എത്തുകയും അവിടെനിന്ന് മ്യൂട്ടേഷൻ പ്രക്രിയ തുടങ്ങുന്ന 'ഭൂമി' സെന്ററിൽ എത്തുകയും ചെയ്യുന്നു. അതുകൊണ്ട് ഭൂമി വാങ്ങുന്നയാൾക്ക് അത് സംബന്ധിച്ച ആവശ്യങ്ങൾക്കായി മറ്റ് ഓഫീസുകളിൽ കയറിയിറങ്ങേണ്ടി വരുന്നില്ല. നോട്ടീസ് പിരീഡായ 30 ദിവസത്തിനുശേഷം മ്യൂട്ടേഷൻ അംഗീകരിക്കുകയും FIFO (First-In-First-Out) അടിസ്ഥാനത്തിൽ അപേക്ഷകന് ആയത് ലഭിക്കുകയും ചെയ്യുന്നു. കൂടാതെ ഭൂമി, കാവേരി, മോജിനി പ്രോഗ്രാമുകൾ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള കർണ്ണാടകയിലെ കമ്പ്യൂട്ടറൈസ്ഡ് ലാന്റ് മാനേജുമെന്റ് സിസ്റ്റം മുഖേന സർക്കാരിന്റെ പ്രത്യേക നിയന്ത്രണത്തിലുള്ള സ്ഥലങ്ങളുടെ ക്രയവിക്രയം, കോടതി മുഖേന തടഞ്ഞിട്ടുള്ള സ്ഥലത്തിന്റ ക്രയവിക്രയം എന്നിവ യഥാസമയം കണ്ടെത്തി പരിശോധിക്കുകയും അത്തരം ഭൂമി വില്പനകൾ തടയാൻ കഴിയുകയും ചെയ്യുന്നു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.

ഉച്ചഭക്ഷണത്തിനുശേഷം 3.45-ന് സമിതി യെലഹങ്കയിലുള്ള സബ് രജിസ്ട്രാർ ഓഫീസിലേക്ക് യാത്രതിരിക്കുകയും അവിടെ സബ് രജിസ്ട്രാർ, തഹസിൽദാർ എന്നിവരുമായി യോഗം ചേരുകയും ചെയ്തു.

സബ് രജിസ്ട്രാർ, തഹസിൽദാർ, ഭൂമി പ്രോജക്ട് ഓഫീസർ എന്നിവർ ചേർന്ന് സമിതിയെ സ്വീകരിക്കുകയും രജിസ്ട്രേഷൻ പ്രക്രിയയെക്കുറിച്ച് മേൽപ്പറഞ്ഞ രീതിയിൽ വിവരിക്കുകയും ചെയ്തു. ചർച്ചയ്ക്കുശേഷം സമിതി രജിസ്ട്രേഷൻ പ്രക്രിയ നേരിട്ടു കണ്ടു മനസ്സിലാക്കി.

യോഗം വൈകുന്നേരം 5.15-ന് പിരിഞ്ഞു.

വൈകുന്നേരം 6 മണിക്ക് സമിതി തിരികെ ബംഗളൂരു ഗസ്റ്റ് ഹൗസിൽ എത്തിച്ചേർന്നു. അവിടെനിന്നും 7.50-ന് ബംഗളൂരു റെയിൽവേ സ്റ്റേഷനിലെത്തുകയും 8.20-ന് ട്രെയിൻ നമ്പർ 22691, രാജധാനി എക്സ്പ്രസിൽ സെക്കന്ദരാബാദിലേക്ക് പുറപ്പെടുകയും ചെയ്തു.

3-12-2013-ന് രാവിലെ 7.15-ന് സമിതി സെക്കന്ദരാബാദ് റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്നു. പ്രോട്ടോക്കോൾ ഓഫീസറും മറ്റ് പോലീസ് ഉദ്യോഗസ്ഥരും ചേർന്ന് സമിതിയെ സ്വീകരിക്കുകയും സമിതിക്കായി താമസസൗകര്യം ഏർപ്പെടുത്തിയിരുന്ന ഹൈദരാബാദിലെ ലേക് വ്യൂ ഗസ്റ്റ് ഹൗസിൽ എത്തിക്കുകയും ചെയ്തു. തുടർന്ന് രാവിലെ 9.30-ന് സമിതി ആന്ധ്രാപ്രദേശ് സെക്രട്ടേറിയറ്റിലേക്ക് യാത്ര തിരിച്ചു.

## 3-12-2013-ന് ആന്ധ്രാപ്രദേശ് റവന്യൂ മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗനടപടിക്കുറിപ്പ്

2013 ഡിസംബർ മാസം 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് ആന്ധ്രാപ്രദേശ് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പുമന്ത്രിയുടെ ചേംബറിൽ യോഗം ചേർന്നു. യോഗത്തിൽ ശ്രീ. എൻ. രഘുവീര റെഡ്ഡി, ബഹു. റവന്യൂ മന്ത്രി, ഗവൺമെന്റ് ഓഫ് ആന്ധ്രാപ്രദേശും സന്നിഹിതനായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. അടൂർ പ്രകാശ്, ബഹു റവന്യൂവും കയറും വകുപ്പുമന്ത്രി, ചെയർമാൻ
2. ,, പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
3. ,, ബാബു എം. പാലിശ്ശേരി, ,,
4. ,, എ. പ്രദീപ്കുമാർ ,,
5. ,, പാലോട് രവി ,,
6. ,, വി. പി. സജീന്ദ്രൻ ,,

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, സെക്ഷൻ ഓഫീസർ.

ഹാജരായ ഉദ്യോഗസ്ഥർ (കേരളം)

ശ്രീ. എം. ജി. രാജമാണിക്കം, ഡയറക്ടർ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പ്.

ഹാജരായ ഉദ്യോഗസ്ഥർ (ആന്ധ്രാപ്രദേശ്)

1. ശ്രീ. ഹർപന്ത് സിംഗ്, കമ്മീഷണർ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ്
2. ശ്രീ. കൃഷ്ണറാവു, സ്പെഷ്യൽ ചീഫ് സെക്രട്ടറി
3. ശ്രീ. ജി. ഡി. അരുണ, സ്പെഷ്യൽ കമ്മീഷണർ, ചീഫ് കമ്മീഷണർ ഓഫ് ലാന്റ് അഡ്മിനിസ്ട്രേഷന്റെ ഓഫീസ്
4. ഡോ. പി. ലക്ഷ്മിനരസിംഹം, ജോയിന്റ് സെക്രട്ടറി, ചീഫ് കമ്മീഷണർ ഓഫ് ലാന്റ് അഡ്മിനിസ്ട്രേഷന്റെ ഓഫീസ്
5. ശ്രീ. മുകേഷ് കുമാർ മീണ, ജില്ലാ കളക്ടർ
6. ശ്രീ. ബി. ശ്രീധർ, ജില്ലാ കളക്ടർ.

ആന്ധ്രാപ്രദേശ് റവന്യൂ മന്ത്രി യോഗാരംഭത്തിൽ സന്ദർശക സമിതിക്ക് സ്വാഗതം ആശംസിച്ചു. ആന്ധ്രാപ്രദേശിൽ ഭൂസർവ്വേ നടത്തുന്നതിനായി അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ സമിതിക്ക് മനസ്സിലാക്കുന്നതിനുവേണ്ടി ഒരു പവർ പോയിന്റ് പ്രസന്റേഷൻ നടത്തി.

ആന്ധ്രാപ്രദേശിൽ റവന്യൂ ലാന്റ് അഡ്മിനിസ്ട്രേഷൻ, റവന്യൂ കളക്ഷൻ എന്നിവ നിയന്ത്രിക്കുന്നത് റവന്യൂ വകുപ്പാണ്. റവന്യൂ, സർവ്വേ സെറ്റിൽമെന്റ് ആന്റ് ലാന്റ് റെക്കോർഡ്സ്, അർബൻ ലാന്റ് സീലിംഗ് ഡിപ്പാർട്ട്മെന്റ് എന്നിവ ചേർന്ന റവന്യൂ ഭരണവും, ലാന്റ് അഡ്മിനിസ്ട്രേഷനും നിയന്ത്രിക്കുന്നത് ചീഫ് കമ്മീഷണർ ഓഫ് ലാന്റ് അഡ്മിനിസ്ട്രേഷൻ ആണ് (CCLA). മേൽപ്പറഞ്ഞ വകുപ്പുകളുടെ പൊതുവിലുള്ള മേൽനോട്ടം നിർവ്വഹിക്കുന്നതിനു പുറമേ ജില്ലാ ലാന്റ് അഡ്മിനിസ്ട്രേഷനും സർക്കാരും തമ്മിലുള്ള കൂട്ടിയോജിപ്പിക്കൽ നടക്കുന്നതും സി.സി.എൽ.എ. വഴിയാണ്. കൂടാതെ ജില്ലാ കളക്ടർമാരെ നിയന്ത്രിക്കുന്നതും മാർഗ്ഗനിർദ്ദേശം നൽകുന്നതും റവന്യൂഭരണത്തിൽ നയപരമായ തീരുമാനമെടുക്കുന്നതിന് സർക്കാരിനെ ഉപദേശിക്കുന്നതും കമ്മീഷണർ ആണ്.

പൊതുജനകേന്ദ്രീകൃതവും സുതാര്യവും ചുമതലാബോധമുള്ളതുമായ ഭൂഭരണം കാഴ്ച വയ്ക്കുക എന്നുള്ളതാണ് റവന്യൂ വകുപ്പിന്റെ പരമമായ ലക്ഷ്യം. ഇതിനുവേണ്ടി വകുപ്പ് സേവനാവകാശ പത്രം തയ്യാറാക്കിയിട്ടുണ്ട്. നിശ്ചിതസമയത്തിനുള്ളിൽ ജനങ്ങൾ ആവശ്യപ്പെടുന്ന സേവനം വ്യക്തതയോടും കാര്യപ്രാപ്തിയോടുംകൂടി നൽകുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ലക്ഷ്യത്തിലേക്കെത്തുന്നതിനുവേണ്ടി തുടങ്ങിയ പദ്ധതിയാണ് "മീ സേവ". 58 തരം സർട്ടിഫിക്കറ്റുകളാണ് മീ സേവ വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നത്. കൂടാതെ വകുപ്പുകൾ തമ്മിലുള്ള ഏകോപനം നടക്കുന്നതും ഇതിലൂടെയാണ്. മീ സേവയിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ എ, ബി എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. 'എ' കാറ്റഗറിയിലുള്ള സർട്ടിഫിക്കറ്റുകൾ കൗണ്ടർ വഴി നേരിട്ട് നൽകുന്നു. കൂടുതൽ പരിശോധന ആവശ്യമായിവരുന്ന ബി കാറ്റഗറി അപേക്ഷകൾക്കുള്ള മറുപടി കൗണ്ടർ വഴി നൽകാറില്ല. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള രണ്ട് സംവിധാനങ്ങളാണ് പ്രജാവാണി, പരിഷ്കാരം എന്നിവ.

ഭൂമിയുടെ രജിസ്ട്രേഷനായി സബ്‌രജിസ്ട്രാർ ഓഫീസിൽ എത്തുന്ന ഒരു അപേക്ഷകൻ നൽകുന്ന വിവരങ്ങൾ വെബ്‌ലാന്റിലെ പട്ടാധാർ പേരുമായി ഒത്തുനോക്കുകയും ആയത് പരസ്പരം യോജിക്കുകയാണെങ്കിൽ എസ്.ആർ.ഒ. ഡോക്യുമെന്റ് രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്യുന്നു. രണ്ട് രേഖകളും തമ്മിൽ യോജിക്കുന്നില്ല എങ്കിൽ മ്യൂട്ടേഷൻ ചെയ്യുന്നതിനായി മീ സേവയിലേക്ക് അപേക്ഷകനെ അയയ്ക്കുന്നു. എസ്.ആർ.ഒ. ഡോക്യുമെന്റ് രജിസ്ട്രേഷനുശേഷം തഹസിൽദാർ വെബ്‌ലാന്റിലെ രജിസ്ട്രേഷൻ രേഖകൾ പരിശോധിക്കുകയും ഫാറം VIII അനുവദിക്കുകയും ചെയ്യുന്നു. തുടർന്ന് തഹസിൽദാർ, മ്യൂട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ വെബ്‌ലാന്റിൽ ലഭ്യമാക്കിക്കഴിഞ്ഞാലുടൻ തന്നെ പ്രസ്തുത വിവരങ്ങളുടെ പൂർണ്ണരൂപം ഉൾക്കൊള്ളുന്ന പാട്ടാധാർ ഇ-പാസ്ബുക്ക് സ്വമേധയാ ആന്ധ്രാപ്രദേശ് ഓൺലൈൻ സെർവറിലേക്ക് മാറ്റപ്പെടുന്നു. ആയത് ഏജൻസികൾവഴി അച്ചടിച്ച് തപാലിലൂടെ അപേക്ഷകന് എത്തിച്ചുകൊടുക്കുന്നു. ഇങ്ങനെ രൂപപ്പെടുന്ന ഇ-പാസ് ബുക്കിന് 15 അക്കങ്ങളുള്ള ഒരു ഐ.ഡി.ആർ. നമ്പർ ഉണ്ട്. ആദ്യത്തെ രണ്ടക്കങ്ങൾ ജില്ലാ കോഡും

3, 4, 5-ഉം അക്കങ്ങൾ മണ്ഡൽ കോഡും 7, 8, 9 അക്കങ്ങൾ വില്ലേജ് കോഡും ആണ്. ഇതോടൊപ്പം ഒരു രഹസ്യകോഡും അപേക്ഷകന് ലഭിക്കുന്നു. കാലാനുസൃതമായി വരുന്ന മാറ്റങ്ങൾ രേഖപ്പെടുത്തുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും ഇ-പാസ് ബുക്കിൽ സാധിക്കുന്നതാണ്.

യോഗം 12.00 മണിക്ക് പിരിഞ്ഞു.

ഉച്ചയ്ക്ക് 1.00 മണിക്ക് സമിതി തിരികെ ഹൈദരാബാദ് ഗസ്റ്റ് ഹൗസിൽ എത്തിച്ചേർന്നു. ഉച്ചഭക്ഷണത്തിനുശേഷം സമിതി നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ (എൻ.ആർ.എസ്.സി.) സന്ദർശിക്കുന്നതിനായി പുറപ്പെട്ടു. വൈകുന്നേരം 3.30-ന് സമിതി ഹൈദരാബാദിലുള്ള എൻ.ആർ.എസ്.സി.-യിൽ എത്തിച്ചേർന്നു.

## 3-12-2013-ന് എൻ.ആർ.എസ്.സി.-യിൽ ചേർന്ന സമിതിയോഗത്തിന്റെ നടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗം 3-12-2013-ന് വൈകുന്നേരം 3.30 മണിക്ക് ഹൈദരാബാദിലുള്ള നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ കോൺഫറൻസ് ഹാളിൽ ചേർന്നു. സമിതി ചെയർമാൻ, ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അഭാവത്തിൽ ശ്രീ. പാലോട് രവി., എം.എൽ.എ. യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ,, ബാബു എം. പാലിശ്ശേരി, ,,
3. ,, എ. പ്രദീപ്കുമാർ, ,,
4. ,, വി. പി. സജീന്ദ്രൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, സെക്ഷൻ ഓഫീസർ.

ഹാജരായ ഉദ്യോഗസ്ഥർ (കേരളം)

ശ്രീ. എം. ജി. രാജമാണിക്കം, സർവ്വേ വകുപ്പ് ഡയറക്ടർ.

ഹാജരായ ഉദ്യോഗസ്ഥർ (എൻ.ആർ.എസ്.സി.)

1. ശ്രീ. പി. ശ്രീനിവാസലു, ജി.എം., എ.എസ്.ആന്റ് ഡി.എം.എ.
2. ശ്രീ. പി. വിത്തൽ, പ്രോജക്ട് ഓഫീസർ
3. ഡോ. പി. ജി. ദിവാകർ, ഡെപ്യൂട്ടി ഡയറക്ടർ.

പ്രോജക്ട് ഡയറക്ടർ യോഗത്തിൽ എൻ.ആർ.എസ്.സി.-യുടെ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിക്കുകയും ഒരു പവർ പോയിന്റ് പ്രസന്റേഷൻ നടത്തുകയും ചെയ്തു.

ഹൈദരാബാദിൽ സ്ഥിതിചെയ്യുന്ന എൻ.ആർ.എസ്.സി., ഐ.എസ്.ആർ.ഒ. (ഇൻഡ്യൻ സ്പെയ്സ് റിസർച്ച് ഓർഗനൈസേഷൻ)-യുടെ സെന്ററുകളിൽ ഒന്നാണ്. ഭൗമനിരീക്ഷണം, ദുരന്തനിവാരണം തുടങ്ങിയവയുടെ നടപടിക്രമങ്ങൾക്ക് പ്രധാനഭാഗം വഹിക്കുന്നത് നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ ആണ്. സാറ്റലൈറ്റ് റിമോട്ട് സെൻസിംഗ് ഡാറ്റകളെ സ്വീകരിച്ച് രാജ്യത്തിന് പ്രയോജനകരമായ രീതിയിൽ പാകപ്പെടുത്തി വിതരണം ചെയ്യുന്നത് എൻ.ആർ.എസ്.സി.-യാണ്. ഈ പ്രക്രിയയിൽ ANTRIX എന്ന ഇന്റർനാഷണൽ നെറ്റ്വർക്കാണ് എൻ.ആർ.എസ്.സി.-യെ സഹായിക്കുന്നത്. കൂടാതെ പ്രസ്തുത റിമോട്ട് സെൻസിംഗ് ടെക്നോളജിയുടെ ഇതര മേഖലകളിലുള്ള പ്രയോഗങ്ങൾ സംബന്ധിച്ച പരിശീലനം നൽകിവരുന്നു. കൂടാതെ വൈവിധ്യമാർന്ന പ്രകൃതിവിഭവങ്ങൾ കണ്ടെത്തുന്നതിനും ജലം, മഞ്ഞ് എന്നിവയുടെ സാന്നിധ്യം തിരിച്ചറിയുന്നതിനും കാലാവസ്ഥാ വ്യതിയാനം, വനനശീകരണം, വരൾച്ച, വെള്ളപ്പൊക്കം എന്നിവ മുൻകൂട്ടി അറിഞ്ഞ് അത് തടയുന്നതിനുവേണ്ട മുൻകരുതൽ എടുക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും രാജ്യത്തെ ദുരന്തനിവാരണ സംവിധാനത്തിന് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും എൻ.ആർ.എസ്.സി.-യുടെ പ്രവർത്തനംകൊണ്ട് സാധിക്കുന്നുണ്ട്. അടുത്തകാലത്തായി എൻ.ആർ.എസ്.സി. ആരംഭിച്ച 'ഭുസമ്പാദാ', എന്ന സംവിധാനം ഭൂമി ഉപയോഗം സംബന്ധിച്ച വിവരങ്ങൾ നൽകിവരുന്നുണ്ട്.

സന്ദർശനശേഷം രാത്രി 8.30 മണിക്ക് സമിതി ഹൈദരാബാദ് ഗസ്റ്റ് ഹൗസിൽ എത്തിച്ചേർന്നു. രാത്രി 9.00 മണിക്ക് സമിതി ഹൈദ്രാബാദ് എയർപോർട്ടിൽ എത്തുകയും 9.45 മണിക്ക് വിമാനമാർഗ്ഗം (സ്പൈസ് ജെറ്റ് എസ്.ഡി. 916) അഹമ്മദാബാദിലേക്ക് യാത്ര തിരിക്കുകയും ചെയ്തു.

## 4-12-2013-ന് അഹമ്മദാബാദിലെ ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന സമിതിയോഗ നടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗം 2013 ഡിസംബർ 4-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് അഹമ്മദാബാദിലെ ജില്ലാ കളക്ടറുടെ ചേംബറിൽ സമിതി ചെയർമാന്റെ അഭാവത്തിൽ ശ്രീ. പാലോട് രവി എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ജില്ലാ കളക്ടറുടെ അഭാവത്തിൽ ജില്ലാ ഡെവലപ്മെന്റ് ഓഫീസർ (കളക്ടർ-ഇൻ-ചാർജ്) ശ്രീ. രവി ശങ്കർ യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ,, ബാബു എം. പാലിശ്ശേരി, "

3. ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.

4. ,, വി. പി. സജീന്ദ്രൻ, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, സെക്ഷൻ ഓഫീസർ.

<u>ഹാജരായ ഉദ്യോഗസ്ഥർ (കേരളം)</u>

ശ്രീ. എം. ജി. രാജമാണിക്കം, സർവ്വേ വകുപ്പ് ഡയറക്ടർ.

സർവ്വേ, രജിസ്ട്രേഷൻ പ്രവർത്തനങ്ങളിൽ ജനസേവ കേന്ദ്രങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് സമിതി ചർച്ച നടത്തി. ഏതെങ്കിലും തരം സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകുന്ന അപേക്ഷകന് ആദ്യം ഒരു ചെക്ക് ലിസ്റ്റ് നൽകുന്നു. ചെക്ക് ലിസ്റ്റിൽ അപേക്ഷകൻ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിയമപരമായ നടപടിക്രമങ്ങൾക്കുശേഷം ടോക്കൺ വ്യവസ്ഥയിൽ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നു. കർണ്ണാടകയിൽ പ്രീമ്യൂട്ടേഷൻ സ്കെച്ച് ലഭിച്ചാൽ മാത്രമേ രജിസ്ട്രേഷൻ നടത്തുകയുള്ളൂ. എന്നാൽ ഗുജറാത്തിൽ രജിസ്ട്രേഷനുശേഷമാണ് മ്യൂട്ടേഷൻ പ്രക്രിയ ആരംഭിക്കുന്നത്.

ചർച്ചയ്ക്കുശേഷം സമിതി ജനസേവ കേന്ദ്രം, സർവ്വേ ഓഫീസ്, രജിസ്ട്രേഷൻ ഓഫീസ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. ഉച്ചഭക്ഷണത്തിനുശേഷം ഗാന്ധിനഗറിലുള്ള ഗവൺമെന്റ് സെക്രട്ടേറിയറ്റിലേക്ക് യാത്രതിരിച്ചു.

## 4-12-2013-ന് ഗുജറാത്ത് റവന്യൂ മന്ത്രിയുടെ ചേംബറിൽ ചേർന്ന സബ്ജക്ട് കമ്മിറ്റി II (ഭൂനികുതിയും ദേവസ്വവും)-ന്റെ യോഗ നടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗം 4-12-2013-ന് ഉച്ചയ്ക്കുശേഷം 3.00 മണിക്ക് ഗാന്ധിനഗറിലെ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ റവന്യൂ മന്ത്രിയുടെ ചേംബറിൽ സമിതി ചെയർമാൻ <u>ബഹു.</u> റവന്യൂവും കയറും വകുപ്പുമന്ത്രിയുടെ അഭാവത്തിൽ സമിതി അംഗം ശ്രീ. ബാബു എം. പാലിശ്ശേരി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ഗുജറാത്ത് റവന്യൂ മന്ത്രി ശ്രീമതി ആനന്ദി ബെൻ പട്ടേൽ പ്രസ്തുത യോഗത്തിൽ സന്നിഹിതയായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.

2. ,, എ. പ്രദീപ്കുമാർ, "

3. ,, വി. പി. സജീന്ദ്രൻ, "

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ആർ. എസ്. സന്തോഷ് കുമാർ, സെക്ഷൻ ഓഫീസർ.

ഹാജരായ ഉദ്യോഗസ്ഥർ (കേരളം)

ശ്രീ. എം. ജി. രാജമാണിക്കം, സർവ്വേ വകുപ്പ് ഡയറക്ടർ.

ഹാജരായ ഉദ്യോഗസ്ഥർ (ഗുജറാത്ത്)

1. ശ്രീ. അനിൽ മുകിം, ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. മനോജ് അഗർവാൾ, ഐ.എ.എസ്., എസ്.സി.ആന്റ് ഡി.എൽ.ആർ.
3. ശ്രീ. ഹേമേന്ദ്ര ഷാ, അഡീഷണൽ സെക്രട്ടറി, റവന്യൂവകുപ്പ്.

ഗുജറാത്ത് റവന്യൂ വകുപ്പുമന്ത്രി ശ്രീമതി ആനന്ദി ബെൻ പട്ടേൽ സന്ദർശന സമിതിക്ക് സ്വാഗതമാശംസിക്കുകയും നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഗുജറാത്ത് സർക്കാർ നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് ഒരു പവർ പോയിന്റ് പ്രസന്റേഷൻ നടത്തുകയും ചെയ്തു.

നൂതന സർവ്വേ സാങ്കേതിക വിദ്യകളായ ഡിഫറൻഷ്യൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ഡി.ജി.പി.എസ്.) ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ മെഷീൻ (ഇ.റ്റി.എസ്.), എൻ.ഐ.സി., സോഫ്റ്റ്‌വെയർ, ഐ.ജി.ഐ.എസ്. സോഫ്റ്റ്‌വെയർ തുടങ്ങിയവ ഉപയോഗിച്ച് 2015-ഓടു കൂടി റീസർവ്വേ പൂർത്തിയാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. സർവ്വേ വകുപ്പിന്റെ മേൽനോട്ടത്തിൽ രാജ്യത്തെ വിദഗ്ധരായ സർവ്വേ ഏജൻസികൾ കൃഷിഭൂമിയുടെ സർവ്വേ നടത്തിവരുന്നു. ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ (GCN) 22-ഓളം ജില്ലകളിലെ വില്ലേജുകളിൽ ഇതുവരെ സ്ഥാപിച്ചുകഴിഞ്ഞു. മറ്റു ജില്ലകളിലെ നടപടികൾ പുരോഗമിക്കുന്നു.

നൂറ്റാണ്ടുകൾ പിൻതുടർന്നുവന്ന റെക്കോർഡ് ഓഫ് റൈറ്റ്സിന്റെ ചട്ടക്കൂടിന് മാറ്റം വരുത്താൻ എടുത്ത സർക്കാരിന്റെ ചരിത്രപരമായ തീരുമാനം എടുത്തുപറയേണ്ടതാണ്. പരമ്പരാഗതമായി പിൻതുടർന്നുവന്ന വില്ലേജ് ഫോം. നമ്പർ 7/12-ന് പകരം റീസർവ്വേക്കുശേഷം ഫോം നമ്പർ 7 ഭൂഉടമയ്ക്ക് നൽകുന്നു. ഇതിൽ ഭൂമിയുടെ കൃത്യമായ അളവും സ്ഥാനവും രേഖപ്പെടുത്തിയ മാപ്പ് ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത റെക്കോർഡ് ഡിജിറ്റൈസ് ചെയ്തിട്ടുള്ളതിനാൽ മ്യൂട്ടേഷനുശേഷമുള്ള തിരുത്തലുകൾ വരുത്തുന്നതിനും റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുതലങ്ങളിൽ പരിശോധന നടത്തുന്നതിനും സാധിക്കുന്നു. റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന ഇ-ജമീൻ പദ്ധതിവഴി ഈ പ്രക്രിയ വളരെയെളുപ്പം ചെയ്യാൻ സാധിക്കുന്നു.

സമിതിയോഗം വൈകുന്നേരം 4.00 മണിക്ക് അവസാനിച്ചു.

അഹമ്മദാബാദ് ഗസ്റ്റ് ഹൗസിൽ നിന്നും വൈകുന്നേരം 4.50-ന് സമിതി റെയിൽവേ സ്റ്റേഷനിലെത്തിച്ചേരുകയും 6.45-ന് ട്രെയിൻമാർഗ്ഗം (ട്രെയിൻ നമ്പർ 12957 സ്വർണ്ണ ജെ രാജ്) ന്യൂഡൽഹിയിലേക്ക് യാത്രതിരിക്കുകയും ചെയ്തു.

5-12-2013-ന് രാവിലെ 7.30-ന് സമിതി ന്യൂഡൽഹിയിൽ എത്തിച്ചേർന്നു. അവിടെ നിന്നും താമസസൗകര്യം ഏർപ്പെടുത്തിയിരുന്ന കേരള ഹൗസിലേക്ക് യാത്രതിരിച്ചു.

## 5-12-2013-ന് ന്യൂഡൽഹിയിലെ കേരള ഹൗസിലെ സമിതി ചെയർമാന്റെ മുറിയിൽ ചേർന്ന സമിതിയോഗത്തിന്റെ നടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗം 5-12-2013-ന് രാവിലെ 11.30 മണിക്ക് കേരളാഹൗസിലെ സമിതി ചെയർമാന്റെ മുറിയിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ,, ബാബു എം. പാലിശ്ശേരി ,,
3. ,, സി. കെ. നാണു ,,
4. ,, എ. പ്രദീപ്കുമാർ, ,,
5. ,, വി. പി. സജീന്ദ്രൻ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, സെക്ഷൻ ഓഫീസർ.

<u>ഹാജരായ ഉദ്യോഗസ്ഥർ (കേരളം)</u>

ശ്രീ. എം. ജി. രാജമാണിക്കം, സർവ്വേ വകുപ്പ് ഡയറക്ടർ

ഹരിയാനയിലെ റവന്യൂ മന്ത്രിയുമായി ചേരാനിരുന്ന സമിതിയോഗം ചില സാങ്കേതിക കാരണങ്ങളാൽ നടക്കില്ലയെന്ന് ഹരിയാനയിൽ നിന്നും അറിയിച്ചതിനാൽ അവിടേക്കുള്ള സമിതിയുടെ സന്ദർശനം റദ്ദ് ചെയ്യുന്നതിനും പകരം ഹരിയാനയിലെ ഹിസാറിലുള്ള ഹർസാക് (HARSAC) എന്ന നോഡൽ ഔട്ട്സോഴ്സിംഗ് ഏജൻസി സന്ദർശിക്കുന്നതിനും തീരുമാനിച്ചു.

സന്ദർശനശേഷം കേരളത്തിൽ തിരികെ എത്തുന്ന സമിതി 11-12-2013-ന് തിരുവനന്തപുരത്ത് അവലോകനയോഗം ചേരുന്നതിന് തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് അവസാനിച്ചു.

6-12-2013-ന് രാവിലെ 7.00 മണിക്ക് സമിതി ഹരിയാനയിലെ ഹിസ്സാറിലേക്ക് റോഡ് മാർഗ്ഗം യാത്ര തിരിച്ചു.

## 6-12-2013-ന് ഹർസാക്ക് (HARSAC) കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗം 6-12-2013-ന് രാവിലെ 11.30-ന് ഹരിയാനയിലെ ഹിസ്സാറിലുള്ള ഹർസാക് കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. ബാബു എം. പാലിശ്ശേരി, എം.എൽ.എ.
2. ,, സി. കെ. നാണു ,,
3. ,, എ. പ്രദീപ്കുമാർ, ,,
4. ,, വി. പി. സജീന്ദ്രൻ, ,,
5. ,, വി. എസ്. സുനിൽ കുമാർ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, സെക്ഷൻ ഓഫീസർ.

ഹാജരായ ഉദ്യോഗസ്ഥർ (കേരളം)

ശ്രീ. എം. ജി. രാജമാണിക്കം, സർവ്വേ വകുപ്പ് ഡയറക്ടർ.

ഹാജരായ ഉദ്യോഗസ്ഥർ, (HARSAC) ഹരിയാന

1. ഡോ. ആർ. എസ്. ഹുദ, ചീഫ് സയന്റിസ്റ്റ്
2. ഡോ. സുൽത്താൻസിംഗ്, സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, എൻ.എൽ.ആർ.എം. പി., ഹർസാക്
3. ശ്രീ. രാംകുമാർ, അസിസ്റ്റന്റ് ഡയറക്ടർ
4. ശ്രീ. മഹകി സിംഗ്, റവന്യൂ എക്സ്പർട്ട്

ചീഫ് സയന്റിസ്റ്റ് ഹർസാക്കിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് യോഗത്തിൽ വിശദീകരിച്ചു.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റവന്യൂ റെക്കോർഡുകളും സർവ്വേയിലൂടെയും സാറ്റലൈറ്റ് ഡേറ്റാകളിലൂടെയും നവീകരിച്ച് ഡിജിറ്റൈസ് ചെയ്യുക എന്നതാണ് ഹർസാക്കിന്റെ ലക്ഷ്യമെന്നും ഇതിനായി സിർസ, അംബാല എന്നീ ജില്ലകളുടെ കഡാസ്ട്രൽ മാപ്പിംഗ് (മുസ്സവീസ്) ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

ഹരിയാന സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയായ HARSAC വഴിയാണ് സർവ്വേ രേഖകളുടെ ഡിജിറ്റൈസേഷൻ ഔട്ട്സോഴ്സ് ചെയ്യപ്പെട്ടിരിക്കുന്നത്. ജില്ലാ ആസ്ഥാനത്ത് ലഭ്യമായിട്ടുള്ള എല്ലാ ഭൂസർവ്വേ റെക്കോർഡുകളും GIS അടിസ്ഥാനപ്പെടുത്തി ഡിജിറ്റൈസ് ചെയ്യുകയും ഈ രേഖകളുമായി ബന്ധപ്പെട്ടുവരുന്ന വില്ലേജുകളിലെ വിവരങ്ങൾ സജ്റ മാപ്പിന്റെയും ലഭ്യമായ ഭൂറെക്കോർഡുകളുടെയും അടിസ്ഥാനത്തിൽ പുതുക്കുന്നു. ഇങ്ങനെ കാലാനുസൃതമായി പുതുക്കിയ മാപ്പുകളിൽ ഏറ്റവും പുതിയ സാങ്കേതികവിദ്യയായ ഡിഫറൻഷ്യൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ഡി.ജി.പി.എസ്.) മുഖേന ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ കണ്ടുപിടിച്ച് ഉറപ്പിക്കുന്നു. ഇതിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ ഡാറ്റ ബെയ്സ്ഡ് ഭൂറെക്കോർഡുകൾ നിർമ്മിക്കപ്പെടുകയും ഈ രീതിയിൽ ലഭിക്കുന്ന സാറ്റലൈറ്റ് രേഖകൾ ഉപയോഗിച്ചുകൊണ്ടുള്ള ഡിജിറ്റൈസ്ഡ് കഡാസ്ട്രൽ മാപ്പിൽ കമ്പ്യൂട്ടറൈസ് ചെയ്ത റെക്കോർഡ് ഓഫ് റൈറ്റ്സ് (ROR) കൂട്ടിയോജിപ്പിച്ച് തെറ്റായ ഭൂരേഖകളുടെ തിരുത്തലിന് ഉപയോഗിക്കുന്നു. ഇവ കൂടാതെ മറ്റ് സാമൂഹിക-സാമ്പത്തിക വിവരങ്ങൾ കൂടി കഡാസ്ട്രൽ മാപ്പിൽ കൂട്ടിച്ചേർക്കാറുണ്ട്. ഈ രീതിയിൽ ലഭിക്കുന്ന വിവരങ്ങൾ ലെവൽ പ്ലാനിംഗിനുള്ള ഒരു ഉപകരണമായി കരുതുന്നു. ഇതുവരെ റീസർവ്വേ നടന്നിട്ടില്ലാത്ത സ്ഥലങ്ങളുടെ സർവ്വേജോലികൾകൂടി ഈ പ്രോജക്ട് ഏറ്റെടുത്ത് നടത്തിവരുന്നു. വളരെയധികം മാറ്റങ്ങൾ വന്നിട്ടുള്ള മേഖലകളിലെ ലാന്റ് റെക്കോർഡുകൾ പുതുക്കുന്നതിനുള്ള സർവ്വേ ജോലികൾ, പഴയ റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ 12 വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണങ്ങളുടെ ഡിജിറ്റൈസേഷൻ, കാറ്റലോഗിങ്, ഇൻഡക്സിംഗ് എന്നിവ ഏറ്റെടുത്ത് നടത്തുന്നത് HARSAC ആണ്. കൂടാതെ ആധുനിക റെക്കോർഡ് റൂമുകളും ലാന്റ് റെക്കോർഡ് മാനേജ്മെന്റ് സെന്ററുകളും തഹസിൽ/താലൂക്ക്/ബ്ലോക്ക് തലങ്ങളിൽ ഭൂരേഖകളുടെ പുനഃപരിശോധനയ്ക്കായി സജ്ജീകരിക്കുകയും റവന്യൂ ഉദ്യോഗസ്ഥരുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ട്രെയിനിംഗ് നൽകിവരുകയും ചെയ്യുന്നു. റാം ടെക്, ഇൻഫോടെക്, പാൻ ഇൻഡ്യ, റോൾട്ടാ എന്നീ വിക്രേതാക്കളിലൂടെയാണ് HARSAC നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായുള്ള ജോലികൾ ചെയ്യുന്നത്.

സമിതിയോഗം ഉച്ചയ്ക്കുശേഷം 2.00 മണിക്ക് പിരിഞ്ഞു.

യോഗാനന്തരം സമിതി HARSAC-ലെ GIS ലബോറട്ടറി സന്ദർശിച്ചു. തുടർന്ന് സമിതി പട്ട്വാരി ട്രെയിനിംഗ് സെന്ററും സർവ്വേ ട്രെയിനിംഗ് സ്കൂളും സന്ദർശിച്ചു.

സന്ദർശനശേഷം സമിതി ന്യൂഡൽഹിയിലെ കേരളാ ഹൗസിലേക്ക് യാത്ര തിരിച്ചു. വൈകുന്നേരം 6.00 മണിക്ക് കേരളാഹൗസിൽ എത്തിച്ചേർന്നു.

## 7-12-2013-ന് കേരളാ ഹൗസിലെ സമിതി ചെയർമാന്റെ മുറിയിൽ ചേർന്ന സമിതിയോഗത്തിന്റെ നടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗം 7-12-2013-ന് രാവിലെ 8.00 മണിക്ക് ന്യൂഡൽഹിയിലെ കേരളാഹൗസിൽ സമിതി ചെയർമാന്റെ മുറിയിൽ ചേരുകയുണ്ടായി. സമിതി ചെയർമാൻ ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. പി. ബി. അബ്ദുൾ റസാക് എം.എൽ.എ.
2. ,, ബാബു എം. പാലിശ്ശേരി, ,,
3. ,, സി. കെ. നാണു, ,,
4. ,, എ. പ്രദീപ്കുമാർ, ,,
5. ,, വി. പി. സജീന്ദ്രൻ, ,,
6. ,, വി. എസ്. സുനിൽ കുമാർ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ആർ. എസ്. സന്തോഷ് കുമാർ, സെക്ഷൻ ഓഫീസർ.

<u>ഹാജരായ ഉദ്യോഗസ്ഥർ (കേരളം)</u>

ശ്രീ. എം. ജി. രാജമാണിക്കം, സർവ്വേ വകുപ്പ് ഡയറക്ടർ.

സമിതി സന്ദർശന പഠന പരിപാടിയെക്കുറിച്ച് വിലയിരുത്തുകയും പ്രസ്തുത സന്ദർശനം മുഖേന ലഭിച്ച വിവരങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. പ്രീമ്യൂട്ടേഷൻ സ്കെച്ച് പരിശോധിച്ച് അംഗീകരിച്ചതിനുശേഷം മാത്രം രജിസ്ട്രേഷൻ നടത്തുന്ന കർണ്ണാടകയിലെ രീതിയാണ് ഏറ്റവും മെച്ചപ്പെട്ടതെന്നും ഈ രീതി അവലംബിക്കുക യാണെങ്കിൽ ഒരു രീതിയിലുമുള്ള തർക്കങ്ങളും ഉടലെടുക്കില്ലയെന്നും സർവ്വേ വകുപ്പ് ഡയറക്ടർ സമിതിയിൽ അഭിപ്രായപ്പെട്ടു. സമിതിയുടെ പ്രസ്തുത സന്ദർശന പഠനപരിപാടി വളരെ വിജ്ഞാപനപ്രദമായിരുന്നെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതിയോഗം രാവിലെ 8.30-ന് പിരിഞ്ഞു.

---